കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2021 ഡിസംബർ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
# പ്രസിദ്ധീകരിച്ച
# പുതിയ പുസ്തകങ്ങൾ



**പൂച്ചക്കുട്ടികളുടെ വീട്**
(കഥ)
**ടി പത്മനാഭൻ**
വില ₹60



**കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്** (വൈജ്ഞാനികം)
**ഡോ. ബി ഇക്ബാൽ**
വില ₹210.00



**സ്റ്റീഫൻ ഹോക്കിങ്**
(ശാസ്ത്രം)
**ഡോ. ജോർജ്ജ് വർഗീസ്**
വില ₹100.00



**ഉണ്ടക്കണ്ണന്റെ കാഴ്ചകൾ**
(കഥകൾ)
**കെ വി മോഹൻകുമാർ**
വില ₹90



**മെഴുകുകൊട്ടാരം**
(വൈജ്ഞാനികം)
**ഡോ. പി ബാലശങ്കർ മന്നത്ത്**
വില ₹70



**ഞാൻ സഹ്യപുത്രൻ**
(നോവൽ)
**ഡോ. ഷീജാകുമാരി കൊടുവഴന്നൂർ**
വില ₹120.00



**രസികൻപാട്ടുകൾ**
(കവിത)
**മുത്തലപുരം മോഹൻദാസ്**
വില ₹130



**ഞാറുനട്ടകഥ**
(വൈജ്ഞാനികം)
**പി കെ സുധി**
വില ₹120



**രാവണായനം**
(പുനരാഖ്യാനം)
**പ്രൊഫ. പി രാമചന്ദ്രമേനോൻ**
വില ₹190.00



**നൂറ്റാണ്ടിന്റെ വിസ്മയം**
(ജീവചരിത്രം)
**കെ എ ഫ്രാൻസിസ്**
വില ₹90



**അൽഗോരിതങ്ങളുടെ നാട്** (നോവൽ)
**ഉണ്ണി അമ്മയമ്പലം**
വില ₹100.00



**ഇംഗ്ലീഷ് മീഡിയം കാക്കകൾ**
(കഥ)
**കെ എസ് മിനി**
വില ₹170

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്,
തിരുവനന്തപുരം 34, ഫോൺ 0471-233 3790, e-mail : director@ksicl.org
താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക്
റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക. 8547971483
A/c No: 67178297569. IFSC : SBIN0000941

# തളിര്


പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

ഡിസംബർ 2021
വില ₹20
വാർഷികവരിസംഖ്യ ₹200


## ഉള്ളടക്കം

## അമ്മ - ദീപ്തമായ ഓർമ 06

**ലക്ഷ്മീദേവി**



''എഴുത്തിലൂടെയോ നേരിട്ടോ അമ്മയെ അറിഞ്ഞിരുന്ന നിങ്ങൾ കുട്ടികൾ സ്വന്തം കൈയാൽ ഒരു മരത്തെ നട്ടാൽ, പട്ടിണികിടക്കുന്ന ഒരു മൃഗത്തിനോ പക്ഷിക്കോ ഭക്ഷണം കൊടുത്താൽ, കഷ്ടപ്പെടുന്ന ഒരു സഹജീവിയെ സഹായിച്ചാൽ സുഗതകുമാരിയുടെ ജീവിതം സഫലമായി എന്ന് ഞാൻ കരുതും.'' അമ്മയെക്കുറിച്ചുള്ള ദീപ്തമായ ഓർമയിൽ മകൾ ലക്ഷ്മീദേവി എഴുതുന്നു.

## കടലിലെ മഴക്കാടുകൾ 32

**വി യു രാധാകൃഷ്ണൻ**



കൂട്ടുകാർ പവിഴപ്പുറ്റുകൾ എന്ന് കേട്ടിട്ടില്ലേ? എന്താണ് ഈ പവിഴപ്പുറ്റുകൾ? എങ്ങനെയാണ് ഇവ ഉണ്ടാകുന്നത്? കടലിൽ ഇവയ്ക്കുള്ള പ്രാധാന്യമെന്താണ്... എല്ലാം വിശദമായി പറയുന്നുണ്ട് ഈ ലേഖനത്തിൽ.

## ലൈക്കൻ 44

**ഡോ. ടി വി സജീവ്**

വിവിധ തരത്തിലുള്ള പായലുകളും കൂണുകളുമൊക്കെ കൂട്ടുകാർ കണ്ടിട്ടില്ലേ? എന്നാൽ ലൈക്കനുകളെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? ലൈക്കനെന്ന ജൈവമാപിനിയുടെ സാധ്യത അത് ഒരു പ്രദേശത്തെ അന്തരീക്ഷമലിനീകരണത്തിന്റെ ചരിത്രം തന്റെ ശരീരത്തിൽ സൂക്ഷിക്കുന്നു എന്നുള്ളതാണ്.




**ആനക്കാര്യം**.......05
എൻ ടി രാജീവ്
**ഉണ്ണിയേശു**.......07
വയലാർ ഗോപാലകൃഷ്ണൻ
**ഒരു കഴുതയുടെ കഥ**.......08
പുനരാവിഷ്കാരം: സുഗതകുമാരി
**കവിതാപരിചയം**.......11
സുഗതകുമാരി
**അലീനക്രിസ്മസ്**.......12
പ്രിയ എ എസ്
**കടപയാദി**.......17
പള്ളിയറ ശ്രീധരൻ
**അക്ഷരപ്പെയ്ത്ത്**.......18
രേഖ ആർ താങ്കൾ
**സൗഹൃദം**.......19
ഡോ. ആർ ശ്രീലതാവർമ്മ
**കുഞ്ഞുമരവും ക്രിസ്മസ് അപ്പൂപ്പനും**.......20
ഉണ്ണി അമ്മയമ്പലം
**കൂട്**.......23
ഡോ. ഗീത കാവാലം
**കാപ്പിരിയുടെ ചിരി**.......24
കാപ്പിൽ ഗോപിനാഥൻ
**കരി തിന്നുന്നവർ**.......28
പി കെ സുധി
**മാത്സ്, മാംഗോ ട്രീ**.......30
ജോസ് പ്രസാദ്
**ഒന്നാനാം കുന്നിന്റെ ഓരത്ത്**.......37
മുഹമ്മ ശശിധരപ്പണിക്കർ
**ചിഞ്ചുമോന്റെ സന്തോഷങ്ങൾ**.......38
കണിയാപുരം നാസറുദ്ദീൻ
**ദിവ്യരാത്രി**.......39
ശ്രീകല ചിങ്ങോലി
**അവിവേകിയുടെ അറിവ്**.......40
പ്രീതി എസ്
**വീട്**.......41
ചന്തിരൂർ താഹ
**മണ്ണാങ്കട്ടക്കും കരിയിലക്കും സംഭവിച്ചത്**.......42
രാവുണ്ണി
**കുഞ്ഞാറ്റക്കിളി**.......47
സുനി എസ് വാര്യർ
**ആനച്ചേട്ടന്റെ വിധി**.......48
തമ്പാൻ തായിനേരി



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**എൻ ജി സുരേഷ്കുമാർ**
**പുല്ലങ്ങടി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org, director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

എഡിറ്റോറിയൽ




ഡിസംബർ... ബെത്‌ലഹേമിലെ പുൽക്കൂട്ടിൽ ഉണ്ണിയേശു പിറന്ന മാസം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം പകർന്ന് വീണ്ടുമൊരു ക്രിസ്മസ് കൂടി വന്നെത്തിയിരിക്കുന്നു. എല്ലാവരും ക്രിസ്മസിനെ വരവേൽക്കാൻ ഒരുങ്ങിക്കഴിഞ്ഞു.

ക്രിസ്മസ് ആയാൽ നമ്മുടെ മനസ്സിലേക്ക് ഓടിവരുന്നത് പുൽക്കൂടും ക്രിസ്മസ് മരവും മഞ്ഞുമൂടിയ രാത്രിയിൽ ചുവന്ന കുപ്പായമണിഞ്ഞ് കൈനിറയെ സമ്മാനങ്ങളുമായി വരുന്ന സാന്റാക്ലോസ് അപ്പൂപ്പനുമൊക്കെയാണ്... എങ്ങും നക്ഷത്രദീപങ്ങളുടെ മിന്നുന്ന ശോഭ... നാവിൽ ക്രിസ്മസ് കേക്കിന്റെ മധുരം... മാലാഖമാർ പാടുന്ന കരോൾ ഗാനങ്ങൾ... എല്ലാംകൂടി ക്രിസ്മസ് ഒരു വേറിട്ട അനുഭവമാണ്.

ക്രിസ്മസിന്റെ ആഹ്ലാദം മനസ്സിൽ നിറയുമ്പോഴും തളിരിന് ഡിസംബർ മാസം അല്പം വേദന നിറഞ്ഞ ഒരു മാസമാണ്. തളിരിന്റെ തുടക്കക്കാരിയും വഴികാട്ടിയുമൊക്കെയായ സുഗതകുമാരി ടീച്ചർ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഡിസംബർ 23ന് ഒരു വർഷമാകുന്നു. എല്ലാ അർഥത്തിലും ടീച്ചർ തളിരിന്റെ മാർഗദീപമായിരുന്നു. ആ വെളിച്ചം ഇല്ലാതായിട്ട് ഒരു വർഷം പിന്നിടുമ്പോൾ ടീച്ചർ പകർന്ന പ്രകാശത്തിന്റെ ചുവടുപിടിച്ചാണ് ഈ കാലമത്രയും തളിര് യാത്ര തുടർന്നത്. ടീച്ചർ തന്ന ധൈര്യവും ഊർജവുമാണ് എന്നും തളിരിന്റെ കരുത്ത്. കുട്ടികളെ ഏറെ സ്നേഹിച്ച ടീച്ചർ അവർക്കായി ഒരുപാട് നല്ല

കാര്യങ്ങൾ തളിരിലൂടെ എഴുതി. നല്ലവരായി വളർന്ന് നാടിന് അഭിമാനമാകേണ്ടവരാണ് പുതുതലമുറയിലെ കുഞ്ഞുങ്ങൾ എന്ന് ടീച്ചർ എന്നും ഓർമിപ്പിച്ചുകൊണ്ടേയിരുന്നു. ഇനിയും നമ്മുടെ പാതയിൽ കരുതലിന്റെയും സ്നേഹത്തിന്റെയും പ്രകാശനാളമായി നമ്മെ നയിക്കാൻ അദൃശ്യമെങ്കിലും ടീച്ചർ ഉണ്ടാകും... ടീച്ചറിന് തളിരിന്റെ ഒരായിരം ഓർമപ്പൂക്കൾ.

സ്കൂളിൽ പോയി കൂട്ടുകാരെയൊക്കെ കണ്ട സന്തോഷത്തിൽ ആയിരിക്കുമല്ലേ എല്ലാവരും... വീണ്ടും എല്ലാം പഴയതുപോലെ ആകാൻ തുടങ്ങുന്നു. ഒരുമയുടെയും സ്നേഹത്തിന്റെയും നാളുകൾ ഇനി വിദൂരമല്ല എന്ന് നമുക്ക് പ്രത്യാശിക്കാം. ഈ ക്രിസ്മസ് എല്ലാവർക്കും ശാന്തിയുടെയും സമാധാനത്തിന്റെയും നല്ലനാളുകൾ സമ്മാനിക്കട്ടെ... തളിരിന്റെ എല്ലാ വായനക്കാർക്കും സ്നേഹം നിറഞ്ഞ ക്രിസ്മസ് ആശംസകൾ...

സ്നേഹത്തോടെ,
**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**കുട്ടികളെ ഏറെ സ്നേഹിച്ച ടീച്ചർ അവർക്കായി ഒരുപാട് നല്ലകാര്യങ്ങൾ തളിരിലൂടെ എഴുതി. നല്ലവരായി വളർന്ന് നാടിന് അഭിമാനമാകേണ്ടവരാണ് പുതുതലമുറയിലെ കുഞ്ഞുങ്ങൾ എന്ന് ടീച്ചർ എന്നും ഓർമിപ്പിച്ചുകൊണ്ടേയിരുന്നു. ഇനിയും നമ്മുടെ പാതയിൽ കരുതലിന്റെയും സ്നേഹത്തിന്റെയും പ്രകാശനാളമായി നമ്മെ നയിക്കാൻ അദൃശ്യമെങ്കിലും ടീച്ചർ ഉണ്ടാകും... ടീച്ചറിന് തളിരിന്റെ ഒരായിരം ഓർമപ്പൂക്കൾ...**



# അമ്മ - ദീപ്തമായ ഓർമ

**ലക്ഷ്മീദേവി**

സുഗതകുമാരി, എന്റെ അമ്മ 'തണുത്ത പൂന്തണൽ വീശിപ്പടർന്ന് ചൂഴ്ന്നു' നിന്നിരുന്ന ഒരു മഹാവൃക്ഷമായിരുന്നു. ഞാനാകട്ടെ അതിന്റെ ചുവട്ടിൽ വളർന്നുവന്ന ഒരു പുൽക്കൊടിയും. മഹാമാരി ആ വടവൃക്ഷത്തെ കടപുഴക്കിയപ്പോൾ എന്റെ തലയ്ക്കു മുകളിലെ തണലും സംരക്ഷണവുമാണ് നഷ്ടപ്പെട്ടത്.



അമ്മയെപ്പറ്റി ഞാനെന്താണ് നിങ്ങൾ കുട്ടികളോടു പറയേണ്ടത്? കവി, പരിസ്ഥിതി പ്രവർത്തക, സാമൂഹ്യസേവനതത്പര എന്നിവയ്ക്കപ്പുറം സൂര്യനു താഴെയുള്ള എല്ലാം അമ്മയെ ആകർഷിച്ചിരുന്നു. ഏതു വിഷയത്തെക്കുറിച്ചും നമുക്ക് അമ്മയോടു ചർച്ചചെയ്യാം. സാഹിത്യമായിരുന്നു കൂടുതലിഷ്ടം. പ്രമുഖ സാഹിത്യകാരന്മാരുടെ ഉദ്ധരണികൾ, അത് ഗദ്യമായാലും പദ്യമായാലും ഇടയ്ക്കിടെ സംസാരത്തിൽ കടന്നുവരും.

എടുത്തുപറയേണ്ട മറ്റൊരു ഗുണം ഫലിതബോധമായിരുന്നു. വിഷാദകവിതകൾ രചിച്ചിരുന്ന അമ്മയ്ക്ക് പൊട്ടിച്ചിരിക്കാൻ വൈക്കം മുഹമ്മദ് ബഷീർ, സഞ്ജയൻ, വി കെ എൻ, എം പി നാരായണപിള്ള തുടങ്ങിയവരുടെ കൃതികൾ എന്നും തുണനിന്നു.

അമ്മയുള്ളപ്പോൾ വീട്ടിൽ ആളൊഴിഞ്ഞ നേരമില്ലായിരുന്നു. മന്ത്രിമാർ മുതൽ ഒരു നേരത്തെ ഭക്ഷണം ചോദിച്ചു വരുന്നവർ വരെ. മറ്റുള്ളവരുടെ ദുഃഖങ്ങളും പ്രശ്നങ്ങളും സ്വയം ഏറ്റെടുക്കാനും എല്ലാവരെയും കഴിയുന്ന വിധത്തിൽ സഹായിക്കാനും അമ്മ അങ്ങേയറ്റം ശ്രദ്ധിച്ചിരുന്നു. അതിഥികൾക്ക് ചായയോ പലഹാരമോ ഊണോ സമയമനുസരിച്ച് കൊടുക്കാനുള്ള സ്ത്രീസഹജമായ വ്യഗ്രതയും ഉണ്ടായിരുന്നു.

അമ്മയെ മിക്കവാറും കാണാറുള്ളത് കൈയിൽ ഒരു പുസ്തകവുമായിട്ടാണ്. വായന- അത് ഏതു വിഷയമായാലും അമ്മയെ എന്നും ആകർഷിച്ചിരുന്ന ഒന്നാണ്. ക്ലാസിക്കുകൾ തൊട്ട് പത്രമാസികകൾ വരെ അതിൽപ്പെടും. ദിവസവും ഒരു വലിയകെട്ട് എഴുത്തുകളും പത്രമാസികകളുമായാണ് പോസ്റ്റ്മാൻ വീട്ടിൽ വരുന്നത്. കൂടാതെ കേരളത്തിന്റെ അങ്ങോളമിങ്ങോളം നിന്നുള്ള ഫോൺവിളികളും. പരിസ്ഥിതി പ്രശ്നങ്ങൾ, സ്ത്രീകളുടെ ആവലാതികൾ, മനോരോഗികളുടെ സഹായാഭ്യർഥനകൾ തുടങ്ങി വെളുപ്പാൻകാലം മുതൽ രാത്രി ഏറെ വൈകും വരെ ഫോൺകോളുകൾ നീളും.

അവസാനത്തെ ഒരുവർഷം അമ്മ ആരോഗ്യകാരണത്താൽ അധികം പുറത്തിറങ്ങിയിരുന്നില്ല. ഇല്ലെങ്കിൽ എട്ടും പത്തും സമ്മേളനങ്ങൾക്കു പോയ ദിവസങ്ങളുമുണ്ട്. കുറച്ചു വർഷങ്ങൾക്കു മുമ്പു വരെ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ പലതരം മീറ്റിങ്ങുകൾക്കായി ഓടിനടക്കുകയായിരുന്നു. കൂടുതലും കാർയാത്രകൾ. അവ എത്ര നീണ്ടതായാലും അമ്മയെ മടുപ്പിച്ചിരുന്നില്ല. മാത്രമല്ല, സാധാരണയിലും വേഗത്തിൽ പോകാനാണ് അമ്മ എന്നും ഇഷ്ടപ്പെട്ടിരുന്നത്. സാഹിത്യസമ്മേളനങ്ങൾക്കും മറ്റുമായി അമ്മ പോകാത്ത വിദേശരാജ്യങ്ങൾ ചുരുക്കം. അമ്മയെ ഒരു വീട്ടമ്മയെന്നല്ല, നാട്ടമ്മ എന്നു വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം.

ഒരു രാഷ്ട്രീയപ്പാർട്ടിയുടെയും അംഗമല്ലാതിരുന്നിട്ടും എല്ലാ പാർട്ടികൾക്കും അമ്മ സ്വീകാര്യയായിരുന്നു. അയ്യങ്കാളി ഹാളിൽ അമ്മയ്ക്ക് ആദരാഞ്ജലി അർപ്പിക്കാൻ വന്നവരിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രമുഖ നേതാ

# ഉണ്ണിയേശു

**വയലാർ ഗോപാലകൃഷ്ണൻ**

ഉണ്ണിയേശുവിന്നുമ്മകൾ നൽകാൻ
വിണ്ണിൽനിന്ന് മാലാഖമാർ വന്നു.
വെണ്മതിയുമുഡുക്കളും ബത്‌ലഹേം
കുഞ്ഞിനോശാനപാടിയണഞ്ഞു.
പുൽക്കുടിലിലെ പുൽമെത്തയിൽക്കനൽ-
ക്കട്ടപോലെ കിടക്കുന്നൊരുണ്ണിയെ
തൊട്ടുവന്ദിച്ച മാലാഖമാരവർ
അത്യാമോദം സ്തുതിചൊല്ലിനിന്നു
അപ്പൊഴാകാശദേശത്തുദിച്ചു
വിശ്വസ്നേഹത്തിന്നഗ്നിനക്ഷത്രം.



വര: സുധീർ പി വൈ

ക്കളും പ്രവർത്തകരും ഉണ്ടായിരുന്നു. ആറന്മുള വിമാനത്താവളത്തിനെതിരായ സമരത്തിൽ ഇടതുപക്ഷത്തിനെയും വലതുപക്ഷത്തിനെയും ഭാരതീയ ജനതാ പാർട്ടിയെയും ഒരുമിച്ചു പങ്കെടുപ്പിക്കാൻ പ്രാപ്തയാക്കിയതും അമ്മയുടെ ഈ സ്വീകാര്യതയായിരുന്നു.

കുട്ടികളെ അമ്മയ്ക്ക് എന്നും ഇഷ്ടമായിരുന്നു. തളിര് മാസിക ആദ്യമായി പ്രസിദ്ധീകരിച്ചതുമുതൽ മരണംവരെ അമ്മ അതിന്റെ പത്രാധിപത്യം വഹിച്ചു. അതിലൂടെ കുട്ടികളോടു സംവദിക്കുന്നത് അമ്മയെ ഏറെ സന്തോഷിപ്പിച്ചിരുന്നു. കുട്ടികൾക്കുവേണ്ടി മഹാഭാരതം പുനരാഖ്യാനം ചെയ്യുകയും അനേകം ബാലകവിതകൾ രചിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, കുഞ്ഞുങ്ങൾ അറിഞ്ഞുവളരേണ്ട മൂല്യബോധവും സാഹിത്യാഭിരുചിയും ലോകപരിചയവും അവരിൽ നിറയ്ക്കുവാൻ എന്നും പ്രയത്നിച്ചിട്ടുമുണ്ട്.

എഴുത്തിലൂടെയോ നേരിട്ടോ അമ്മയെ അറിഞ്ഞിരുന്ന നിങ്ങൾ കുട്ടികൾ സ്വന്തം കൈയാൽ ഒരു മരത്തെ നട്ടാൽ, പട്ടിണികിടക്കുന്ന ഒരു മൃഗത്തിനോ പക്ഷിക്കോ ഭക്ഷണം കൊടുത്താൽ, കഷ്ടപ്പെടുന്ന ഒരു സഹജീവിയെ സഹായിച്ചാൽ സുഗതകുമാരിയുടെ ജീവിതം സഫലമായി എന്ന് ഞാൻ കരുതും. അമ്മയുടെ അനുഗ്രഹം നിങ്ങൾക്ക് എന്നും ഉണ്ടാകട്ടെ.

# ഒരു കഴുതയുടെ കഥ

പുനരാവിഷ്കാരം: **സുഗതകുമാരി**

*(മനോഹരമായ ഒരു പഴയ കഥയുടെ സ്വതന്ത്രാവിഷ്കാരമാണിത്. വാൾട്ട് ഡിസ്നി ഇതൊരു സിനിമയാക്കിയിട്ടുണ്ട്.)*

വിറകുവെട്ടുകാരന്റെ മകന്റെ വിളിപ്പേര് യാക്കോ എന്നായിരുന്നു. അവന്റെ ശരിയായ പേര് യാക്കോബ്. അന്നു സന്ധ്യമുതൽ അവൻ മുഖംവാടി കണ്ണുനിറഞ്ഞ് തന്റെ കൂനൻകഴുതയുടെ അടുത്തുതന്നെയിരിപ്പാണ്. ഇടയ്ക്കിടെ അവനെ തലോടും, കഴുത്തിൽ കെട്ടിപ്പിടിക്കും. കഴുത സ്നേഹത്തോടെ അവന്റെ കൈയിൽ നക്കുകയും വർത്തമാനം പറയുന്നതുപോലെ പതുക്കെ ചിലയ്ക്കുകയും ചെയ്യും. യാക്കോ കഴുതയോടു പറഞ്ഞു: ‘‘ജോബീ, പൊന്നനിയാ, നിന്നെ നാളെ വിൽക്കാൻ പോവുകയാണ്. വലിയ കഴുത ചത്തുപോയപ്പോൾ അച്ഛന് വിറകു കൊണ്ടുവരാൻ വയ്യാതായി. നിന്നെക്കൊണ്ട് ചെറിയ ചുമടെടുക്കാനല്ലേ കഴിയൂ. നിനക്കു തീറ്റി തരാനൊക്കൂല്ല. നാളെ പട്ടണത്തിൽ കൊണ്ടുപോയി വിൽക്കാനാണ് അച്ഛന്റെ ആജ്ഞ. കൂട്ടുകാരാ, നീയെന്നോടു പൊറുക്കണേ,’’ കുട്ടി കരഞ്ഞുതുടങ്ങി. എല്ലാം മനസ്സിലായ മട്ടിൽ കഴുത തല കുലുക്കിയിട്ട് തന്റെ കൊച്ചുയജമാനന്റെ തോളിൽ തല ചായ്ച്ചു.



വര: അരുണ ആലഞ്ചേരി

ജോബി ഒരു കൂനൻ കഴുതയാണ്. വലിപ്പവും കരുത്തും കുറവ്. എങ്കിലും ബുദ്ധിയും സ്നേഹവും ഒരുപാട്. അവൻ യാക്കോയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

നേരം പുലർന്നു. അച്ഛൻ വിളിച്ചു: ‘‘യാക്കോ, വേഗം വല്ലതും കഴിച്ചിട്ട് പട്ടണത്തിലേക്ക് പോകൂ. ചന്ത കൂടുമ്പോഴേക്ക് നീ കൂനനെയും കൊണ്ട് എത്തണം. വിലപേശി വേണം വിൽക്കാൻ. രണ്ടു താലന്തിൽ കുറഞ്ഞ് വിറ്റുകളയരുത്.’’

മടിച്ചുനിൽക്കുന്ന മകനെ നോക്കി അച്ഛൻ ശാസിച്ചു... ‘‘എന്താടാ, വേഗം പോയി വിറ്റിട്ടു വാ, ഒരു കാര്യം... കഴുതയെ

വിൽക്കാതെ നീ ഇങ്ങോട്ടു മടങ്ങിവരണ്ട.''

ജോബിയെ തുടച്ചു വൃത്തിയാക്കി നിറയെ തീറ്റിയും കൊടുത്ത് യാക്കോബ് അവനെയും കൊണ്ട് ചന്തയിലേക്കു തിരിച്ചു. ആ പന്ത്രണ്ടുകാരന് കണ്ണീരടക്കാനാവുന്നില്ല. എങ്കിലും ആരെങ്കിലും കണ്ടാൽ മോശമല്ലേ? അവൻ തലകുനിച്ചു നടക്കുകയാണ്.

ഉച്ചയോടെയാണ് ഇരുവരും പട്ടണത്തിലെത്തിയത്. യാക്കോ കഴുതയോടു പറഞ്ഞു: ''ജോബീ, വിശക്കുന്നില്ലേ? നമുക്ക് വല്ലതും കഴിക്കാം.'' അവൻ കൈയിൽ കരുതിയിരുന്ന അപ്പപ്പൊതി തുറന്ന് കുറച്ചു ജോബിക്കും കൊടുത്തു. അതു മതിയാകാത്ത കഴുത കുറച്ചപ്പുറത്തു കണ്ട മൈതാനത്തിലേക്കു പോയി പുല്ലുതിന്നാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ യാക്കോ വിളിച്ചു: ''വാ അനിയാ, നമുക്കു ചന്തയിലേക്കു പോകണം.''

ചന്തയിൽ ഭയങ്കര ബഹളം. നിറയെ കന്നുകാലികൾ, ആളുകൾ. വിലപേശലും വിൽക്കലും വാങ്ങലും തകൃതിയായി നടക്കുന്നു. യാക്കോ അക്കൂട്ടത്തിൽ കൂടി വിളിച്ചുപറയാൻ തുടങ്ങി. ''നോക്കുവിൻ! ഒന്നാംതരം കഴുത! രണ്ടു താലന്ത്! രണ്ടു താലന്ത്!'' പലരും അതുകേട്ടു തിരിഞ്ഞുനിന്നു. അടുക്കൽ വന്ന് കഴുതയെക്കണ്ട അവർ ചിരിച്ചു. ''കൂനൻ കഴുത! ഛെ! ഇതിനെ ചുമ്മാ തന്നാലും വേണ്ട.'' വിളിച്ചു വിളിച്ചു തളർന്ന യാക്കോ ഒരു മൂലയിൽ ചെന്നിരിപ്പായി. ചന്തയിൽ നല്ല നല്ല കുതിരകളും കഴുതകളും ആടുകളുമെല്ലാം അന്തസ്സിൽ നിൽക്കുകയാണ്. അവരും തന്റെ കഴുതയെ നോക്കി പുച്ഛത്തിൽ ചിരിക്കുന്നുണ്ടോ? യാക്കോയ്ക്കു സങ്കടം വന്നു. അവൻ പറഞ്ഞു: ''ജോബീ, നമ്മളെ ആർക്കും വേണ്ട മോനേ.'' നേരം വൈകുന്നു. തിരിച്ചു വീട്ടിൽ ചെന്നാൽ അച്ഛനു കോപം വരും. കുട്ടി കഴുതയുമൊത്ത് വീണ്ടും ചന്തയ്ക്കകത്തേക്കു ചെന്നു. ഫലമില്ല. ആർക്കും വേണ്ട അവന്റെ ജോബിയെ. ഒരു താലന്തുപോലും ആരും പറയുന്നില്ല. ''കൊണ്ടുപോടാ നിന്റെ ലക്ഷണംകെട്ട ജന്തുവിനെ!'' കച്ചവടക്കാർ ആട്ടിയോടിച്ചപ്പോൾ യാക്കോ ദേഷ്യപ്പെട്ടു തിരിഞ്ഞുനിന്നു. ആരോ ഒരു കല്ലെടുത്ത് അവന്റെ കഴുതയെ എറിഞ്ഞു. ''ആരെടാ എറിഞ്ഞത്?'' യാക്കോ ഓടിച്ചെന്ന് കല്ലെറിഞ്ഞ ചെറുക്കനെ പിടികൂടി. അടിയും പിടിയും വലിയുമായപ്പോൾ ചന്തയിലെ മുതിർന്നവർ ഇടപെട്ട് അവരെയെല്ലാം ഓടിച്ചുവിട്ടു.

യാക്കോയും കൂനൻ കഴുതയും വീണ്ടും നടന്നുതുടങ്ങി. അങ്ങനെ കുറേ പോയപ്പോൾ 'മൃഗങ്ങളെ ആവശ്യമുണ്ട്' എന്നെഴുതിവെച്ചിരിക്കുന്ന ഒരു ബോർഡു കണ്ട് ഉള്ളിലേക്ക് കടന്നുചെന്നു. അവിടെ ക്രൂരമുഖമുള്ള ഒരു മനുഷ്യൻ ഒരു വലിയ കത്തി തേയ്ച്ചു മൂർച്ചകൂട്ടിക്കൊണ്ട് ഇരിക്കുന്നു.

''എന്റെ കഴുതയെ നിങ്ങൾക്കു വേണോ?'' യാക്കോ ചോദിച്ചു. ''രണ്ടു താലന്തു വില.'' ''ങാ വേണം വേണം.'' അയാൾ എഴുന്നേറ്റു വന്ന് കഴുതയെ ഒന്നു തട്ടിത്തടവിനോക്കി. പേടികൊണ്ട് അവന്റെ രോമങ്ങൾ എഴുന്നുനിന്നു. അവൻ പിന്നോട്ടു വലിയുന്നു. പതുക്കെ കരയുന്നു. അപ്പോഴാണ് യാക്കോ കണ്ടത്. ചുവരുകൾ നിറയെ മൃഗത്തോലുകൾ തൂക്കിയിട്ടിരിക്കുന്നു. ഹാ! ഇയാൾ തോൽക്കച്ചവടക്കാരനാണ്. കൊല്ലാനാണ് ജോബിയെ ചോദിച്ചത്. വേണ്ട വേണ്ട... ജോബി പെട്ടെന്നു പുറത്തിറങ്ങി. ''നിൽക്ക് രണ്ടു താലന്തു പറഞ്ഞിട്ട് നീ ഉറപ്പിച്ചതല്ലേ! നിൽക്കവിടെ...'' അയാൾ വിളിച്ചുപറഞ്ഞു. ജോബി കുതിച്ചോടാൻ തുടങ്ങി. യാക്കോ പിന്നാലെയും. കത്തിയും ഉയർത്തിക്കൊണ്ട് അയാൾ പിന്നാലെയോടി. എന്നാൽ അയാൾക്കുണ്ടോ അവരോടൊപ്പമെത്താൻ ഒക്കുന്നു!

ഓടിയോടി കുറേ ദൂരെയെത്തിയപ്പോൾ യാക്കോ നിന്നുപോയി. ജോബി ഓട്ടം നിർത്തുന്നില്ല. ''പേടിക്കേണ്ടാ, വാ ജോബീ'' എന്നു കുട്ടി വിളിച്ചപ്പോൾ കഴുത തിരിച്ചു വന്ന് അവനെ ഉരുമ്മിക്കൊണ്ടു നിൽപ്പായി. ''നമ്മളിനി എന്തു ചെയ്യും അനിയാ?'' യാക്കോ തളർന്ന് ഒരു മതിലിനരികിൽ ചെന്നിരുന്നു. രാത്രിയാകുന്നു. വിട്ടിലെത്താതെ എങ്ങനെ? താൻ മനഃപൂർവം ജോബിയെ വിൽക്കാതെ വന്നെന്നല്ലേ അച്ഛൻ കരുതുകയുള്ളൂ. ആ ശുണ്ഠിയോർത്തപ്പോൾ കുട്ടിക്കു കരച്ചിൽ വന്നു. ജോബി മിണ്ടാതെ അവന്റെയരികിൽ വന്നു കിടപ്പായി.

കുറെനേരം കഴിഞ്ഞുകാണും. ഒന്നു മയങ്ങിപ്പോയപോലെ. ആരോ തോളിൽ തട്ടി വിളിക്കുന്നു. യാക്കോ കണ്ണുതിരുമ്മി നോക്കിയപ്പോൾ ഇരുളിൽ ദീർഘകായനായ ഒരാൾ നിൽക്കുന്നുണ്ട്. വലിയ കുപ്പായം. കൈയിൽ നീണ്ട ഊന്നുവടി. ശാന്തമായ സ്വരത്തിൽ ആ മനുഷ്യൻ

ചന്തയിൽ ഭയങ്കര ബഹളം. നിറയെ കന്നുകാലികൾ, ആളുകൾ. വിലപേശലും വിൽക്കലും വാങ്ങലും തകൃതിയായി നടക്കുന്നു. യാക്കോ അക്കൂട്ടത്തിൽ കൂടി വിളിച്ചുപറയാൻ തുടങ്ങി. "നോക്കുവിൻ! ഒന്നാംതരം കഴുത! രണ്ടു താലന്ത്! രണ്ടു താലന്ത്!" പലരും അതുകേട്ടു തിരിഞ്ഞുനിന്നു. അടുക്കൽ വന്ന് കഴുതയെക്കണ്ട അവർ ചിരിച്ചു. "കൂനൻ കഴുത! ഛെ! ഇതിനെ ചുമ്മാ തന്നാലും വേണ്ട."





ചോദിച്ചു, ''കുട്ടി ഈ കഴുതയെ വിൽക്കുമോ?'' യാക്കോ അത്ഭുതത്തോടെ അദ്ദേഹത്തെ നോക്കി. ''വിൽക്കാം യജമാനനേ, രണ്ടു താലന്തു വില തന്നാൽ.''

''ശരി.'' അദ്ദേഹം കൈ നീട്ടി. ജോബി ചാടിയെഴുന്നേറ്റ് ആ അപരിചിതന്റെ അരികിലേക്കു നീങ്ങി ചേർന്നു നിലയായി. യാക്കോ ആ നിൽപ്പുനോക്കി അത്ഭുതപ്പെട്ടു. ഇന്നോളമുണ്ടായിട്ടില്ലാത്തൊരു കാര്യം! അദ്ദേഹം പറഞ്ഞു: ''കുട്ടീ, ഇവനെ ഞാൻ നോക്കിക്കൊള്ളാം. ഇതാ ഇവന്റെ വില .'' രണ്ടു താലന്തുകൾ കൈനീട്ടി വാങ്ങിയപ്പോൾ യാക്കോയുടെ മനസ്സിൽ തന്റെ കൂട്ടുകാരനെ പിരിയുന്ന സങ്കടത്തെക്കാളധികം ആശ്വാസമായിരുന്നു. നല്ല ഒരു മനുഷ്യനാണ് അവനെ കൊണ്ടുപോകുന്നത്. അവനെ വിഷമിപ്പിക്കുകയില്ല. തീർച്ച. അപരിചിതൻ കഴുതയെ തലോടിക്കൊണ്ടു ചോദിച്ചു, ''എന്താ ഇവന്റെ പേര്?'' ''ജോബി.''

**പേരുകേട്ടപ്പോൾ അദ്ദേഹം അവന്റെ നെറുകയിൽ തലോടിക്കൊണ്ടു പതുക്കെ പറയുന്നതു യാക്കോ കേട്ടു. "ജോബീ, നമുക്ക് കുറച്ചു ദൂരമൊരു യാത്രപോകാനുണ്ട്. അവൾക്കു വലിയ വയറും താങ്ങിക്കൊണ്ട് നടക്കാൻ തീരെവയ്യ. നല്ല ക്ഷീണമുണ്ട്. നീ അവളെ ചുമന്നുകൊണ്ട് സൂക്ഷിച്ച് പതുക്കെ നടക്കണം കേട്ടോ? വരൂ."**

പേരു കേട്ടപ്പോൾ അദ്ദേഹം അവന്റെ നെറുകയിൽ തലോടിക്കൊണ്ടു പതുക്കെ പറയുന്നതു യാക്കോ കേട്ടു. ''ജോബീ, നമുക്ക് കുറച്ചു ദൂരമൊരു യാത്രപോകാനുണ്ട്. അവൾക്കു വലിയ വയറും താങ്ങിക്കൊണ്ട് നടക്കാൻ തീരെ വയ്യ. നല്ല ക്ഷീണമുണ്ട്. നീ അവളെ ചുമന്നുകൊണ്ട് സൂക്ഷിച്ച് പതുക്കെ നടക്കണം കേട്ടോ? വരൂ.'' യാക്കോയുടെ തോളിൽ തട്ടി യാത്രപറഞ്ഞ് ആ മനുഷ്യൻ ജോബിയുമൊത്തു നടക്കുകയായി. അനുസരണയോടെ ഒപ്പം നടക്കുകയാണ് ജോബി. ആ ദീർഘകായനായ മനുഷ്യൻ തന്നോടുതന്നെയോ കഴുതയോടോ എന്തോ പറയുന്നു. കൂനൻകഴുത സന്തോഷത്തോടെ തല കുലുക്കുന്നു.

യാക്കോ കേട്ടു. ''ഇത്തിരി ദൂരമുണ്ട്. നാളെ വൈകുന്നേരമെങ്കിലും നമുക്ക് ബെത്‌ലഹേമിൽ എത്തണം.''

കാറ്റിനു തണുപ്പുണ്ട്. ആകാശം നിറയെ നക്ഷത്രങ്ങളുണ്ട്.''

*(2012 ഡിസംബർ ലക്കം തളിരിൽ പ്രസിദ്ധീകരിച്ചത്.)*



# പുണ്യരാത്രി

**സുഗതകുമാരി**





നിശ്ശബ്ദയാം പുണ്യരാത്രി – നിന്നെ
വിശ്വം നമിക്കയാണിന്നും.

മങ്ങിക്കറുത്തോരിരുട്ടിൽ – മൂടൽ
മഞ്ഞിൻ വെളുത്ത തണുപ്പിൽ
ആരുടെയോ ചിരിപോലെ – ദൂരെ
താരകമൊന്നുയരുന്നൂ

അത്താരകം വിരൽ ചൂണ്ടും – കൊച്ചു
പുൽക്കുടിലൊന്നിന്റെ ഹൃത്തിൽ
ആളും മെഴുതിരിപോലെ – കാന്തി-
യോലുമൊരമ്മതൻ മാറിൽ
കണ്ണു നിറഞ്ഞെങ്ങൾ കാണ്മൂ – വീണ്ടു-
മുണ്ണിയെ... വീണു വന്ദിപ്പൂ,
മേലിലെത്താരയും രാവും – നോവു
ചൂഴുമിപ്പാവമാം ഭൂവും...

വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# അലീനക്രിസ്മസ്

## പ്രിയ എ എസ്

നവംബർമാസം തീർന്ന് ഡിസംബർമാസം തുടങ്ങിക്കഴിഞ്ഞിരുന്നു.

അലീനക്കുട്ടിയുടെ ജനലോരത്തു വന്നിരുന്നു ഒരു കിളി.

അവളതുവരെ കണ്ടിട്ടില്ലാത്തതരം കിളിയായിരുന്നു അത്. ഒരു മഞ്ഞയും പച്ചയും നിറം . അതായത് ഒരു മഞ്ഞപ്പച്ചക്കിളി.

'ചിലപ്പോ ദേശാടനക്കിളിയാവും' തുറന്നിട്ട ജനലിനടുത്തു വന്നുനിന്ന് അവൾ വിചാരിച്ചു.

അത് ജനാലയ്ക്കപ്പുറം ഇരുന്ന് ആകെ വിറയ്ക്കുകയായിരുന്നു.

'ചിലപ്പോ അതിന്റെ നാട്ടിൽ കാറ്റിന് ഇത്ര തണുപ്പുണ്ടാവില്ലായിരിക്കും', അവളോർത്തു.

''ഈ മാസം ഇവിടെ തണുപ്പു കാറ്റില്ലാതിരിക്കുന്നതെങ്ങനെയാണ്? ഇത് ഡിസംബറല്ലേ, ഡിസംബറിലെ തണുപ്പുകാറ്റെന്ന് നീ കേട്ടിട്ടില്ലേ?'' അവൾ അതിനോടു ചോദിച്ചു.

''ജനൽപ്പടിയിലിരുന്നാലൊന്നും തണുപ്പു മാറില്ല, നീ അകത്തേക്കു വാ'' എന്നുപറഞ്ഞ് അവൾ ജനൽവാതിൽ തുറന്നിട്ടു.

'ഈ ചുവന്നയുടുപ്പുകാരി തലമുടിപിന്നൽകാരി പെൺകുട്ടി നല്ലൊരു കുട്ടിയാണ്, കിളികളെ ഉപദ്രവിക്കുന്ന തരം കുട്ടിയൊന്നുമല്ല' എന്നൊക്കെ തോന്നിയതുകൊണ്ടാവും പരിചയക്കേടോടെയാണെങ്കിലും കിളി അവളുടെ മുറിക്കകത്തേക്കു കയറിവന്നു. എന്നിട്ടവളുടെ മേശമേൽ ഇരുന്നു.

മേശയുടെ ഒരരികിൽ, കോസ്മോസ് പൂക്കൾ നിറച്ച പൂപ്പാത്രം കണ്ട് അവനു രസിച്ചു എന്നവൾക്കു തോന്നി. ഒന്നു മണത്തു നോക്കും പോലെ അവനാ പൂപ്പാത്രത്തിൽ മുഖം ഉരുമ്മി.

ഓൺലൈൻ ക്ലാസ് അറ്റൻഡ് ചെയ്യുന്ന ലാപ്ടോപ്പും അവിടെ അവൾ നിവർത്തു വച്ചിരുന്നു. ചെയ്തുകൊണ്ടിരുന്ന പ്രൊജക്റ്റ്, 'ഇനി പിന്നെ പൂർത്തിയാക്കാം' എന്നു കരുതി അവൾ ലാപ്ടോപ് ഓഫ് ചെയ്തു.

അപ്പോഴവൻ അവളുടെ കസേരയിലേക്കു ചാടി. അവളുടെ കസേരയിലാകമാനം, അവൾ തന്നെ വരച്ച് ചായം കൊടുത്ത ശേഷം ചായമുണങ്ങാനായി നിവർത്തുവച്ച ക്രിസ്മസ് ആശംസാകാർഡുകളായിരുന്നു.

ക്രിസ്മസ് കാർഡൊരെണ്ണത്തിന്റെ മുകളിലാണ് അവനിരുന്നത്. ക്രിസ്മസ് പപ്പ, ഒരു തോൾസഞ്ചി നിറയെ സമ്മാനങ്ങളുമായി കുട്ടികളെ കാണാനായി ഒരു വീടിന്റെ മുന്നിൽ കാത്തുനിൽക്കുന്നതും ക്രിസ്മസ് പപ്പയെ വട്ടമിട്ട് പൂമ്പാറ്റകൾ പറക്കുന്നതുമായിരുന്നു ആ ചിത്രം.

അവൾ ചോദിച്ചു, ''നിനക്കീ കാർഡാണ് ഏറ്റവും ഇഷ്ടമായത് അല്ലേ? ഞാനിത് എത്ര നേരമെടുത്ത്, എത്ര പാടുപെട്ടാണ് വരച്ചതെന്നോ?''

കിളി കുനിഞ്ഞ് ആ കാർഡിലേക്കു തന്നെ നോക്കിക്കൊണ്ടിരുന്നു. ക്രിസ്മസ് പപ്പയുടെ കുടവയറിന്മേലായിരുന്നു അവന്റെ നിൽപ്പ്. അതുകണ്ട് അവൾക്ക് ചിരി പൊട്ടി.

അവന്റെ തണുപ്പും വിറയ്ക്കലും കുറയുന്നില്ലെന്നു കണ്ട് അവൾ ഫാൻ നിർത്തി.

''ഓർക്കാതെയെങ്ങാൻ നീ മുകളിലേക്ക് പറന്നാൽ ചിറക് ഫാനിൽ തട്ടി നിന്റെ കാര്യം മഹാകഷ്ടമാവും.'' അവൾ പറഞ്ഞു. അവനതിനിടെ, ഭിത്തിയിലെ ഒരു കൊളുത്തിൽ അവൾ തൂക്കിയിട്ടിരുന്ന,



വര : സചീന്ദ്രൻ കാറഡുക്ക

ചോപ്പിൽ നീല പുള്ളികളുള്ള മാസ്ക്കിനകത്തേക്ക് കൊക്കു കടത്തി 'അതെന്താ?' എന്ന മട്ടിൽ ഒന്നു കൊത്തിനോക്കി.

"ഈ കോവിഡ് കാലത്ത് ഇത്ര ദൂരം നീ പറന്നുവന്നത് മാസ്ക് കെട്ടാതെയാണോ?" എന്നവളപ്പോൾ അന്വേഷിച്ചു. അതോ വല്ല മരക്കൊമ്പിലും തട്ടി ഊരിപ്പോയതാണോ അവന്റെ മാസ്ക്കെന്നും അവൾക്ക് സംശയം തോന്നി.

'കിളിമാസ്ക്കുകൾ എങ്ങനെയിരിക്കും, അതേതു സൈസിലാവും?' എന്നൊക്കെ അവൾ ആലോചിച്ചുനോക്കി.

അവനപ്പോഴേക്ക് മാസ്ക്കിനകത്തേക്ക് അവന്റെ തല കടത്തിയിരുന്നു.

"നിനക്ക് വല്ലാതെ തണുത്തിട്ടാണോ നീ മാസ്ക്കിനകത്തേക്ക് നുഴഞ്ഞു കയറുന്നത്?" എന്നു ചോദിച്ച് ചിരിച്ചു അവൾ. അതിനകം, അവൻ മുഴുവനായും ആ മാസ്ക്കിനകത്തേക്കു കയറിപ്പറ്റിക്കഴിഞ്ഞിരുന്നു.

**അവളവന്റെ അടുത്തുചെന്ന് ആ മാസ്ക് നേരാംവണ്ണം അവനു വച്ചുകൊടുക്കാൻ നോക്കി. പരിചയക്കേട് മുഴുവൻ മാറാത്തതുകൊണ്ട് ആദ്യമൊന്നവൻ കുതറാൻ നോക്കിയെങ്കിലും പിന്നെ അടങ്ങിയൊതുങ്ങി നിൽപ്പായി. അപ്പോഴവന്റെ രൂപം കാണാൻ നല്ല രസമുണ്ടായിരുന്നു.**

അവളവന്റെ അടുത്തുചെന്ന് ആ മാസ്ക് നേരാംവണ്ണം അവന് വച്ചുകൊടുക്കാൻ നോക്കി. പരിചയക്കേട് മുഴുവൻ മാറാത്തതുകൊണ്ട് ആദ്യമൊന്നവൻ കുതറാൻ നോക്കിയെങ്കിലും പിന്നെ അടങ്ങിയൊതുങ്ങി നിൽപ്പായി. അപ്പോഴവന്റെ രൂപം കാണാൻ നല്ല രസമുണ്ടായിരുന്നു.

"നോക്കിക്കോ, ഈ മാസ്ക്കിനകത്ത് ഇങ്ങനിരിക്കുമ്പോ നിന്റെ തണുപ്പു മാറി നല്ല സുഖമുള്ള ഇളംചൂട് നിനക്കു കിട്ടിത്തുടങ്ങും." അവൾ അവനോടു പറഞ്ഞു.

അവളുടെ മാസ്ക്കിനകത്ത് നിൽക്കാനുള്ളത്ര വലിപ്പമേ അവനുള്ളൂവെന്നു കണ്ട് അവൾക്ക് ചിരി വന്നു. അവനതിനകത്തേക്കു കൂടുതൽ ഒട്ടിയൊട്ടി നിൽക്കുന്നതു കണ്ടപ്പോ, അവനും നല്ല ഇഷ്ടമായി മാസ്ക്കിനകത്തെ ഇരിപ്പെന്ന് അവൾക്കു തോന്നി.

"ഞാനിത്തവണ ഒരു ക്രിസ്മസ് കാർഡിൽ, മാസ്ക്കിട്ടു നിൽക്കുന്ന നിന്റെ പടവും വരയ്ക്കാം. കിളികളെ ഒരുപാടിഷ്ടമായ എന്റെ ഫ്രണ്ട് അനിരുദ്ധിന് ഞാനെന്നിട്ട് നിന്റെ പടമുള്ള ക്രിസ്മസ് കാർഡ് അയക്കാം. നിനക്ക് ഇഷ്ടമായോ എന്റെ ഐഡിയാ?" അവൾ ചോദിച്ചു അവനോട്.

'ഇഷ്ടമായി' എന്നു പറയുമ്പോലെ അവൻ ചിറകു കുടഞ്ഞു.

ഒരു പച്ചത്തൂവൽ അപ്പോ ക്രിസ്മസ് കാർഡിലെ ചുവന്ന ഉടുപ്പിട്ട ക്രിസ്മസ് അപ്പൂപ്പന്റെ കുടവയറിൽ വീണു. അവളതെടുത്ത് തിരിച്ചും മറിച്ചും നോക്കി. എന്നിട്ട് ചോദിച്ചു, "ഞാനിതെടുത്ത് എന്റെ തൂവൽസംഭരണപ്പെട്ടിയിൽ സൂക്ഷിച്ചു വയ്ക്കട്ടെ?". 'ആയിക്കോളൂ അലീനക്കുട്ടീ' എന്നു പറയുമ്പോലെ കിളി ചിറകനക്കി.

അവനവളുടെ കട്ടിലിലേക്ക് ഒറ്റച്ചാട്ടം അതിനിടെ. "ആഹാ, നിനക്ക് നല്ലോണം ഇഷ്ടമായി അല്ലേ എന്റെ മുറി?" എന്നു ചോദിച്ച് അവളവനോട് ഓരോരോ വർത്തമാനം പറയാൻ തുടങ്ങി.

എപ്പോഴോ അവൾ പറഞ്ഞു, "എനിക്ക് ഏറ്റവുമിഷ്ടമുള്ള മാസം ഡിസംബറാണ്."

'അതെന്താ അങ്ങനെ?' എന്നു ചോദിക്കും പോലെ കിളി അവളെ നോക്കി.

"ഡിസംബർ, ക്രിസ്മസ് മാസമല്ലേടാ, അതുതന്നെ കാരണം." അവൾ അവനോടു വിശദീകരിച്ചു.

പിന്നെ അവൾ കിളിയെ അവളുടെ മുറിയുടെ മൂലയിലെ അലമാരി ചൂണ്ടിക്കാണിച്ചു കൊടുത്തു. എന്നിട്ട് പറയാൻ തുടങ്ങി, "നീ ഒന്ന് നോക്കിയേ. ക്രിസ്മസ് സാധനങ്ങൾ സൂക്ഷിക്കാനായി, എനിക്ക് ഇവിടെ ഒരു മുഴുവൻ അലമാര തന്നെയുണ്ട്. പുൽക്കൂട്, പുൽക്കൂട്ടിലെ രൂപങ്ങൾ, അഴിച്ചു വച്ച ക്രിസ്മസ് ട്രീ, ക്രിസ്മസ് ട്രീയിലേക്കായുള്ള തോരണങ്ങൾ, പുൽക്കൂടും ക്രിസ്മസ് ട്രീയും അലങ്കരിക്കാനുള്ള മിന്നിമിന്നി



ക്കത്തുന്ന ലൈറ്റുമാലകൾ, ഓരോ വർഷത്തെയും നക്ഷത്രങ്ങൾ, അതിലിടുന്ന വർണബൾബുകൾ എല്ലാമാണ് ഈ അലമാരയിൽ.''

മാസ്ക്കുമായി കിളി പറന്ന് അലമാരയുടെ ഹാൻഡിലിൽ ഇരുന്നു.

അവൾ അലമാര തുറന്ന് അതിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന പഴയ നക്ഷത്രങ്ങൾ കാണിച്ചുകൊടുത്തു കിളിക്ക്. അതെല്ലാം എണ്ണിനോക്കും പോലെ കിളി, അലമാരയ്ക്കകത്തെ ക്രിസ്മസ് നക്ഷത്രത്തട്ടിലേക്കെത്തിനോക്കി. 'ഇതു കുറേയെണ്ണമുണ്ടല്ലോ. എല്ലാം പുതുപുത്തൻ പോലിരിക്കുന്നല്ലോ' എന്നൊക്കെ പറയും പോലെ കിളി ചിലച്ചു.

''ഓരോ ക്രിസ്മസിനും ഈ വീട്ടിൽ കുറഞ്ഞത് ഒരു നാലഞ്ച് ക്രിസ്മസ് നക്ഷത്രങ്ങളെങ്കിലും തൂക്കും ഞാനും കശ്യപ് ചേട്ടനും കൂടി.'' അവളങ്ങനെ പറഞ്ഞതു കേട്ട്, 'കശ്യപ് ചേട്ടൻ ആരാണ്?' എന്നു ചോദിക്കും പോലെ കിളി അവളെ നോക്കി.

''ഓ നീ ഇപ്പോ വന്നല്ലേയുള്ളൂ, ഞാൻ പരിചയപ്പെടുത്താതെ എങ്ങനെയറിയാനാ നീ കശ്യപ് ചേട്ടനെ അല്ലേ?''എന്നു ചോദിച്ചു അവൾ.

''അപ്പുറത്തെ വീട്ടിലെ വല്യ ചേട്ടനാണ്, കോളേജിൽ പഠിക്കുവാണ്, എന്നെ ഒരുപാടിഷ്ടമാണ്'' എന്നു പറഞ്ഞ് അവളും കശ്യപ് ചേട്ടനും കൂടി നിൽക്കുന്ന ഫോട്ടോ മൊബൈലിലെ ഗ്യാലറിയിൽ നിന്നെടുത്ത് അവളവനെ കാണിച്ചുകൊടുത്തു. കിളി സൂക്ഷിച്ചു നോക്കി ആ ഫോട്ടോ. അവന് കശ്യപ് ചേട്ടനെ ഇഷ്ടമായെന്ന് അലീനയ്ക്കു ബോധ്യമായി.

അവൾ 'ക്രിസ്മസ് വിസ്താരം' തുടർന്നു. ''പഴയ നക്ഷത്രങ്ങളെടുത്തു സൂക്ഷിച്ചു

**അവൾ അലമാര തുറന്ന് അതിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന പഴയ നക്ഷത്രങ്ങൾ കാണിച്ചുകൊടുത്തു കിളിക്ക്. അതെല്ലാം എണ്ണിനോക്കും പോലെ കിളി, അലമാരയ്ക്കകത്തെ ക്രിസ്മസ് നക്ഷത്രത്തട്ടിലേക്കെത്തിനോക്കി. 'ഇതു കുറേയെണ്ണമുണ്ടല്ലോ. എല്ലാം പുതുപുത്തൻ പോലിരിക്കുന്നല്ലോ' എന്നൊക്കെ പറയും പോലെ കിളി ചിലച്ചു.**

വച്ചതെല്ലാമെടുത്ത് ഒന്നിനു പുറകേ ഒന്നൊന്നായി തൂക്കുന്നതു കൂടാതെ ഓരോ ക്രിസ്മസിനും ഒരു നക്ഷത്രമെങ്കിലും പുതുതായി വാങ്ങിപ്പിക്കും ഞാനച്ഛനെക്കൊണ്ട്. അത് മാർക്കറ്റിലുള്ളതിൽവച്ച് ഏറ്റവും പുതിയ മട്ടിലെ ആയിരിക്കും.''

അവളങ്ങനെ പറഞ്ഞപ്പോ കിളി വീണ്ടും ചിലച്ചു. 'അതെയോ, അതിനൊക്കെ ഒരുപാട് പൈസയാകില്ലേ?' എന്നോ മറ്റോ ആണ് അവൻ ചോദിച്ചതെന്നവൾക്കു തോന്നി.

''അതച്ഛന്റെ പൈസ കൊണ്ടല്ല കിളീ വാങ്ങുന്നത്, കൊല്ലം മുഴുവനും ഞാൻ സൂക്ഷിച്ചുവച്ച പോക്കറ്റുമണി, ആ പുതിയ നക്ഷത്രത്തിന്റെ വിലയായി ഞാനച്ഛനെ ഏല്പിക്കും.'' എന്നവൾ മറുപടി പറഞ്ഞു.

''പുൽക്കൂട് ഒരുക്കലാണ് പിന്നെ അടുത്ത ഐറ്റം. പുൽക്കൂടിനകത്ത് ഒരുക്കി വയ്ക്കാനുള്ള രാജാക്കന്മാർ, മാലാഖമാർ, മേരിയമ്മ, ജോസഫച്ഛൻ, കുഞ്ഞീശോ, ആട്ടിടയന്മാർ, ആടുകൾ ഇവരെയെല്ലാം അലമാരയിൽനിന്നെടുത്ത് പൊടി തുടച്ചു വൃത്തിയാക്കണം. അത് എന്റെ ജോലിയാണ്. ഇനിയെങ്ങാൻ പുൽക്കൂടുരൂപങ്ങളുടെ പെയിന്റ് മങ്ങിയിട്ടുണ്ടെങ്കിൽ പുതിയ പെയിന്റടിച്ച് ഓരോന്നും സുന്ദരമാക്കിയെടുക്കണം. അത് കശ്യപ് ചേട്ടന്റെയും അച്ഛന്റെയും പണിയാണ്.'' അവൾ ക്രിസ്മസ് വിശേഷങ്ങൾ അടുക്കിപ്പെറുക്കി.

''അങ്ങനെയങ്ങനെ, ക്രിസ്മസ് ദിവസം ആയ ഡിസംബർ 25-ാം തീയതിക്കു വളരേ മുമ്പുതന്നെ, അതായത് നവംബർ തീരുമ്പോൾത്തന്നെ ഈ വീട് ക്രിസ്മസ് വീടാവും.''

അവളങ്ങനെ പറഞ്ഞുനിർത്തിയപ്പോൾ, 'ഡിസംബർ തുടങ്ങിയല്ലോ, എന്നിട്ടെന്താ നിന്റെ അലമാരയിൽ നിന്ന് ഇതൊന്നും പുറത്തെടുക്കാത്തത്?' എന്ന് കിളി സംശയിച്ച് നിൽപ്പാണ് എന്നവൾക്കു തോന്നി. ''കശ്യപ് ചേട്ടന് പരീക്ഷയാണ്. ഇന്നു തീരും പരീക്ഷ. ഇന്നു വൈകുന്നേരം ചേട്ടൻ വരും കോളേജിൽ നിന്ന്. ഞങ്ങളിന്ന് തുടങ്ങും ക്രിസ്മസ് ഒരുക്കങ്ങൾ. നീ കൂടുന്നോ ഞങ്ങളുടെ കൂടെ?'' എന്നു ചോദിച്ചു അവൾ.

അവരുടെ പട്ടിക്കുട്ടൻ ജോർജ് അപ്പോൾ ആ മുറിയിലേക്കു കടന്നുവന്നു. മാസ്ക്കിനകത്തിരിപ്പായ കിളിയെക്കണ്ട്, 'ഇതാരാ?' എന്ന മട്ടിലവൻ കുരച്ചു ചോദിച്ചു. കിളിക്കവന്റെ കുര കേട്ട് പേടിയായെന്നു തോന്നി അലീനയ്ക്ക്.

അവളവരെ പരസ്പരം പരിചയപ്പെടുത്തി. 'ഒരു കിളിയാണിത്' എന്നവൾ പറഞ്ഞിട്ട് ജോർജിന് വിശ്വാസം വന്നില്ല എന്ന് അലീനയ്ക്കു തോന്നി. മാസ്ക്കിട്ട കിളിയെ അവനാദ്യമായി കാണുകയാണല്ലോ.

ജോർജ്, കണ്ണിമയ്ക്കാതെ മാസ്ക്കുകാരൻ കിളിയെയും നോക്കി അവിടിരിപ്പായി .

അവൾ കിളിയോട് പറഞ്ഞു. ''ക്രിസ്മസ് ഒരുക്കങ്ങൾ ഒന്നും



മനസ്സിലാവില്ല ജോർജിന്. അവൻ വായും പൊളിച്ച് അത്ഭുതത്തോടെ എല്ലായിടത്തും വന്നു നിൽക്കും. എന്നാലും ക്രിസ്മസ് അവനും ഇഷ്ടമാണെന്നു തോന്നുന്നു. രാത്രിയായാൽ പിന്നെ ക്രിസ്മസ് ട്രീയിലെ തോരണങ്ങളും അതിലെ മിന്നിമായുന്ന വെളിച്ചവും കണ്ടു രസിച്ച് അതിന്റെ ചുവട്ടിൽ ത്തന്നെ കിടക്കും അവൻ. ക്രിസ്മസ് ലാംപുകൾ കാറ്റിലാടുമ്പോൾ അവൻ അതിനെ നോക്കി ഒച്ചയുണ്ടാക്കും. ക്രിസ്മസ് നക്ഷത്രം, അവനെ ആക്രമിക്കാൻ വരുന്ന വല്ല ജീവിയുമാണെന്നായിരിക്കും അവന്റെ വിചാരം. അവൻ ഒരു ക്രിസ്മസ് കേക്കു കൊതിയനാണ്. എന്തു കേക്കു കൊടുത്താലും അവൻ നക്കിനക്കിത്തിന്നും. പ്ളം കേക്കാണ് അവന് ഏറ്റവുമിഷ്ടം.''

അവൾ കിളിയുടെ തലയിൽ തലോടിക്കൊണ്ട് കൂട്ടിച്ചേർത്തു, ''ക്രിസ്മസ് പപ്പയ്ക്ക് കത്തെഴുതലാണ് പിന്നെ ഏറ്റവും രസം പിടിച്ച പണി. തങ്ങൾക്ക് കിട്ടണമെന്ന് കുട്ടികൾക്കേറ്റവും മോഹമുള്ള കാര്യങ്ങളുടെ ലിസ്റ്റ് ആ കത്തിൽ എഴുതാം. എന്നിട്ടത് അച്ഛനെ ഏല്പിക്കണം. അച്ഛനത് ക്രിസ്മസ് പപ്പയ്ക്കയയ്ക്കും. അങ്ങനെ ക്രിസ്മസ് പപ്പ എനിക്കൊരുപാട് സമ്മാനങ്ങൾ തന്നിട്ടുണ്ട് എന്റെയീ എട്ടു വയസ്സിനകത്ത്. അതിൽവെച്ചെനിക്കേറ്റവുമിഷ്ടം എന്റെ വെള്ള റ്റെഡ്ഡിബെയറാണ്.''

കിളി, അലമാരയ്ക്കകത്തു കയറി ഒരു വെള്ളിനിറ നക്ഷത്രം കൊത്തിനോക്കുകയായിരുന്നു. ''നീ അങ്ങനെയൊക്കെ കൊത്തിയാലത് കീറിപ്പോകുമേ'' എന്നു മുന്നറിയിപ്പു കൊടുത്ത് കിളിയെ അലമാരയിൽ നിന്ന് പിടിച്ചിറക്കി അവൾ.

പിന്നെ അവൾ ചിന്താവിഷ്ടയായി. 'ഇത്തവണ എന്റെ കത്തിൽ എന്തെഴുതണം എന്ന് ഞാനിതുവരെ തീരുമാനിച്ചിട്ടില്ല. ഒരു സൈക്കിൾ വേണോ അതോ ഒരു ജംപ് സ്യൂട്ടും ഹെഡ്ഫോണും വേണോ ഒരു പെയർ സ്പോർട്സ് ഷൂവും ഫുട്ബോളും വേണോ അതോ സ്ക്കേറ്റിങ് കിറ്റ് വേണോ എന്നൊന്നും തീരുമാനിച്ചിട്ടില്ല ഞാൻ.'

'നമുക്ക് ആലോചിക്കാം, നമുക്കു നോക്കാം' എന്നൊക്കെ പറയും പോലെ കിളി, അവളുടെ നീട്ടിയ കൈയിലിരുന്നു.

പെട്ടെന്ന് എന്തോ ആലോചിച്ച് അവളുടെ മുഖം മങ്ങി. 'ലോകം മുഴുവൻ കൊറോണയല്ലേ, ഇക്കാലത്ത് ലോകം ചുറ്റലൊക്കെ ക്രിസ്മസ് പപ്പയ്ക്ക് വലിയ അപകടം പിടിച്ച പണിയാവും, പ്രായമുള്ള ആളല്ലേ ക്രിസ്മസ് പപ്പ,

കോവിഡു വന്ന് സീരിയസ്സായി ന്യൂമോണിയയും കൂടി പിടി ച്ചാലൊക്കെ എന്തു ചെയ്യും? വല്യ പാടാവും, ഇത്തവണ ക്രിസ്മസ് പപ്പ വരാൻ സാധ്യത കുറവാണ് എന്നാണ് എനിക്കു തോന്നുന്നത്' അവൾ ഓരോ ന്നോർത്തോർത്ത് പറഞ്ഞു.

അപ്പോൾ കിളി, 'അതു ശരിയാണ്, ശരിയാണ്' എന്നു പറയുമ്പോലെ ചിലച്ചു. അതി നകം മാസ്ക്കിനകത്തിരുന്ന് തണുപ്പു മാറി സുഖമുള്ള ചൂടി ലേക്കെത്തിയിരുന്നു അവളുടെ കൊച്ചു തൂവൽശരീരം.

അലീനയക്ക് പെട്ടെന്ന് ഒരു തോന്നൽ വന്നു. 'ഇനി ഈ കിളിയെങ്ങാനായിരിക്കുമോ ഇത്തവണ എനിക്കുള്ള ക്രിസ് മസ് സമ്മാനം?'

പെട്ടെന്ന് അവളുടെ ഹൃദയം സന്തോഷം കൊണ്ട് ഉച്ചത്തിൽ മിടിക്കാൻ തുടങ്ങി. അങ്ങ് തണു പ്പുരാജ്യത്തുനിന്ന് ദേശങ്ങൾ കടന്നുവന്ന ഇവനെ ക്രിസ്മസ് പപ്പ അയച്ചതാവാനാണ് വഴി. 'പറക്കൂ, അങ്ങ് ചെന്ന് അലീന ക്കുട്ടിയോട് പറയൂ, ഇത്തവണ ക്രിസ്മസിന് ഈ കോവിഡും കടന്ന് വരാൻ പറ്റാത്തതിനാൽ അപ്പൂപ്പൻ നിനക്കടുക്കലേക്ക് ചിറകുള്ള ഒരു സമ്മാനത്തെ പറത്തിവിടുന്നു' എന്ന്. പുറത്തെ കാറ്റ് അപ്പോൾ ക്രിസ്മസ് അപ്പൂ പ്പന്റെ ഒച്ചയായി.

അവൾ കിളിയെ എടുത്തു മടിയിലിരുത്തി.

അവനെ ഉമ്മ വച്ചു, തലോടി.

എന്നിട്ട് ചോദിച്ചു, ''എന്റെ



പ്രിയപ്പെട്ട ക്രിസ്മസ് സമ്മാ നമേ, ഞാൻ നിനക്കെന്താണ് പേരിടുക?''

കിളി അവളോട് ചേർന്നി രുന്നു.

ക്രിസ്മസിന്റെ തണുത്ത കാറ്റ് അപ്പോൾ, 'അലീനക്കു ട്ടിക്ക് കിളിസമ്മാനം കിട്ടി' എന്നു ക്രിസ്മസ് അപ്പൂപ്പനെ അറിയിക്കുവാനായി മരച്ചില്ല കളിൽനിന്ന് ഇലകൾ പൊഴി ച്ചുകൊണ്ട് പോകാനൊരുങ്ങി.

''ഇനി ഇവൻ നമ്മുടെ കൂടെ താമസിക്കും, നമുക്കുള്ള ക്രിസ് മസ് സമ്മാനമായി, ജീവനുള്ള ക്രിസ്മസ് സമ്മാനമായി'' അവൾ ജോർജ് പട്ടിക്കുട്ടനോട് പറഞ്ഞു.

ജോർജ് പട്ടിക്കുട്ടൻ, അപ്പോ നമ്മുടെ മഞ്ഞപ്പച്ചക്കിളിയെ നോക്കി സ്നേഹപൂർവം വാലാട്ടി.

അവൾ അവന്റെ മാസ്ക് അഴിച്ചുമാറ്റി.

'ആഹാ, ഇതൊരു വെറും കിളിയായിരുന്നോ, മാസ്കു കെട്ടി വേറെ ജീവിയാണെന്ന മട്ടിൽ എന്നെ പറ്റിച്ചതാണല്ലേ?' എന്ന മട്ടിൽ ജോർജ് കളിയായി ഒന്നു കുരച്ചു.

## തളിര് സ്കോളർഷിപ്പ് പരീക്ഷ ജനുവരിയിൽ

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്കൂൾ വിദ്യാർഥികൾക്കുവേണ്ടി നടത്തുന്ന തളിര് സ്കോളർഷിപ്പ് പരീക്ഷ ജനുവരി **8, 12** തീയതികളിൽ നടക്കും. പരീക്ഷയ്ക്ക് മുമ്പ് മോക്ക് ടെസ്റ്റ് ഉണ്ടായിരിക്കും.

# ദേശീയ ഗണിതദിനം

പള്ളിയറ ശ്രീധരൻ

അസുഖബാധിതനായി ചികിത്സയിൽ കഴിഞ്ഞ ശ്രീനിവാസ രാമാനുജനെ കാണാൻ ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞനായ പ്രൊഫ. ജി എച്ച് ഹാർഡി വന്ന കാറിന്റെ നമ്പർ ആയിരുന്നു 1729. വാഹനങ്ങളിലെ നമ്പർപ്ലേറ്റിൽ കാണുന്ന നമ്പർ ശ്രദ്ധിക്കുന്ന ശീലം നമ്മളിൽ പലർക്കും ഉണ്ടെങ്കിലും ആ സംഖ്യയുടെ ഗണിതപരമായ പ്രത്യേകതകളെക്കുറിച്ച് നമ്മൾ ആരും തന്നെ അന്വേഷിച്ചുപോകാറില്ല. എന്നാൽ രണ്ട് പോസിറ്റീവ് ക്യൂബുകളുടെ തുകയായി രണ്ടുതരത്തിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണിതെന്ന് രാമാനുജൻ ഉടൻതന്നെ മനസ്സിലാക്കി. അതായത് $1^3+12^3 = 9^3+10^3 = 1729$. ഈ സംഖ്യ പിന്നീട് രാമാനുജൻ സംഖ്യ എന്ന് അറിയപ്പെട്ടു.

ആധുനികഭാരതത്തിലെ ഏറ്റവും പ്രതിഭാധനനായ ഗണിതശാസ്ത്രജ്ഞനായാണ് ശ്രീനിവാസ രാമാനുജൻ അറിയപ്പെടുന്നത്. 1887ൽ തമിഴ്നാട്ടിലെ ഈറോഡിലാണ് ശ്രീനിവാസ രാമാനുജന്റെ ജനനം. ചെറുപ്പം മുതലേ രാമാനുജന് താത്പര്യം കണക്കിനോടായിരുന്നു. വലിയ സാമ്പത്തികഭദ്രതയുള്ള കുടുംബം ഒന്നുമല്ലാതിരുന്നിട്ടും അനിതരസാധാരണമായ പ്രതിഭ ഒന്നുകൊണ്ടു മാത്രം ലോകം കീഴടക്കിയ ഗണിതശാത്രജ്ഞരിൽ ഒരാളായി രാമാനുജൻ. ഗണിതശാസ്ത്രത്തിലെ നിരവധി സങ്കീർണമായ കണ്ടെത്തലുകൾ അദ്ദേഹത്തിന്റെ പേരിലുണ്ട്. ഗണിത വിശകലനം, സംഖ്യാസിദ്ധാന്തം, അനന്തശ്രേണി, തുടർച്ചാഭിന്നകങ്ങൾ തുടങ്ങി ഗണിതശാസ്ത്രത്തിന്റെ വിവിധ മേഖലകളിലെ ആധികാരികമായ പഠനങ്ങളിലൂടെ അദ്ദേഹം നിരവധി പുതിയ കണ്ടെത്തലുകൾ നടത്തി.

ശ്രീനിവാസ രാമാനുജന്റെ 125-ാം ജന്മവാർഷികത്തിന്റെ ഓർമയ്ക്ക് 2012 ഗണിതശാസ്ത്രവർഷമായി പ്രഖ്യാപിച്ചിരുന്നു. ഗണിതശാസ്ത്രമേഖലയിൽ വിലപ്പെട്ട സംഭാവനകൾ ചെയ്ത രാമാനുജന്റെ ജന്മദിനമായ ഡിസംബർ 22, ഇന്ത്യയിൽ ദേശീയ ഗണിതദിനമായാണ് അതിനുശേഷം ആചരിക്കുന്നത്. അന്നേദിവസം രാജ്യത്തുടനീളമുള്ള വിവിധ സ്കൂളുകളിലും സർവകലാശാലകളിലും നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നു.



ശ്രീനിവാസ രാമാനുജൻ

കുട്ടികളിൽ ഗണിതശാസ്ത്രബോധം ഉണ്ടാകേണ്ടതും നിത്യജീവിതത്തിൽ കണക്കിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടതും ഏറെ പ്രധാനമാണ്. അതുകൊണ്ടുതന്നെ ഗണിതശാസ്ത്രത്തെ ഏറെ സ്നേഹിച്ച രാമാനുജന്റെ ജന്മദിനം ഗണിതശാസ്ത്രദിനമായി ആചരിക്കുന്നത് എന്തുകൊണ്ടും അനുയോജ്യം തന്നെ.

കേവലം 33 വർഷം മാത്രം ജീവിച്ച ഈ മഹാപ്രതിഭ ലോകം കണ്ട ഏറ്റവും വലിയ ഗണിതശാസ്ത്രജ്ഞരിൽ ഒരാളാണ്. 1920 ഏപ്രിൽ 26നു മരണം കീഴടക്കുന്നതുവരെ രാമാനുജൻ ഗണിതശാസ്ത്രത്തിലെ ആരും കണ്ടെത്താത്ത രഹസ്യങ്ങൾ അന്വേഷിച്ചുകൊണ്ടേയിരുന്നു. മരണത്തിനുമുന്നിൽ കീഴ്പ്പെട്ടില്ലായിരുന്നെങ്കിൽ ഗണിതശാസ്ത്രത്തിന്റെ നിരവധി സങ്കീർണ വാതിലുകൾ അദ്ദേഹത്തിനു മുന്നിൽ ഇനിയും മലർക്കെ തുറന്നേനേ...

palliyarasreedharan@gmail.com



# അക്ഷരപ്പെയ്ത്ത്

**(കവിയമ്മയ്ക്കൊരു കാവ്യാർച്ചന)**

**പ്രിയകവി സുഗതകുമാരി ടീച്ചറിന്റെ ഓർമകൾക്ക് പ്രണാമം**

**രേഖ ആർ താങ്കൾ**

മരമായിരുന്നു നീ
ചേക്കേറുവാനൊരു
ചില്ലയുമില്ലാത്തവർക്ക്

തണലായി താങ്ങായി
കനിവെഴുമുപ്പിന്റെ
കടലായി കൈത്തിരിയായി

മധുവായിരുന്നു നീ
അകതാരിലെപ്പൊഴും
കവിതയായൂറിയ ചന്തം

അതുനുണഞ്ഞുന്മാദി-
യാകവേ വേദന -
യെല്ലാം മറക്കുവാനായി

ചിറകൊടിഞ്ഞവശരായ്
കേഴും കിളികളെ
തഴുകിയുറക്കിയോരമ്മ

തേരുരുളൊച്ചയെ
ഇത്ര പ്രണയിക്കാൻ
ഏതൊരു ഗോപികയ്ക്കാവും?

ഒരു കൂർത്തനോവാൽ
വിതുമ്പും മനസ്സുമായ്
തോരാതെ പെയ്തു നീ നിൽക്കേ

ആ മഴപ്പെയ്ത്തിന്റെ
കുളിരിലീ ആർദ്രത
വറ്റിയ ലോകം നനഞ്ഞു

മഴപെയ്തു തോരിലും
പൊഴിയുന്നു തുള്ളികൾ
മരമാകെ പെയ്യുന്ന പോലെ

ഇനിയുമാ അക്ഷര-
പ്പെയ്ത്തിൻ കുളിർമയിൽ
വാടാതിരിക്കട്ടെ ലോകം.

# സൗഹൃദം

ഡോ. ആർ ശ്രീലതാവർമ്മ

മുറ്റത്തെ ഞാവലിൻ ചില്ലയിൽ നിർത്താതെ
ചിൽചിലെ ചിൽ ചിലെ വർത്തമാനത്തോടേ
അണ്ണാറക്കണ്ണൻ തിരിക്കിലാണെപ്പൊഴു-
മെന്തെല്ലാം കാര്യങ്ങളുണ്ടെന്നറിയുമോ?
അങ്ങോട്ടുമിങ്ങോട്ടുമോടിക്കളിക്കണം
ഞാവൽപ്പഴത്തിന്റെ പാകം പഠിക്കണം
പാകമായ്ത്തീർന്നെന്നാൽ കുഞ്ഞരിപ്പല്ലിനാ-
ല്ലൊന്നു കടിച്ചിട്ടു മെല്ലെ നുണയണം.
മുറ്റത്തു കാക്ക, കുരുവിയും മൈനയും
കാക്ക ചരിഞ്ഞൊന്നു നോക്കി പതുക്കനെ
സൗഹൃദഭാവമുറപ്പിച്ചിരിക്കുന്നു.
കുഞ്ഞിക്കുരുവിക്കോ, തുള്ളിവിളയാട്ടം
മൈനയും സ്നേഹത്തിൻ നോട്ടമെറിയുന്നു
കൂട്ടരോടൊക്കെപ്പറയണം ഞാവലിൻ
കായ പഴുത്തു മതിർത്തതിൻ വാർത്തകൾ
നാളെയവരെയും കൊണ്ടിങ്ങുപോരണം
കാക്ക, കുരുവികൾ, മൈനയും തിന്നട്ടെ!
നേരേ മരത്തിന്റെ മേലറ്റമേറീട്ടു
താഴേക്കു നോക്കുവാനെന്തു രസമെന്നോ!
കാക്കയതല്പം ചെറുതെന്നു തോന്നിടും
കുഞ്ഞിക്കുരുവിയോ തീരെയും കുഞ്ഞായി
മൈനയുമങ്ങനെ കുഞ്ഞായി, കണ്ണിന്റെ
ചുറ്റിലെ മഞ്ഞയ്ക്കോ നല്ല തെളിച്ചമായ്!
താഴേക്കു താഴേക്കു പോരുന്ന നേരത്തി-
ലാടിയുലയുന്ന പോലതാ പൂഴിയും
കുഞ്ഞിച്ചെടികളും പുല്ലിന്റെ കൂട്ടവും
ഇങ്ങനെ ചാടിക്കളിപ്പതിനപ്പുറ-
മെന്തുണ്ടു സന്തോഷം ചൊല്ലുവിൻ കൂട്ടരേ!
നിങ്ങളും പോരുവിൻ കൂടെക്കളിക്കുവാൻ
ചിൽ ചിലെ ചിൽ ചിലെ ചൊല്ലിത്തിമിർക്കുവാൻ.



വര: സുജിത് വാസുദേവൻ

കഥ



വര: സുധീർ പി വൈ



# കുഞ്ഞുമരവും ക്രിസ്മസ് അപ്പൂപ്പനും

ഉണ്ണി അമ്മയമ്പലം

പണ്ടുപണ്ട് ഒരു മലഞ്ചെരിവിൽ മൂന്നു മരങ്ങളുണ്ടായിരുന്നു. ഒന്നൊരു കൂറ്റൻ മരം, മറ്റൊന്നു തടിയൻ മരം, മൂന്നാമൻ മെലിഞ്ഞ ഒരു കുഞ്ഞൻമരം.

*മലയുടെ ചരിവിൽ മൂന്നുമരം*
*കൂറ്റൻ, തടിയൻ, കുഞ്ഞുമരം*
*ആടിപ്പാടി മരങ്ങൾ നിൽപ്പൂ*
*ആരെത്തേടി മരങ്ങൾ നിൽപ്പൂ*

മഞ്ഞുപെയ്യുന്ന നല്ല തണുപ്പുള്ള ആ ഡിസംബർ മാസത്തിൽ തണുത്തുവിറച്ചു നിൽക്കുകയാണ് മൂന്നു മരങ്ങളും. എങ്കിലും അവർ സന്തോഷത്തിലാണ്. എന്താ കാരണം? കാരണമുണ്ട്. മൂന്നു മരങ്ങളും അവരെ തേടിവരുന്ന ഒരു അതിഥിയെ കാത്തിരിക്കുകയാണ്. ആരാണ് ഈ അതിഥിയെന്നറിയോ? ക്രിസ്മസ് അപ്പൂപ്പൻ.

ആരുടെയടുത്താവും ക്രിസ്മസ് അപ്പൂപ്പൻ ആദ്യമെത്തുകയെന്നവർക്ക് നിശ്ചയമില്ല. എന്നാൽ കൂറ്റൻമരവും തടിയൻമരവും പരസ്പരം മത്സരിക്കുകയാണ്. തന്റെയടുത്തേക്കാണ് ക്രിസ്മസ് അപ്പൂപ്പൻ ആദ്യമെത്തുന്നതെന്നു കൂറ്റൻമരം. അല്ല തടിച്ചുമിടുക്കനായ തടിയൻ മരത്തിന്റെയടുത്തേക്കാണ് ക്രിസ്മസ് അപ്പൂപ്പൻ വരുന്നതെന്ന്

തടിയൻമരവും. ഈ രണ്ടു മരങ്ങൾക്കുമരികിൽ അവരുടെ പരിഹാസം കേട്ടിട്ട് ഒന്നും മിണ്ടാതെ നിൽക്കുന്ന കുഞ്ഞുമരത്തിന് പ്രതീക്ഷകളൊന്നുമില്ല. ക്രിസ്മസ് അപ്പൂപ്പനെ കാണാൻ സാധിക്കുന്നത് തന്നെ ഭാഗ്യം എന്നു വിചാരിച്ച് ശാന്തതയോടെ ജീവിക്കുന്നു. അപ്പോഴാണ് ദൂരെ നിന്ന് 'അയ്യോ അയ്യോ' എന്ന കരച്ചിൽ കേട്ടത്.

കാലൊടിഞ്ഞ ഒരു മഞ്ചാടിക്കുരുവിയുടെ കരച്ചിലായിരുന്നു അത്. തണുത്തുവിറച്ച് മഞ്ചാടിക്കുരുവി, ഞൊണ്ടിയും പറന്നും താഴെ വീണും പ്രയാസപ്പെട്ട് തടിയൻ മരത്തിന്റെയടുത്തു ചെന്നു. അവൾ വേദന കടിച്ചമർത്തി തടിയൻ മരത്തോട് കേണപേക്ഷിച്ചു:

*മരമേ മരമേ വൻ മരമേ*
*വമ്പൻ മരമേ കൊമ്പൻ മരമേ*
*ഒടിഞ്ഞ കാലിൽ വേദനയായ്*
*ഒരു കിളി കരയുന്നതു കേൾക്കൂ*
*ഒരല്പനേരമിരുന്നോട്ടേ*
*ഒഴിവാക്കരുതീ കുരുവിയെ നീ*
*ഒരു ചെറുചില്ലയെനിക്കു തരൂ...*

കുരുവി പറഞ്ഞു.

''വൻമരമേ, പൊൻമരമേ, വമ്പൻമരമേ, കൊമ്പൻമരമേ, തീറ്റതേടിപ്പോയി തിരികെ പ്പറക്കുമ്പോൾ ഒരു ദുഷ്ടനായ മനുഷ്യൻ എന്നെ കല്ലെറിഞ്ഞു. എന്റെ കാലൊടിഞ്ഞു. നിന്റെ ചില്ലക്കൊമ്പിൽ ഇരിക്കാൻ ഒരിത്തിരി ഇടം തരാമോ?''

മഞ്ചാടിക്കുരുവിയുടെ വാക്കുകൾ കേട്ട തടിയൻമരം പെട്ടെന്നു ദേഷ്യപ്പെട്ടു. തടിയൻ മരം പറഞ്ഞു:

''ഏയ് അതൊന്നും പറ്റില്ല.''

*അഞ്ചേ കുഞ്ചേ മഞ്ചാടീ*
*കുരുകുരുകുരുവീ കുക്കുരുവീ*
*ക്രിസ്മസ് പാപ്പയെ വരവേൽക്കാൻ*
*നിൽക്കുന്നൂ ഞാൻ, പൊയ്ക്കോളൂ...*

സങ്കടത്തോടെ മഞ്ചാടിക്കുരുവി കൂറ്റൻ മരത്തിന്റെയടുത്തേക്ക് ചെന്നു.

*കൂറ്റൻമരമേ തളിർമരമേ*
*കുളിർമരമേയെൻ പൊൻമരമേ*
*ചില്ലക്കൊമ്പിലിരുന്നോട്ടേ ഞാൻ*
*തല്ലിയകറ്റല്ലേയെന്നെ.*

''തളിർമരമേ കുളിർമരമേ നിന്റെ ചില്ലക്കൊമ്പിൽ ഈ പാവം ഞാനൊന്നിരുന്നോട്ടേ...''

കൂറ്റൻമരവും ദേഷ്യപ്പെട്ടു. ''വേണ്ട വേണ്ട നിന്നെ നോക്കാനൊന്നും എന്നെക്കൊണ്ട് കഴിയേല. നീ വേഗം സ്ഥലം വിട്ടോ. പൊയ്ക്കോ പൊയ്ക്കോ...''

*മഞ്ചാടിക്കുരുവിക്കു സങ്കടമായ്*
*ഞൊണ്ടി വലിഞ്ഞവൾ ഓടിച്ചെന്നു*
*നന്മമരമേ തേൻമരമേ*
*കുഞ്ഞുമരമേ തീരെ വയ്യ.*

മഞ്ചാടിക്കുരുവി ഏന്തിവലിഞ്ഞു കുഞ്ഞുമരത്തിന്റെ അരികിലെത്തി.

''വല്ലാത്ത ക്ഷീണം. എന്റെ നല്ല കുഞ്ഞുമരമേ, നിന്റെ ചില്ലക്കൊമ്പിൽ ഇത്തിരിനേരം ഇരുന്നോട്ടെ.''

കുഞ്ഞുമരം ചില്ലക്കൈകൾ താഴ്ത്തി ഇലകൾ കൊണ്ട് മഞ്ചാടിക്കുരുവിയെ പതിയെ തലോടി.

''അതിനെന്താ, വന്നോളൂ മഞ്ചാടിക്കുരുവീ, നീ വല്ലാതെ തളർന്നിരിക്കുന്നു. നീ വല്ലതും കഴിച്ചോ?''

കുഞ്ഞുമരത്തിന്റെ സ്നേഹവാക്കുകൾ കേട്ട് മഞ്ചാടിക്കുരുവി സന്തോഷിച്ചു.

*കുഞ്ഞുമരത്തിന്റെ സ്നേഹത്തളിർ*
*ചില്ലയിൽ കുരുവിയിരുന്നു മെല്ലെ*
*നല്ല സുഖം തോന്നി മഞ്ചാടിക്കുരുവി-*
*മെല്ലെയൊരു പാട്ടുപാടിയല്ലോ.*

കുഞ്ഞുമരത്തിന് മഞ്ചാടിക്കുരുവിയുടെ പാട്ട് ഇഷ്ടമായി.

''എത്രനാളായി ഇതുപോലൊരു പാട്ടുകേട്ടിട്ട്. മഞ്ചാടിക്കുരുവീ നിന്റെ പാട്ട് ഒത്തിരി ഇഷ്ടായി കേട്ടോ.''

കുഞ്ഞുമരത്തിന്റെ അഭിനന്ദനം മഞ്ചാടിക്കുരുവിക്ക് ഏറെ ഇഷ്ടമായി.

*നന്മമരമേ തേൻമരമേ*
*പൊന്നുമരമേ കുഞ്ഞുമരമേ*
*എന്റെയീ പാട്ടു നിനക്കുള്ള സമ്മാനം*
*നന്മയ്ക്കു ഞാൻ നൽകും സമ്മാനം.*

സൂര്യാസ്തമയമായി. പടിഞ്ഞാറേ ചക്രവാളം ചുവന്നു തുടുത്തു. അതു കണ്ടിട്ട് കുഞ്ഞുമരം മഞ്ചാടിക്കുരുവിയെ ആ വിശേഷം അറിയിച്ചു.

''നിനക്കറിയോ, ഇന്ന് ക്രിസ്മസ് അപ്പൂപ്പൻ വരുന്ന ദിവസമാണ്.''

മഞ്ചാടിക്കുരുവി ചിറകു നിവർത്തി ചിരിച്ചു. ''നന്നായി. എനിക്ക് ക്രിസ്മസ് അപ്പൂപ്പനെ കാണാൻ പറ്റുമല്ലോ. നല്ല മരമേ കുഞ്ഞുമരമേ, സന്തോഷമായെനിക്ക്.''

അതിനിടെ കുഞ്ഞുമരം ആ കാഴ്ച കണ്ടു. ''മഞ്ചാടിക്കുരുവീ,

**അപ്പോഴാണ് ദൂരെനിന്ന് 'അയ്യോ അയ്യോ' എന്ന കരച്ചിൽ കേട്ടത്. കാലൊടിഞ്ഞ ഒരു മഞ്ചാടിക്കുരുവിയുടെ കരച്ചിലായിരുന്നു അത്. തണുത്തുവിറച്ച് മഞ്ചാടിക്കുരുവി, ഞൊണ്ടിയും പറന്നും താഴെ വീണും പ്രയാസപ്പെട്ട് തടിയൻ മരത്തിന്റെയടുത്തു ചെന്നു. അവൾ വേദന കടിച്ചമർത്തി തടിയൻ മരത്തോട് കേണപേക്ഷിച്ചു.**



ദേ നോക്ക്, ദൂരേക്ക് നോക്ക്.''

''ഹായ് ക്രിസ്മസ് അപ്പൂപ്പൻ, ക്രിസ്മസ് അപ്പൂപ്പൻ.'' മഞ്ചാടിക്കുരുവി ചുണ്ടുയർത്തി ദൂരേക്കു നോക്കി. ക്രിസ്മസ് അപ്പൂപ്പൻ ദൂരെനിന്നു വരുന്നു. രണ്ട് മാനുകൾ വലിക്കുന്ന മനോഹരമായ വണ്ടിയിലാണല്ലോ ക്രിസ്മസ് അപ്പൂപ്പന്റെ വരവ്... സന്തോഷം വന്നാൽ മഞ്ചാടിക്കുരുവി അങ്ങനെയാ. പാട്ടുപാടും.

*ചുവന്ന നീളൻ കുപ്പായം ഹായ്*
*തലയിൽ നല്ലൊരു നീളൻ തൊപ്പി*
*മിനുമിനെ മിന്നിവെളുത്തൊരു താടി*
*വർണബലൂണുകൾ സമ്മാനങ്ങൾ*
*വരവായ് വരവായ് ക്രിസ്മസ് പാപ്പാ*
*കാണാനെന്തൊരു ചേലാണേ...*

പാട്ടുകേട്ട കുഞ്ഞുമരം പറഞ്ഞു: ''മഞ്ചാടിക്കുരുവി പാടിയത് നേരാ. നീളൻ കുപ്പായവും കൂമ്പൻ തൊപ്പിയും വെള്ളത്താടിയുമുള്ള അപ്പൂപ്പനെ കാണാൻ എന്തുരസമാണ്. തോളത്തുള്ള സഞ്ചി നിറയെ നിറപ്പകിട്ടുള്ള സമ്മാനങ്ങളാവും. അല്ലേ...ദാ... ഇങ്ങെത്തിപ്പോയി...!''

ക്രിസ്മസ് അപ്പൂപ്പൻ എത്തിയ പാടെ കൂറ്റൻ മരവും വമ്പൻമരവും ചില്ലക്കൈകൾ കുലുക്കി പാട്ടുപാടാൻ തുടങ്ങി.

*എന്റെയടുത്തുവാ എന്റെയടുത്തുവാ*
*ക്രിസ്മസ് അപ്പൂപ്പാ എന്റെയടുത്തുവാ*
*ഞാനാണീ കാട്ടിലെ കൂറ്റൻ മരം*
*ഞാനാണീ കാട്ടിലെ വമ്പൻ മരം*
*ചില്ലക്കൈ നീട്ടി ക്ഷണിക്കുന്നു ഞങ്ങൾ*
*വേഗന്നു വന്നാട്ടെ ക്രിസ്മസ് പാപ്പാ.*

കൂറ്റൻമരം ക്രിസ്മസ് അപ്പൂപ്പനെ മാടി വിളിച്ചു. ''അപ്പൂപ്പാ ഞാനാണ് ഈ കാട്ടിലെ കൂറ്റൻ മരം. എന്റെ അടുത്തുവാ.''

അതുകേട്ടിട്ട് തടിയൻമരം വിട്ടുകൊടുത്തോ. ഇല്ല.

''അപ്പൂപ്പാ, ഞാനാണ് തടിയൻമരം. ആദ്യം എന്റെ അടുത്തുവാ.''

*കൂറ്റൻമരവും വമ്പൻമരവും കൊമ്പുകുലുക്കി വിളിച്ചുകെഞ്ചി*
*എന്നാലതൊന്നും കേട്ടിടാതെ*
*മെല്ലെ നടന്നൂ അപ്പൂപ്പൻ*
*കുഞ്ഞുമരത്തിന്നരികിലെത്തീ*
*തന്നോളം സ്നേഹം തലോടിനിന്നൂ*
*മഞ്ചാടിക്കുരുവിയെ കണ്ടു ചിരിച്ചൂ*
*മിണ്ടിത്തുടങ്ങിയപ്പൂപ്പൻ.*

''പ്രിയപ്പെട്ട കുഞ്ഞുമരമേ, നീ എത്ര നല്ലവനാണ്. തണുത്തുവിറച്ചു വന്ന പാവം കുരുവിക്ക് നീ ഇടം നൽകിയില്ലേ. നിന്നെയെനിക്ക് ഒത്തിരിയിഷ്ടമായി.''

*തണുത്തുവിറച്ച പാവം കിളിക്ക്*
*തണലും താങ്ങും നൽകിയ മരമേ*
*തളിർത്തിടട്ടേ നിന്നുടെ ശാഖകൾ*
*തിളങ്ങിടട്ടേയീ മരമെന്നും.*

ക്രിസ്മസ് അപ്പൂപ്പൻ തന്റെ സഞ്ചിക്കകത്തുനിന്ന് സമ്മാനങ്ങൾ പുറത്തെടുത്തു. തളിർമരമേ, കുഞ്ഞുമരമേ, ദാ എന്റെയീ സഞ്ചിക്കകത്തുള്ള സമ്മാനങ്ങളെല്ലാം നിനക്കുള്ളതാണ്. എല്ലാ സമ്മാനങ്ങളും ഞാൻ നിന്റെ ചില്ലകളിൽ തൂക്കിയിടുകയാണ്. ഇനിമുതൽ നീ അതിമനോഹരമായ ക്രിസ്മസ് മരമായി മാറും.

*സമ്മാനങ്ങൾ സമ്മാനങ്ങൾ*
*ചുവന്ന സഞ്ചിയിൽനിന്നും*
*കുഞ്ഞുമരത്തിൻ ചില്ലകളിൽ*
*കാണാനെന്തൊരു ചേലാണേ*
*ക്രിസ്മസ് പാപ്പാ നൽകിയ സമ്മാ-*
*നങ്ങളണിഞ്ഞു കുഞ്ഞുമരം*
*അങ്ങനെയാരും കൊതിച്ചീടുന്ന*
*ക്രിസ്മസ് മരമായ് തീർന്നല്ലോ...*

# കൂട്

ഡോ.ഗീത കാവാലം

എന്റെ സൂര്യനുദിക്കാത്ത മേട്ടിൽനി-
ന്നെന്റെ രാവുപുലരാത്ത കൂട്ടിൽനി
ന്നെന്റെ വർണ്ണച്ചിറകുവിരുത്തിഞാ-
നൊന്നു വാനിൽപ്പറക്കാൻ കൊതിക്കുന്നു

എത്ര വൻപക്ഷി പാറുമാകാശമി-
ങ്ങെത്രദൂരമുണ്ടങ്ങോട്ടുയരുവാൻ
എങ്കിലും വർണ്ണമോഹനലോകങ്ങൾ
എന്നെ മാടിവിളിക്കുന്നുരാപ്പകൽ!

സ്വച്ഛസുന്ദരനിർമ്മലമാകാശം
കണ്ടു പണ്ടേ കൊതിയാർന്നിരിക്കവേ
എന്റെ നീഡം തഴുതിട്ടുപൂട്ടിയങ്ങെ-
ങ്ങോപോയി ചതിവുറ്റമാനുഷർ!

കാറ്റുവന്നുവിളിപ്പൂ രഹസ്യമായ്;
കാട്ടിടാം ഞാൻ വഴിയേറെദൂരവും
കൂട്ടുപോരുവാ,നുത്സാഹമിങ്ങനെ
കൂട്ടിടുന്നെന്നിൽ മോഹം, പറക്കുവാൻ

പണ്ടിരുന്നൊരാ മാമരക്കൊമ്പുകൾ
കണ്ടുമോഹിച്ച സ്വപ്നതീരങ്ങളും
ഇന്നുമെന്നിൽതുടിക്കുന്നു ജീവന്റെ
സ്നേഹശക്തിയായ്, നാളെ പ്രതീക്ഷയായ്

എന്നൊടൊപ്പം പറക്കുവാൻമോഹിച്ച
നല്ലകൂട്ടുകാർ പോരൂ കിനാവിന്റെ
വർണ്ണസുന്ദരലോകം കൊരുത്തതിൽ
ബന്ധനത്തിന്നതീതരായ്പ്പാറിടാം.



വര:സുധീർ പി വൈ

# കാപ്പിരിയുടെ ചിരി

കാപ്പിൽ ഗോപിനാഥൻ



സ്കൂൾ വിട്ട് കുട്ടികൾ വീടെത്തിയിട്ട് നേരം ഏറെയായി. നന്ദുവിനെ കാണുന്നില്ല. സ്കൂൾ വിട്ടാൽ ഒറ്റക്കുതിപ്പിന് വീടെത്തുന്നവനാണ്. ഇന്നെന്തുപറ്റി? വല്ല ആപത്തും! അമ്മുവിന് ആധിയായി.

അമ്മു അടുക്കളയിൽനിന്നും പുറത്തേക്കിറങ്ങി. നിരത്തിലെങ്ങും ആരെയും കാണാനില്ല. അകലെനിന്നും ആരോ ഒരാൾ വരുന്നുണ്ട്. ആരെന്നറിയില്ല. അറിയുന്ന ആളാണെങ്കിൽ ചോദിക്കണം, ''നന്ദുവിനെ കണ്ടോയെന്ന്.''

വന്നത് അയൽവീട്ടിലെ ശംഭുവാണ്. നന്ദുവും അവനും ഒരേ സ്കൂളിലാണ് പഠിക്കുന്നത്.

അമ്മുവിനെ കണ്ടപാടേ ശംഭു ചോദിച്ചു:

''ചേച്ചിയിവിടെ? ആരെയോ കാത്തുനിൽക്കുന്ന മട്ടുണ്ടല്ലോ?''

''അതേടാ, എന്റെ മോൻ നന്ദുവിനെ കാണുന്നില്ല. സ്കൂൾ വിട്ടിട്ട് ഇത്രയും നേരമായി. എനിക്കാണേൽ പേടിയാകുന്നു.''

''ചേച്ചി പേടിക്കേണ്ട, ഇന്നുച്ചയ്ക്ക് പരീക്ഷ തീർന്നതല്ലേ, അവൻ കൂട്ടുകാരുമായി കളിക്കുന്നതാവും. ഞാൻ പോയി നോക്കി വരാം.''

അവൻ വന്നവഴിയെ തിരിഞ്ഞുനടന്നു. അമ്മു വേവലാതിയോടെ അവന്റെ പോക്കു നോക്കിനിന്നു.

നന്ദു സ്കൂൾ വളപ്പിൽ തന്നെയുണ്ട്. സ്കൂൾ മുറ്റത്തെ അരയാൽ ചുവട്ടിൽ അവൻ ഒറ്റയ്ക്കു നിൽക്കുന്നു. ഇവനെന്തേ

ഒറ്റയ്ക്കു നിൽക്കാൻ എന്ന ആലോചനയോടെ ശംഭു അവന്റെ അരികിലേക്കു നടന്നു. ശംഭുവിനെ കണ്ടതും നന്ദു കരയാൻ തുടങ്ങി.

''എന്താടാ നീ കരയുന്നേ? ''ശംഭു അമ്പരപ്പോടെ ചോദിച്ചു.

''ആ കേശു എന്റെ സ്ലേറ്റ് ചവിട്ടിയുടച്ചു.''

''എന്തിന്?'' ശംഭു ചോദ്യ

**"പരീക്ഷ തീർന്നതും ബെല്ലടിച്ചതും ഒന്നിച്ചായിരുന്നു. മുമ്പേ ടീച്ചറും പിമ്പേ കുട്ടികളും പുറത്തേക്കിറങ്ങി. ഞാനും ഇറങ്ങാനൊരുങ്ങുമ്പോൾ അവൻ മുന്നിൽ വന്ന് എന്റെ സ്ലേറ്റിൽ ഒരു ചവിട്ട്. എന്നിട്ട് ഒരോട്ടം, നോക്കുമ്പോൾ എന്റെ സ്ലേറ്റ് പല കഷണങ്ങളായി കിടക്കുന്നു."**

ഭാവത്തിൽ അവനെ നോക്കി.

''പരീക്ഷയ്ക്കു മുഖാമുഖം നിൽക്കാൻ ടീച്ചർ പറഞ്ഞു. അന്നേരം അവൻ എന്നോട് ഒരു കുറ്റിപ്പെൻസിൽ ചോദിച്ചു. തലേദിവസം അമ്മ എനിക്കൊരു പുത്തൻ സ്ലേറ്റും പെൻസിലും വാങ്ങിത്തന്നതുകൊണ്ട് ഞാൻ കുറ്റിപ്പെൻസിൽ എടുത്തിരുന്നില്ല. അതുകൊണ്ട് ഞാൻ പറഞ്ഞു എന്റെ പക്കൽ പെൻസിലില്ലെന്ന്.''

''എന്നാൽ എന്റെ കൈയിലെ പെൻസിലിൽനിന്നും പകുതി ഒടിച്ചു കൊടുക്കണമെന്നായി അവൻ.''

''അതു കേട്ട ഞാൻ പറഞ്ഞു, പറ്റില്ല, അമ്മ അറിഞ്ഞാൽ വഴക്കു പറയും.''

അതുകേട്ട അവൻ എന്നെ രൂക്ഷമായി ഒന്നു നോക്കി. എന്നിട്ടു പറഞ്ഞു:

''പരീക്ഷ തീരട്ടെ, കാണിച്ചുതരാം.''

''പരീക്ഷ തീർന്നതും ബെല്ലടിച്ചതും ഒന്നിച്ചായിരുന്നു. മുമ്പേ ടീച്ചറും പിമ്പേ കുട്ടികളും പുറത്തേക്കിറങ്ങി. ഞാനും ഇറങ്ങാനൊരുങ്ങുമ്പോൾ അവൻ മുന്നിൽ വന്ന് എന്റെ സ്ലേറ്റിൽ ഒരു ചവിട്ട്. എന്നിട്ട് ഒരോട്ടം, നോക്കുമ്പോൾ എന്റെ സ്ലേറ്റ് പല കഷണങ്ങളായി കിടക്കുന്നു.''

സ്ലേറ്റ് ശംഭുവിനെ കാണിച്ചുകൊണ്ട് നന്ദു കരയാൻ തുടങ്ങി.

''ഇനി കരഞ്ഞിട്ടെന്തു കാര്യം? നമുക്ക് വീട്ടിൽ പോകാം.'' ശംഭു പറഞ്ഞു.

''ഇല്ല, ഞാൻ വരില്ല. വന്നാൽ എന്നെ അമ്മ കൊല്ലും.''

''ഇല്ല. അമ്മ ഒന്നും ചെയ്യില്ല. ഒക്കെ ഞാൻ പറഞ്ഞോളാം.'' ശംഭു അവനു ധൈര്യം കൊടുത്തു.

''ശംഭുച്ചേട്ടൻ പൊയ്ക്കോ,



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

ഞാൻ വരുന്നില്ല.'' നന്ദു ഉറച്ച മട്ടാണ്.

''അതൊക്കെ ഞാൻ തീരുമാനിച്ചിട്ടുണ്ട്. ചേട്ടൻ പൊയ്ക്കോ.''

ഇവനെന്തോ അവിവേകത്തിനുള്ള പുറപ്പാടാണ്. ശംഭുവിന് അങ്ങനെ തോന്നി. എന്തായാലും ഇവനെ ഇവിടെ വിട്ടേച്ചു പോയാൽ ശരിയാവില്ല. കൂട്ടിക്കൊണ്ടുതന്നെ പോകണം.

എന്താണ് അതിനൊരു വഴി? ശംഭു ഏറെ ആലോചിച്ചു. എന്നിട്ടു ചോദിച്ചു:

''എന്താടാ നിനക്ക് കേശുവിന്റെ അച്ഛനെ അറിയാമോ?''

''അറിയാം. ആ തെങ്ങു കയറ്റക്കാരൻ കൊച്ചുനാണുവല്ലേ?''

''അതെ, അയാൾ തന്നെ. അയാൾ ഇപ്പോൾ ഹാജിയാരുടെ പറമ്പിൽ തേങ്ങയിടുകയാണ്. നമുക്ക് അങ്ങോട്ടു പോകാം. അയാളുടെ മകൻ ഉടച്ച സ്ലേറ്റിനുപകരം മറ്റൊന്ന് വാങ്ങിത്തരാൻ പറയാം.''

''അയാൾ വാങ്ങിത്തരുമോ?'' നന്ദുവിനു സംശയം.

''അയാളെക്കൊണ്ട് വാങ്ങിപ്പിക്കാം. നീ എന്നോടൊപ്പം വന്നാൽ മതി.''

നന്ദു ശംഭുവിനു പിന്നാലെ നടന്നു. അമ്പലപ്പറമ്പു കടന്നാൽ ഹാജിയാരുടെ മതിൽക്കെട്ട് തുടങ്ങും. അതൊരു കോട്ട പോലെ അങ്ങനെ നീണ്ടു വളഞ്ഞു കിടക്കുന്നു.

അവർ ഗേറ്റിലൂടെ അകത്തേക്കു കടന്നു. ഒട്ടുനേരം അകത്തേക്കു നോക്കിനിന്നു. നീണ്ടു പരന്നുകിടക്കുന്ന വിശാലമായ തെങ്ങിൻതോപ്പ്. ഒരായിരം തെങ്ങെങ്കിലും അവിടെ കാണണം. എല്ലാറ്റിനും ഒരേ പൊക്കം. ഓരോന്നിന്റെയും മണ്ടയിൽ മച്ചിങ്ങയുടെയും കരിക്കിന്റെയും തേങ്ങയുടെയും പല പല കുലകൾ. കടയ്ക്കൽ നനയ്ക്കാൻ വേണ്ട നീർച്ചാലുകൾ. അതിൽ അലിഞ്ഞു ചേർന്ന ചാണകത്തിന്റെയും ചാരത്തിന്റെയും തരികൾ.

തേങ്ങയിടാനും അവ ചുമന്നു മാറ്റാനും ഒട്ടേറെ ആണും പെണ്ണും. അവർക്കിടയിലൂടെ അവർ കൊച്ചുനാണുവിനെ നോക്കി നടന്നു.

അവർ നടന്നുനടന്ന് ബംഗ്ലാവിന്റെ മുന്നിലെത്തി. പൂമുഖത്തെ ചാരുകസേരയുടെ കസേരപ്പടികളിൽ കാൽ നീട്ടിവച്ച് ഒരാൾ കിടക്കുന്നു. കറുത്തു കൊഴുത്തു കുള്ളനായ ഒരു കാപ്പിരി. മുഖത്ത് സ്വർണ ഫ്രെയിമിന്റെ കണ്ണട. ചുണ്ടത്ത് പുകയുന്ന ചുരുട്ട്. ഒറ്റനോട്ടത്തിൽ ആരും പേടിക്കും.

അയാൾ കാണാതിരിക്കാൻ അവർ വഴിമാറി നടന്നു. അപ്പോഴുണ്ട് പിറകിൽനിന്നും ഒരു കൈകൊട്ടൽ. അവരൊന്നു പേടിച്ചു. ഓടി രക്ഷപ്പെടാനും പറ്റില്ല. ചുറ്റിനും ആൾക്കാരാണ്. അവർ പിടികൂടും. എന്തും വരട്ടെ. ശംഭു നന്ദുവിന്റെ കൈയിൽ പിടിച്ചു. അവനെയും കൂട്ടി അയാൾക്കരികിലേക്കു നടന്നു. നന്ദുവിന്റെ ശരീരം വിറയ്ക്കുന്നതായി ശംഭുവിനു തോന്നി.

''എന്താടാ നീ പേടിച്ചോ?''

''എനിക്കൊന്നു മുള്ളണം.'' നന്ദു വിറച്ചുകൊണ്ടു പറഞ്ഞു.

''ഇപ്പോൾ വേണ്ട. നീ ഒന്ന മർത്തിപ്പിടിച്ചോ.''

അവർ ഹാജിയാർക്കു മുന്നിലെത്തി. പേടിച്ചുവിറച്ചു നിൽക്കുന്ന അവരെ നോക്കി അയാൾ ഒന്നു ചിരിച്ചു. കറുത്ത മുഖത്ത് വെളുത്ത ചിരി. കാർമേഘക്കീറിനുള്ളിലെ അമ്പിളിക്കലപോലെ ഹൃദ്യമായ ദൃശ്യം.

അയാൾ ചോദിച്ചു: ''എന്തിനാ വന്നേ? ആരെ കാണാനാ?'' അലിവൂറുന്ന വാക്കുകൾ. അതോടെ അവരുടെ ഉള്ളിലെ ഭയം മാറി. ആശ്വാസത്തിന്റെ ഒരു നീരോട്ടം സിരകളിൽ ഒഴുകിയെത്തി.

അടുത്തുനിന്ന കാര്യസ്ഥനെ നോക്കി ഹാജിയാർ പറഞ്ഞു.

''ഈ കുട്ടികൾ ഉച്ചയ്ക്കൊന്നും കഴിച്ച മട്ടില്ല. ഇയാൾ ഇവർക്ക് രണ്ട് ഇളനീർ വെട്ടിക്കൊണ്ടു വരൂ.''

കാര്യസ്ഥൻ പോയി. അപ്പോൾ ഹാജിയാർ ചോദിച്ചു:

''എന്തേ വന്ന കാര്യം?'' അപ്പോഴും സൗമ്യതയുടെ ഒരു കടൽ അവർക്കരികിലേക്ക് ഒഴുകിയെത്തി.

നന്ദു ശംഭുവിനെ ചേർത്തു നിർത്തി കഴിഞ്ഞ സംഭവങ്ങൾ വിവരിക്കാൻ തുടങ്ങി. അന്ത്യത്തിൽ അവൻ ഇങ്ങനെ പറഞ്ഞുനിർത്തി.

''ഹാജി, ആ കൊച്ചുനാണുവിനോടു പറഞ്ഞ് ഇവനൊരു സ്ലേറ്റ് വാങ്ങിക്കൊടുക്കണം. നാളെ പരീക്ഷ എഴുതാനുള്ളതാണ്.''

അപ്പോൾ കാര്യസ്ഥൻ അവിടേക്കു വന്നു. അയാൾ ഇരു കൈകളിലും താങ്ങിയിരുന്ന ഇളനീര് അവർക്കുനേരേ നീട്ടി.

അതുകണ്ട് ഹാജിയാർ പറഞ്ഞു:

''ഇനി കരിക്കു കുടിച്ചിട്ട് ബാക്കികാര്യം.''

എന്നിട്ട് കാര്യസ്ഥനെ അടുത്തേക്കു വിളിച്ച് എന്തോ പറയുന്നു. അതുകേട്ടപാടേ അയാൾ അവിടെനിന്നും പോയി.

ഇളനീരിനു നല്ല രുചി. പഞ്ചസാര നാവിലിട്ട് അലിയിച്ച പോലെ. അവർ ആർത്തിയോടെ അത് കുടിക്കാൻ തുടങ്ങി. എത്ര കുടിച്ചിട്ടും തീരുന്നില്ല. വയർ മത്തങ്ങപോലെ വീർത്തു വരുന്നു.

അപ്പോൾ അതുവഴി വന്ന ഒരാളോട് ഹാജിയാർ പറഞ്ഞു: ''അതൊന്നു വെട്ടികൊടുക്കൂ; അതിന്റെ വഴുമ്പൽകൂടി അവർ തിന്നട്ടെ.''

വെണ്ണപോലുള്ള വഴുമ്പൽ. അതുകൂടി അകത്തുചെന്നപ്പോൾ

വയറു നിറഞ്ഞു. ജീവിതത്തിൽ ആദ്യം വയറു നിറഞ്ഞതിന്റെ അനുഭവം. അതിന്റെ സംതൃപ്തി അവരുടെ മുഖത്തു തെളിഞ്ഞുകണ്ടു.

എല്ലാം നോക്കിക്കൊണ്ടിരുന്ന ഹാജിയാർ അവരെ അടുത്തേക്കു വിളിച്ചു. എന്നിട്ടു പറഞ്ഞു:

“ആ സ്ലേറ്റ് ഒന്നെടുക്ക്. ഞാനൊന്നുകാണട്ടെ.”

ശംഭു നന്ദുവിന്റെ സഞ്ചി വാങ്ങി. അതിൽനിന്നും സ്ലേറ്റ് പുറത്തേക്കെടുത്തു. അപ്പോൾ ഉടഞ്ഞതിന്റെ ഒന്നുരണ്ടു കഷണങ്ങൾ കൂടി നിലത്തുവീണു.

അല്പനേരം സ്ലേറ്റിൽ തന്നെ നോക്കിയിരുന്ന ഹാജിയാർ സ്ലേറ്റിൽ നിന്നും മുഖമുയർത്തി നന്ദുവിനോടു ചോദിച്ചു: “ഇന്നെന്തായിരുന്നു വിഷയം?”

“കണക്ക്.” നന്ദുവിന്റെ മറുപടി

“മിടുക്കനാണല്ലോ. നൂറിനു നൂറും വാങ്ങിയിരിക്കുന്നു.” ഹാജിയാരിൽനിന്നും നന്ദുവിനുള്ള അഭിനന്ദനം.

“കണക്കിനുമാത്രമല്ല. എല്ലാറ്റിനും ഇവനാ ക്ലാസ്സിൽ ഫസ്റ്റ്.” ശംഭു പറഞ്ഞു.

അതുകേട്ട ഹാജിയാർ ഒരു ചെറുചിരിയോടെ അവരോടു ചോദിച്ചു:

“നാലാം ക്ലാസ്സിലെ കൊച്ചു പരീക്ഷയ്ക്ക് കണക്കിന് എനിക്കെത്ര മാർക്കായിരുന്നെന്നറിയാമോ?”

അവർക്ക് അതറിയണമെന്നുണ്ട്. എന്നാലത് ചോദിക്കാനുള്ള ധൈര്യം വരുന്നില്ല.

“നൂറിൽനിന്ന് ആദ്യപൂജ്യം പോയാൽ ബാക്കി?”

“പത്ത്.” അവർ ഒരുമിച്ച് ഉത്തരം പറഞ്ഞു.

“ഒന്നുകൂടി പോയാലോ?”

“ഒന്ന്.” അവർ പതിയെ പറഞ്ഞു.

“എന്നാൽ അതായിരുന്നു എനിക്കു കിട്ടിയ മാർക്ക്.”



**എന്റെ ദുഃഖം മനസ്സിലാക്കിയ ഒരു മാഷുണ്ടായിരുന്നു. സ്കൂളിൽ ഒഴിവുസമയങ്ങളിൽ അദ്ദേഹം എന്നെ പഠിപ്പിച്ചു. വാർഷിക പരീക്ഷയിൽ എനിക്കും നൂറിനു നൂറും വാങ്ങാൻ മാഷ് എന്നെ പ്രാപ്തനാക്കി. അത് എന്റെ ജീവിതവിജയത്തിന്റെ ആദ്യപടി ആയിരുന്നു. പതിയെപ്പതിയെ ഞാൻ ഈ നിലയിലെത്തി.**



അത്രയും പറഞ്ഞ് ഹാജിയാർ ഒന്നു ചിരിച്ചു. അവർക്കും ഉള്ളിൽ ചിരി വന്നെങ്കിലും അത് പുറത്തേക്കെത്തിയില്ല.

“നിങ്ങൾക്കു ചിരിക്കണമെന്നു തോന്നി അല്ലേ?” ഹാജി ചോദിച്ചു.

അവർ അനങ്ങിയില്ല. അതു കണ്ട ഹാജിയാർ തുടർന്നു.

“എന്റെ ദുഃഖം മനസ്സിലാക്കിയ ഒരു മാഷുണ്ടായിരുന്നു. സ്കൂളിൽ ഒഴിവുസമയങ്ങളിൽ അദ്ദേഹം എന്നെ പഠിപ്പിച്ചു. വാർഷിക പരീക്ഷയിൽ എനിക്കും നൂറിനു നൂറും വാങ്ങാൻ മാഷ് എന്നെ പ്രാപ്തനാക്കി. അത് എന്റെ ജീവിതവിജയത്തിന്റെ ആദ്യപടി ആയിരുന്നു. പതിയെപ്പതിയെ ഞാൻ ഈ നിലയിലെത്തി. എന്റെ വിജയഗാഥ ഓർമിപ്പിക്കാൻ നിങ്ങളും വന്നു.” പറഞ്ഞുനിർത്തിയ ഹാജിയാർ കാര്യസ്ഥനെ അടുത്തു വിളിച്ചു, എന്നിട്ടു പറഞ്ഞു:

“എടോ അതിങ്ങു കൊണ്ടുവരൂ.”

കാര്യസ്ഥൻ രണ്ടു സ്ലേറ്റും ഒരു പെട്ടി പെൻസിലും ഹാജിയാരുടെ കൈകളിലേക്കു വച്ചുകൊടുത്തു. അതു നന്ദുവിനു നേരെ നീട്ടിക്കൊണ്ടു ഹാജിയാർ പറഞ്ഞു:

“സ്ലേറ്റുടഞ്ഞാൽ ഇങ്ങോട്ടു പോര്. പക്ഷേ മാർക്ക് നൂറിൽ കുറയരുത്.”

“ഇല്ല.” നന്ദു ധൈര്യപൂർവം പറഞ്ഞു.

“എന്നാൽ പൊയ്ക്കൊള്ളൂ.”

അതുകേട്ട അവർ പുറത്തേക്ക് ഒരോട്ടം.





# കരി തിന്നുന്നവർ

**പി കെ സുധി**

കായികാധ്വാനം കുറയ്ക്കാനുള്ള വിദ്യകളെകുറിച്ചാണ് മനുഷ്യരെന്നും ചിന്തിച്ചിരുന്നത്. അങ്ങനെയാണ് ചക്രങ്ങളുണ്ടായത്. ആവിയന്ത്രവും വന്നു. കൽക്കരി ഇന്ധനമായി ഉപയോഗിക്കാൻ സാധിക്കുമെന്നു കണ്ടെത്തി. തുടർന്ന് ഏതെല്ലാം തരത്തിലുള്ള യന്ത്രസാമഗ്രികളാണുണ്ടായത്. കപ്പലുകൾ, തീവണ്ടികൾ, ഫാക്ടറികൾ ഇവയിലും താപവൈദ്യുതനിലയങ്ങളിലും ഇന്ധനമായി ഉപയോഗിക്കുന്നത് കൽക്കരിയാണ്. അങ്ങനെ കൽക്കരി മനുഷ്യരുടെ ഒരു പ്രധാന ഊർജ ഉറവിടമായി മാറി.

ഫോസിലായി മാറിയ കാർബൺധാതു എന്നാണ് 'കോൾ' എന്ന വാക്കിന്റെ അർഥം. പെട്രോൾ മാതിരി അനുനിമിഷം കുറയുന്നതാണ് ഭൂമിക്കടിയിലുള്ള കൽക്കരിയുടെ ശേഖരവും. കൽക്കരി കത്തുമ്പോൾ അന്തരീക്ഷമലിനീകരണമുണ്ടാകുന്നു. ആഗോളതാപനത്തിനും അതുവഴി കാലാവസ്ഥാവ്യതിയാനത്തിനും കൽക്കരിയുടെ പങ്ക് വലുതാണ്. അങ്ങനെ നോക്കിയാൽ കരിയെന്നും ചൂടുള്ള ഒരു വിഷയമാണ്.

പണ്ടുപണ്ട് മണ്ണടിഞ്ഞ സസ്യഭാഗങ്ങൾ ഭൗമഗർത്തത്തിനുള്ളിലെ ചൂടും മർദവുമേറ്റ് ഫോസിലായി മാറിയതാണ് കൽക്കരി. കൽക്കരിശേഖരങ്ങളുടെ ജനന ചരിത്രം പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നതാണ്. അതായത് മൂന്നൂറുമില്യൺ (ഒരു മില്യൺ - പത്തു ലക്ഷം) വർഷങ്ങൾക്കു മുമ്പാണ് അവസാനത്തെ കൽക്കരിപ്പാടം പിറന്നത്. എന്തുകൊണ്ടാണ് അതിനുശേഷം പുതിയ കൽക്കരിശേഖരങ്ങൾ ഭൂമിയിലുണ്ടാകാത്തത്?

നല്ലൊരു ആലോചനാവിഷയമാണ്. അതിനുത്തരം കണ്ടെത്തിയത് അടുത്തകാലത്താണ്. പന്ത്രണ്ടു രാജ്യങ്ങളിലെ എഴുപത്തിയൊന്നു ശാസ്ത്രകാരന്മാരുടെ അധ്വാനമാണ് ഇതിനു

പിന്നിലുള്ള നിഗൂഢത അഴിച്ചെടുത്തത്.

സസ്യാവശിഷ്ടങ്ങളാണ് കൽക്കരിയുടെ അടിസ്ഥാന വസ്തു. സസ്യകോശങ്ങളിൽ അടങ്ങിയിട്ടുള്ള ലിഗ്നിനാണ് മരത്തിന് ഈടും ബലവും ഉറപ്പുമൊക്കെ നൽകുന്നത്. ഈ ലിഗ്നിനാണ് മണ്ണിനുള്ളിൽ കിടന്ന് കൽക്കരിയായി രൂപം മാറുന്നത്.

നമ്മുടെ ചുറ്റിലും ഏതെങ്കിലും മരം വീണാലെന്താണിപ്പോൾ സംഭവിക്കുന്നത്. അതു ജീർണ്ണിച്ചുപോകുകയാണു ചെയ്യുന്നത്. തടിയെ തിന്നാൻ നിരവധി ജീവികൾ എത്തുന്നത് നിങ്ങളും ശ്രദ്ധിച്ചിരിക്കും. അക്കൂട്ടത്തിൽ മരത്തിന്റെ ലിഗ്നിൻ അടങ്ങിയ കാതലിൽ തൊടാൻ ശേഷിയുള്ളത് ഒരൊറ്റ ജീവിക്കുമാത്രം. കുമിൾ (ഫംഗസ്) വിഭാഗത്തിലുള്ള വൈറ്റ്റോട്ട് ഫംഗസ് (White Rot Fungus) എന്ന

**നാം ഭക്ഷണത്തിനുപയോഗിക്കുന്ന തീറ്റക്കുമിളുകളുടെ സ്വന്തക്കാരനാണ് ഈ വൈറ്റ്റോട്ട് ഫംഗസ്. അവന്റെ ജനനത്തീയതി കണ്ടെത്തിയതോടെയാണ് കൽക്കരി രഹസ്യം വെളിച്ചത്തുവന്നത്. മുന്നൂറുമില്യൺ വർഷങ്ങൾക്കുമുമ്പാണ് വൈറ്റ്റോട്ട് ഫംഗസ് ഈ ഭൂമിയിൽ പ്ര ത്യക്ഷനായത്. അതിനുശേഷം കൽക്കരി പാടങ്ങളുണ്ടായില്ല. ഈ ഫംഗസ് വന്നതിനു ശേഷം മണ്ണടിയുന്ന ഒരു മരത്തിനു കൽക്കരിയായി പുനർജ്ജനിക്കാൻ സാധിക്കാതെ പോയി.**

സൂക്ഷ്മജീവിക്ക് മാത്രമേ ഈ ലിഗ്നിനെ നശിപ്പിക്കാൻ കഴിയുകയുള്ളു. ഈ ഫംഗസിന്റെ രാസാഗ്നി പ്രയോഗത്താലാണ് മാമരങ്ങൾ പതിയെ പൊടിഞ്ഞു മണ്ണോടുചേരുന്നത്. ഈ വിവരം കണ്ടുപിടിക്കാൻ ശാസ്ത്രകാരന്മാർ ഇത്തിരി കഷ്ടപ്പെട്ടു. അഗാരിക്കോമൈസിറ്റ്സ് (Agaricomycetes) എന്ന കുമിൾ കുടുംബത്തിലെ മുപ്പത്തിയൊന്നു ഫംഗസുകളെ പഠനവിധേയമാക്കിയപ്പോഴാണ് ഈ രഹസ്യം വെളിപ്പെട്ടത്.

നാം ഭക്ഷണത്തിനുപയോഗിക്കുന്ന തീറ്റക്കുമിളുകളുടെ സ്വന്തക്കാരനാണ് ഈ വെറ്റ്റോട്ട് ഫംഗസ്. അവന്റെ ജനനത്തീയതി കണ്ടെത്തിയതോടെയാണ് കൽക്കരി രഹസ്യം വെളിച്ചത്തുവന്നത്. മുന്നൂറുമില്യൺ വർഷങ്ങൾക്കുമുമ്പാണ് വെറ്റ്റോട്ട് ഫംഗസ് ഈ ഭൂമിയിൽ പ്രത്യക്ഷനായത്. അതിനുശേഷം കൽക്കരി പാടങ്ങളുണ്ടായില്ല. ഈ ഫംഗസ് വന്നതിനു ശേഷം മണ്ണടിയുന്ന ഒരു മരത്തിന് കൽക്കരിയായി പുനർജ്ജനിക്കാൻ സാധിക്കാതെ പോയി. ചത്തുവീണ മാമരങ്ങളെയെല്ലാം ഈ പണ്ടാരക്കുമിളുകൾ തിന്നുതീർത്തു. നമ്മുടെ എത്ര ഇന്ധനമാണ് പാഴായിപ്പോയത്!

മൂക്കത്ത് വിരൽവച്ചോ? വെറ്റ്റോട്ട് ഫംഗസിനെ അങ്ങനെ ശപിക്കാൻ വരട്ടെ! മനുഷ്യർ ആഗോളതാപത്തിനെ ഭയന്ന് മലിനീകാരികളല്ലാത്ത ഹരിത ഇന്ധനങ്ങൾ തേടി നടക്കുന്ന കാലമാണല്ലോ ഇത്.

വെറ്റ്റോട്ട് ഫംഗസിനു ലിഗ്നിനെ മാത്രമല്ല തിന്നാൻ ശേഷിയുള്ളത്. അതു മാത്രമല്ല സസ്യകോശങ്ങളിലെ സെല്ലുലോസ്, സെമിസെല്ലുലോസ് ഉൾപ്പെടെയുള്ളവയെല്ലാം ഇവർ വിഘടിപ്പിക്കുന്നുണ്ട്. അതിനാൽ ഇവയെ ജൈവ ഇന്ധന നിർമാണത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ അമൂല്യജീവികൾ സസ്യാവശിഷ്ടങ്ങളിൽ നിന്നു പഞ്ചസാര (Sugar) യുണ്ടാക്കുന്നു. അതിനെ ഈ ഈസ്റ്റുമായി പ്രവർത്തിക്കാൻ വിടുമ്പോൾ ആൽക്കഹോൾ ഉണ്ടാകുന്നു. ഇതൊരു ജൈവ ഇന്ധനമാണ്.

നോക്കുക. എതുശാപത്തിനെയും ഉപകാരപ്രദമാക്കി മാറ്റാൻ കരുത്തുറ്റവരാണ് മനുഷ്യർ. കൽക്കരിയുടെ പിറവിയടങ്ങത്തിനെ കുറിച്ചുള്ള വിവരങ്ങൾ 2012 ജൂൺ 29ലെ സയൻസ് മാസികയിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.



വൈറ്റ്റോട്ട് ഫംഗസ്

കഥ

# മാത്സ്, മാംഗോ ട്രീ!

**ജോസ് പ്രസാദ്**



വര: ടി ആർ രാജേഷ്

ആർക്കെയ് ഞ്ചൽസ് ബോയ്സ് സ്കൂളിന്റെ മതിൽക്കെട്ടിനുള്ളിൽ ഗേറ്റിനരികെയുള്ള ഒട്ടുമാവ് പൂത്തുതുടങ്ങിയപ്പോൾ മുതൽ റിയാന്റെ മനസ്സിലും ഒരു ആഗ്രഹം വിരിയാൻ തുടങ്ങിയിരുന്നു. കഴിഞ്ഞവർഷം ഒന്നാം ക്ലാസിൽ പഠിക്കുമ്പോഴും ആ മാവ് പൂക്കുന്നതും കണ്ണിമാങ്ങ വളരുന്നതും സ്വർണ നിറത്തിൽ നീലം മാങ്ങയുടെ ഇരട്ടി വലിപ്പമുള്ള മാമ്പഴങ്ങൾ തൂങ്ങിയാടുന്നതും കൗതുകത്തോടെ അവൻ കണ്ടിട്ടുണ്ടായിരുന്നു.

ഈ വർഷവും മുൻവർഷത്തേപ്പോലെ ഡിസംബർ ആയപ്പോൾ ഒട്ടുമാവ് പൂത്തുതുടങ്ങി. മാമ്പൂക്കൾ പകുതി കൊഴിയുകയും പകുതി കണ്ണിമാങ്ങകളായി രൂപാന്തരം പ്രാപിക്കുകയും ചെയ്തു. ഇത്തവണ കഴിഞ്ഞ വർഷത്തേതിന്റെ ഇരട്ടി മാങ്ങകളാണ് പിടിച്ചിരിക്കുന്നത്.

മാവ് പൂത്ത നാൾമുതൽ റിയാൻ ഗേറ്റിനരികിൽ യൂണിഫോമിട്ടു നിൽക്കുന്ന എഴുപതു കഴിഞ്ഞ സെക്യൂരിറ്റിക്കാരന് ഒരു ചിരി സമ്മാനിക്കാൻ തുടങ്ങി. സദാ മുഖത്ത് ഒരു വിഷാദച്ഛായയുള്ള അയാളെ കുട്ടികളിലാരെങ്കിലും ശ്രദ്ധിക്കുന്നതു തന്നെ അപൂർവമായിരുന്നു.

ഏതാണ്ട് രണ്ടാഴ്ചത്തെ പരിശ്രമം കൊണ്ടാണ് സെക്യൂരിറ്റി വൃദ്ധനെക്കൊണ്ട് തിരിച്ചൊന്നു ചിരിപ്പിക്കാൻ റിയാന് കഴിഞ്ഞത്. പിന്നീടെന്നും റിയാന്റെ ചിരികൾക്ക് അയാൾ മറുചിരി നൽകിത്തുടങ്ങി.

എന്നാൽ പരസ്പരം എന്തെങ്കിലും സംസാരിക്കാൻ രണ്ടുപേരും ധൈര്യപ്പെട്ടില്ല. അങ്ങനെ സംസാരിക്കുന്നത് സ്കൂൾ നിയമങ്ങൾക്ക് വിരുദ്ധമായ കാര്യവുമായിരുന്നു.

വാർഷിക പരീക്ഷ തുടങ്ങിയപ്പോളേക്കും മാങ്ങകളൊന്നും പഴുത്തില്ലെങ്കിലും വിളഞ്ഞു തുടങ്ങിയിരുന്നു. അന്ന് മാത്തമാറ്റിക്സ് എക്സാമിന്റെ ദിവസമായിരുന്നു. ഉച്ചതിരിഞ്ഞ് രണ്ടുമുതൽ നാലുവരെയാണ് പരീക്ഷ. ചോദ്യപ്പേപ്പർ എല്ലാവർക്കും കൊടുത്തുകഴിഞ്ഞ് ആൻമരിയ മിസ്സ് ബ്ലാക്ക്ബോർഡിൽ ഇങ്ങനെ എഴുതിയിട്ടു: 'കോപ്പിയടിക്കരുത്, ദൈവം എല്ലാം കാണുന്നുണ്ട്!'

കുട്ടികൾ പരീക്ഷയെഴുതാനും മിസ്സ് കസേരയിലിരുന്ന് ബ്ലൂടൂത്ത് ചെവിയിൽ തിരുകി മൊബൈൽ ഫോൺ നോക്കാനും തുടങ്ങി. നന്നായി പഠിക്കുന്ന കുട്ടിയായിരുന്നതിനാൽ റിയാൻ എല്ലാ ഉത്തരങ്ങളും ഒരു മണിക്കൂർ കൊണ്ട് എഴുതിക്കഴിഞ്ഞു. പക്ഷേ 3.30 ആവാതെ ഉത്തരക്കടലാസ് കൊടുത്ത് പുറത്തിറങ്ങാൻ കഴിയില്ല എന്നതാണ് പരീക്ഷയുടെ നിയമം.

മൂന്നരയായപ്പോൾ റിയാൻ പുറത്തിറങ്ങി. ജനാലയ്ക്കരികിൽ വന്ന് പിടികിട്ടാത്ത ഉത്തരങ്ങൾ തല പുകഞ്ഞാലോചിക്കുന്ന കൂട്ടുകാരൻ ഫെലിക്സിനെ വേഗം പുറത്തുവരാൻ ആംഗ്യം കാട്ടി. ഫെലിക്സും പരീക്ഷയെഴുതുന്നതു മതിയാക്കി വേഗം പുറത്തിറങ്ങി.

രണ്ടുപേരും ഒട്ടുമാവിന്റെ ചുവട്ടിലേക്ക് സ്കൂൾ ബാഗും തോളിലിട്ട് ഒരു ഓട്ടമായിരുന്നു. റിയാൻ ബാഗിൽ കരുതിയിരുന്ന രണ്ട് പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ ഒരെണ്ണമെടുത്ത് ഫെലിക്സിനു നൽകി പറഞ്ഞു: "വേഗം ഇതിൽ കൊള്ളുന്നത്ര വിളഞ്ഞതു നോക്കി പറിച്ചെടുക്ക്."

കൂട് വാങ്ങിക്കൊണ്ട് ഫെലിക്സ് പറഞ്ഞു: "പക്ഷെ, ദൈവം എല്ലാം കാണുന്നുണ്ട്."

**ഏതാണ്ട് രണ്ടാഴ്ചത്തെ പരിശ്രമം കൊണ്ടാണ് സെക്യൂരിറ്റി വൃദ്ധനെക്കൊണ്ട് തിരിച്ചൊന്നു ചിരിപ്പിക്കാൻ റിയാന് കഴിഞ്ഞത്. പിന്നീടെന്നും റിയാന്റെ ചിരികൾക്ക് അയാൾ മറുചിരി നൽകിത്തുടങ്ങി. എന്നാൽ പരസ്പരം എന്തെങ്കിലും സംസാരിക്കാൻ രണ്ടുപേരും ധൈര്യപ്പെട്ടില്ല.**



"മിസ്സ് ബോർഡിൽ എഴുതിയിട്ടത് ഞാനും കണ്ടു. ദൈവം ഇപ്പോൾ കോപ്പിയടിക്കുന്നതാരൊക്കെയാണെന്ന് നോക്കിക്കൊണ്ടു നിൽക്കുകയാ. അതുകൊണ്ട് നാലുമണി വരെ നമ്മൾ മാങ്ങ പറിച്ചാലും ദൈവം കാണില്ല."

രണ്ടുപേരും മത്സരിച്ച് മാങ്ങ പറിച്ച് കൂട് നിറയ്ക്കാൻ തുടങ്ങി. സെക്യൂരിറ്റി വൃദ്ധൻ നോക്കുന്നതു കണ്ടപ്പോൾ റിയാൻ അയാളെ കണ്ണിറുക്കി കാണിച്ചു. വൃദ്ധനാവട്ടെ ആ സ്കൂളിൽ ആദ്യമായി രണ്ട് മനുഷ്യക്കുട്ടികളെ കാണുകയായിരുന്നു. മനസ്സിലെ വിഷാദമൊക്കെ മാറി അയാളുടെ ഹൃദയത്തിൽ എന്തെന്നില്ലാത്ത ആഹ്ലാദം നിറഞ്ഞു.

പരീക്ഷാദിവസമായതിനാൽ സ്കൂൾ ബാഗ് ഏറെക്കുറെ കാലിയായിരുന്നു. കുട്ടികൾ മാങ്ങ നിറച്ച കൂട് ബാഗിൽ തിരുകി സിബ്ബിട്ട് അച്ചടക്കമുള്ള കുട്ടികളെപ്പോലെ ഗേറ്റിനരികിലേക്ക് നടന്നു.

സെക്യൂരിറ്റി വൃദ്ധൻ സ്കൂൾ നിയമങ്ങൾ ലംഘിച്ചുകൊണ്ട് അന്ന് ആദ്യമായി അവരോട് സംസാരിച്ചു. റിയാനെ നോക്കി അയാൾ ചോദിച്ചു:

"എന്താ മോന്റെ പേര്?"

"ടോം" റിയാൻ പറഞ്ഞു.

"നിന്റെയോ?"

"ജെറി" ഫെലിക്സ് പറഞ്ഞു.

"ടോം ആന്റ് ജെറി." വൃദ്ധൻ തന്നത്താൻ അതു പറഞ്ഞ് കൊച്ചുകുട്ടികളെപ്പോലെ ചിരിച്ചു.

കുട്ടികൾ പുറത്തേക്കു നടന്നു. വൃദ്ധൻ സി സി ടി വി ക്യാമറയുടെ മുകളിലിട്ടിരുന്ന തന്റെ ടവ്വൽ തിരിച്ചെടുത്ത് മുഖം തുടച്ചു.



# കടലിലെ മഴക്കാടുകൾ

വി യു രാധാകൃഷ്ണൻ

**കാടുകൾ പോലുള്ള ജൈവവ്യവസ്ഥ കടലിൽ നിലനിർത്തുന്ന ജീവിവർഗമാണ് പവിഴപ്പുറ്റുകൾ. പവിഴപ്പുറ്റുകളുടെ വളർച്ചയാണ് കടലിൽ വിവിധ ജീവികൾക്ക് ആവാസകേന്ദ്രമൊരുക്കുന്നത്. കടലിലെ മഴക്കാടുകളായ പവിഴപ്പുറ്റുകളെക്കുറിച്ച് കൂടുതലറിയാൻ ലേഖനം വായിക്കൂ...**

കടലിൽ കാടുകളോ? എന്നു സംശയിക്കണ്ട. കാടുകൾ പോലുള്ള ജൈവവ്യവസ്ഥ അഗാധമായ കടലിൽ നിലനിർത്തുന്ന ജീവിവർഗമുണ്ട്. ജൈവശൃംഖലയുടെ സമന്വയമായ ഈ മേഖലയെക്കുറിച്ചാണ് ഇവിടെ വിശേഷിപ്പിച്ചത്. പവിഴപ്പുറ്റുകൾ എന്നറിയപ്പെടുന്ന ജീവിവർഗങ്ങളുടെ വളർച്ചകളാണ് വിവിധ ജീവികൾക്കും ആവാസകേന്ദ്രമൊരുക്കുന്നത്. ഉത്പാദനക്ഷമത, പരിസ്ഥിതിസമതുലനം, സാമൂഹ്യജീവിത അവസ്ഥകൾ, ഊർജപ്രവാഹം, പരസ്പരാശ്രിതത്വം എന്നിങ്ങനെ കരയിലെ മഴക്കാടുകളെ സാദൃശ്യപ്പെടുത്തുന്ന പവിഴപ്പുറ്റുകളെക്കുറിച്ചുള്ള അന്വേഷണം കൗതുകജനകമാണ്. ലക്ഷദ്വീപ് ഇത്തരം പവിഴപ്പുറ്റുകളുടെ അവശിഷ്ടങ്ങളും അസ്ഥിവ്യൂഹങ്ങളുടെ ശേഖരങ്ങളും കൊണ്ടാണ് ഉണ്ടായിട്ടുള്ളത്. നിരവധി മത്സ്യങ്ങളുടെ മുട്ടയിടലും ജലജീവികളുടെ ആവാസകേന്ദ്രവുമാണിവിടം. നീരാളികളുടെ പകൽത്താവളങ്ങളാണ് പവിഴപ്പുറ്റുകൾ. നവരത്നങ്ങളിലൊന്നായ പവിഴം മുതൽ



പെയിന്റുനിർമാണത്തിന്റെ അസംസ്കൃത വസ്തുക്കളായും വരെ പ്രയോജനപ്പെടുത്താവുന്ന പവിഴപ്പുറ്റുകൾ കാലങ്ങളായി മനുഷ്യജീവിതത്തിലെ സാംസ്കാരിക വളർച്ചയിലും പങ്കുവഹിച്ചുവരുന്നു. ഘടനയിലെ ആകർഷകത്വം, നിറഭേദങ്ങളുടെ സമന്വയം ഇവയൊക്കെക്കൊണ്ട് അക്വേറിയം നിർമിതിയിലും ഇവയുടെ സാന്നിധ്യമൊക്കെക്കൊണ്ടും കടൽജീവിതങ്ങളെയും കരജീവിതങ്ങളെയും ഒരുപോലെ സ്വാധീനിച്ചുവരുന്ന പവിഴപ്പുറ്റുകളെ അടുത്തറിയാം.

## പവിഴപ്പുറ്റുകളുടെ കുടുംബം.

Phylum cnidaria (ഫൈലം നിഡാറിയ) എന്ന കുടുംബത്തിൽ ഉൾപ്പെടുന്ന കോറൽ എന്ന വിഭാഗത്തിൽ വരുന്ന പവിഴപ്പുറ്റുകൾ ആകൃതികൊണ്ടും നിറഭേദംകൊണ്ടും വ്യത്യസ്തരാണ്. കടൽജലത്തിൽ വളരുന്ന ഈ ജീവികൾ പൊതുവേ ലളിതഘടനയിലുള്ളവയാണ്. Millepora , Tubipora, Gorgonia, Heliopora എന്നിവ ചില ഉദാഹരണങ്ങളാണ്. പൊങ്ങിക്കിടക്കുന്ന പോളിപ്പുകളെ ലാർവകൾ ഉത്പാദിപ്പിക്കുന്നു. ഇവ വെള്ളപ്പരപ്പിലൂടെ സഞ്ചരിച്ച് പറ്റിയ ഖരവസ്തുക്കളിൽ തങ്ങി വളരുന്നു. കടൽജലത്തെ സ്വീകരിച്ച് അതിലെ $CaCO_3$ ലവണങ്ങളെ പുറന്തള്ളുന്നു. ഇത് ശക്തിയായ കവചമായി മാറുന്നു. ചത്തൊടുങ്ങുമ്പോൾ പുറം ശേഖരവും വിസർജ്യവും ഉറച്ച് പവിഴപ്പാറകൾ രൂപപ്പെടുന്നു.

## ലോകത്തെവിടെയൊക്കെ?

ഫിലിപ്പൈൻസ്, ഇൻഡോനേഷ്യ, ഓസ്ട്രേലിയ, കരീ





പവിഴപ്പുറ്റുകളുടെ വിസർജ്യ വസ്തുക്കൾ, ശരീരാവശിഷ്ടങ്ങളിൽ $CaCO_3$ ധാരാളമായി അടങ്ങിയിരിക്കുന്നു. ഇവ അടിഞ്ഞുകൂടിയാണ് പവിഴപ്പുറ്റുകൾ ഉണ്ടാകുന്നത്. കാഴ്ചശക്തിയില്ലാത്ത, നാഡീകേന്ദ്രമില്ലാത്ത ഈ ജീവികൾക്ക് കടൽജലത്തിലെ $CaCO_3$ വലിച്ചെടുത്ത് പുറത്തുവിടാൻ ആകാം. 18-30°C വരെയുള്ള താപനിലയിൽ തെളിഞ്ഞ ജലത്തിലാണ് ഇവ വളരുക.

ബിയൻ ദ്വീപുകൾ, രാമേശ്വരം, തൂത്തുക്കുടി, കച്ച്, ആന്തമാൻ ദ്വീപ് സമൂഹങ്ങൾ ഇവയോടുചേർന്ന് വൻതോതിൽ വളരുന്നു. ലക്ഷദ്വീപിനെ കോറൽ ഐലൻഡ് എന്നാണ് വിശേഷിപ്പിച്ചുവരുന്നത്.

## പവിഴപ്പുറ്റുകളുടെ ജീവശാസ്ത്രം

പവിഴപ്പുറ്റുകളുടെ വിസർജ്യ വസ്തുക്കൾ, ശരീരാവശിഷ്ടങ്ങളിൽ $CaCO_3$ ധാരാളമായി അടങ്ങിയിരിക്കുന്നു. ഇവ അടിഞ്ഞുകൂടിയാണ് പവിഴപ്പുറ്റുകൾ ഉണ്ടാകുന്നത്. കാഴ്ചശക്തിയില്ലാത്ത, നാഡീകേന്ദ്രമില്ലാത്ത ഈ ജീവികൾക്ക് കടൽജലത്തിലെ $CaCO_3$ വലിച്ചെടുത്ത് പുറത്തുവിടാനാകും. 18–30°C വരെയുള്ള താപനിലയിൽ തെളിഞ്ഞ ജലത്തിലാണ് ഇവ വളരുക. പൊങ്ങിക്കിടക്കുന്ന ലാർവകൾ ആഴമില്ലാത്ത അടിത്തട്ടിൽ സ്ഥാനം ഉറപ്പിച്ചാണ് വളരുക. ഇവയുടെ കവചങ്ങളിലാണ് കാൽസ്യം ലവണങ്ങളെ ശേഖരിക്കുക. സൂസാന്തല്ല ആൽഗകളെ വളർത്തി $O_2$ സ്വീകരിക്കാൻ സജ്ജീകരിക്കുന്നു. പകരം $CO_2$, മറ്റു മൂലകങ്ങൾ തിരിച്ചുനൽകുന്നു. കാൽസ്യസമ്പുഷ്ടമായ ഭാഗങ്ങൾ ലാർവകളിൽ നിന്നും മാറ്റി അടിഞ്ഞുകൂടുന്നു. പലവിധ ആകൃതിയിലുള്ള പുറ്റുകൾ ഉണ്ട്. തലച്ചോറിന്റെ ആകൃതി, നങ്കൂരത്തിന്റെ ആകൃതി, കൂണിന്റെ ആകൃതി തുടങ്ങി പലവിധ രൂപങ്ങളിലുള്ളവയുണ്ട്. കടലിനോടു ചേർന്നുള്ള തീരപ്പുറ്റ് (ഫ്രീജിംഗ് റീഫ്), കരയിൽ നിന്നും അകന്നുകാണുന്ന പവിഴരോധിക (Barrier reef) നടുക്കടലിൽ കാണപ്പെടുന്ന വലയപവിഴദ്വീപ് (Atoll) എന്നിങ്ങനെ ആവാസ രൂപങ്ങളും കാണപ്പെടുന്നു.

## നവരത്നങ്ങളിലൊന്നിന്റെ ഉടമ

പവിഴം കേളികേട്ട നവരത്നമാണല്ലോ. ഇത് പവിഴപ്പുറ്റുകളിൽ ഒന്നായ Corallium ജനുസ്സിൽപ്പെട്ട വർഗത്തിൽനിന്നാണ് ലഭിക്കുന്നത് എന്ന് മനസ്സിലാക്കുക. കടലിൽനിന്ന് 10–300 മീറ്റർ ആഴത്തിൽ വളരുന്ന ഇവയെ അറുത്തെടുത്ത് ആഭരണനിർമിതിക്ക് ഉപയോഗിക്കുന്നു. ഓറഞ്ച്, ചുവപ്പ്, വെള്ള എന്നീ നിറങ്ങളിലാണ് ഇവ



കാണപ്പെടുക. വൻ വിലയാണ് വേണ്ടിവരിക.

പവിഴംപോലുള്ള ചുണ്ടുകൾ ഉള്ളവരെന്നാണ് സുന്ദരിമാരെ ഉപമപ്പെടുത്താറുള്ളത്. ഒരുപാട് വിശ്വാസങ്ങളും പവിഴത്തോട് ചേർന്നുനിൽക്കുന്നു. ചൊവ്വയുടെ രത്നമായിട്ടാണ് സങ്കല്പം. പ്രസവസുരക്ഷയ്ക്ക് പവിഴം ധരിക്കുന്ന പതിവുമുണ്ട്. ഭൂതപ്രേതാദികളെ ചെറുക്കാൻ പവിഴം ധരിച്ചാൽ സാധിക്കുമെന്ന് കരുതുന്നവരുണ്ട്.

## പവിഴപ്പുറ്റുകളും പരിസ്ഥിതി ദോഷങ്ങളും

ആകെയുള്ള പവിഴപ്പുറ്റുകളുടെ 10 ശതമാനം നശിച്ചു കഴിഞ്ഞു. നാൽപ്പതുവർഷങ്ങൾക്കകം 60–70 ശതമാനവും നശിക്കും. അന്തരീക്ഷമലിനീകാരികളുടെ പ്രവർത്തനം മൂലം, ഖനനം, സയനൈഡ് വിഷം ചേർത്തുള്ള മത്സ്യബന്ധനം, ഡൈനമെറ്റ് ഉപയോഗിച്ചുള്ള മീൻപിടുത്തം ഇതെല്ലാം പവിഴപ്പുറ്റുകളുടെ നാശത്തിന് കാരണമാകുന്നു. അക്വേറിയം കച്ചവടക്കാരുടെ ശേഖരണം മൂലവും ടൂറിസം നയം മൂലവും തീരദേശങ്ങളിലെ അവശിഷ്ടങ്ങളുടെ അടിഞ്ഞുകൂടലും, വ്യവസായ മലിനീകരണം, കടൽഭിത്തിനിർമാണം ഇതെല്ലാം വിനാശകരമായ ദുഷ്ഫലങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. സിമന്റ് നിർമാണം, പെയിന്റുകളുടെ ആവശ്യകത ഇതിനുവേണ്ടിയും പവിഴപ്പുറ്റുകൾ വ്യാപകമായി വൻതോതിൽ എടുത്തുമാറ്റപ്പെടുന്നു. ഇടയ്ക്കിടെ സംഭവിക്കുന്ന വൻ സുനാമിത്തിരകൾ പവിഴപ്പുറ്റുകളെ ഇല്ലാതാക്കുന്നു. കപ്പലിൽ നിന്നും വരുന്ന എണ്ണ, പ്ലാസ്റ്റിക്, താപനിലയിലുണ്ടാകുന്ന മാറ്റം, കടലിലെ $CO_2$ അളവ് കൂടുന്നതു വരെ ഇവയുടെ സാന്നിധ്യത്തിന് കുറവു വരുത്തുന്നു. ബാക്ടീരിയൽ രോഗബാധയായ വൈറ്റ്, ബ്ലാക്ക് ബാൻഡ് രോഗങ്ങളും ഭീഷണിയാണ്. ഇങ്ങനെ നിലവിലെ പവിഴപ്പുറ്റുകളുടെ ഭാവി ഭീഷണിയിൽ തന്നെയാണ്.

## ലക്ഷദ്വീപിന്റെ രാജശില്പികൾ

അറബിക്കടലിലാണല്ലോ ലക്ഷദ്വീപുകൾ. കവരത്തി ആസ്ഥാനമായ ദ്വീപസമൂഹങ്ങൾ. ഇവിടെയുള്ള ആവാസവ്യവസ്ഥ വൈവിധ്യമുള്ളതാണ്. എങ്ങനെ കടലിനു നടുവിൽ ഈ ദ്വീപുകൾ രൂപപ്പെടുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ? ഈ ദ്വീപിന്റെ സ്രഷ്ടാക്കൾ പവിഴപ്പുറ്റുകളാണെന്ന് അറിയുക. അനേക കാലത്തെ പവിഴപ്പുറ്റുകളുടെ പുറന്തോടുകളടിഞ്ഞ് കാൽസ്യം കാർബണേറ്റ് ഒത്തുകൂടി ഈ ദ്വീപുകൾ രൂപപ്പെട്ടു. മാലിദ്വീപും ഇങ്ങനെതന്നെയാണ് ഉത്ഭവിക്കപ്പെട്ടതത്രേ. 1973ൽ ലക്ഷദ്വീപ് എന്ന പേരു ലഭിച്ച ഈ ദ്വീപുകളിൽ ചിലതിൽ ജനവാസം ഇല്ല. 11 ദ്വീപുകൾ ചേർന്ന ഇവിടത്തെ തീരങ്ങളിൽ പരിശോധിച്ചാൽ പവിഴപ്പുറ്റുകൾ നിരന്നുകാണാം. എത്രയോ വർഷങ്ങളുടെ പവിഴപ്പുറ്റുകളുടെ തോടുകളും അവശിഷ്ടങ്ങളും അടിഞ്ഞുകൂടിയുള്ള പവിഴപ്പാറകളാണ് ഈ കരയുടെ നിർമാതാക്കൾ എന്നറിയുമ്പോൾ ആരും അത്ഭുതപ്പെട്ടുപോകും.

## ഇങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം

- വൻതിരകളെ തടഞ്ഞ്



ഒഴുക്കിന്റെ ആധിക്യം കുറയ്ക്കുന്ന പരിസ്ഥിതി പ്രവർത്തനം നടത്തുന്നു. അങ്ങനെ കടൽത്തീരങ്ങളെ കാത്തുപോരുന്നു.

- കുമ്മായം നിർമാണത്തിനും പെയിന്റു നിർമാണത്തിനും ഉപയോഗിച്ചുവരുന്നു. $CaCO_3$ കലവറകളാണ് ഇവ. പ്രധാനപ്പെട്ട കൗതുക വസ്തുക്കളായി ഉപയോഗിക്കപ്പെടുന്നു.
- അക്വേറിയങ്ങളിലെ ആകർഷക വസ്തുക്കളായി ഉപയോഗിക്കപ്പെടുന്നു.
- നക്ഷത്രമത്സ്യങ്ങൾ, ആൽഗകൾ എന്നിവയുമായി ചേർന്ന് ഭക്ഷണം, താമസം എന്നിവയ്ക്കു സഹായകമാകുന്നു.
- സമുദ്രജീവികളിൽ 25% പാർപ്പിടമാക്കുന്നു ഈ പുറ്റുകളിൽ.
- ജൈവവൈവിധ്യത്തിന്റെ കലവറകളെ നിലനിർത്തുന്നു.
- ഔഷധങ്ങൾ, ആന്റികൊയാഗുലന്റുകൾ എന്നിവ തയ്യാറാക്കുന്നതിനും ഇവയെ ഉപയോഗപ്പെടുത്താറുണ്ട്.

## Great Barrier Reef (ഗ്രേറ്റ് ബാരിയർ റീഫ്)

ലോകത്തിലെ ഏറ്റവും വലിയ പവിഴപ്പുറ്റ് ആവാസകേന്ദ്രമാണിത്. ഓസ്ട്രേലിയയിലാണ് ഈ വിസ്മയം. ക്വീൻസ്‌ലാന്റിന്റെ തീരത്തുള്ള കോറൽ സമുദ്രത്തിൽ സ്ഥിതിചെയ്യുന്നു. 3000ലധികം പവിഴപ്പുറ്റുകൾ 900 ദ്വീപുകളായി ഏകദേശം 2600 ചതുരശ്രകീലോമീറ്റർ സ്ഥലത്തായി 3,44,400 ചതുരശ്ര കിലോമീറ്ററുകളിലായി വ്യാപിച്ചു കിടക്കുകയാണ്. 1981 മുതൽ യുനെസ്കോ ലോകപൈതൃക കേന്ദ്രമായി പ്രഖ്യാപിച്ച ഇവിടെ ഇന്ന് ഒരു നാഷണൽ പാർക്കുകൂടിയാണ്. 20,000 വർഷങ്ങളോളം പഴക്കമുള്ള ഇവിടേക്ക് വൻതോതിൽ ആളുകൾ എത്തുന്നു.

**പവിഴപ്പുറ്റുകളുടെ പ്രാധാന്യം ബോധ്യപ്പെടുത്താൻ 1997 അന്താരാഷ്ട്ര പവിഴപ്പാറ വർഷമായി പ്രഖ്യാപിച്ചു. അതിനനുസരിച്ചുള്ള ബോധവത്കരണപരിപാടികൾ ആരംഭിച്ചു. ചാൾസ് ഡാർവിൻ ഈ പ്രത്യേകതരം ജീവികളെ കുറിച്ച് ആധികാരികമായി പഠിച്ചിട്ടുണ്ട്. 5000 വർഷങ്ങൾക്കുമുമ്പ് രൂപപ്പെട്ടതെന്നുകരുതുന്ന പവിഴപ്പുറ്റുകളുടെ ഉത്ഭവത്തെക്കുറിച്ച് സിദ്ധാന്തങ്ങൾവരെ അദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്.**

## അനേകം കൗതുകങ്ങൾ

- പവിഴപ്പുറ്റുകളുടെ പ്രാധാന്യം ബോധ്യപ്പെടുത്താൻ 1997 അന്താരാഷ്ട്ര പവിഴപ്പാറ വർഷമായി പ്രഖ്യാപിച്ചു. അതിനനുസരിച്ചുള്ള ബോധവത്കരണപരിപാടികൾ ആരംഭിച്ചു.

- ചാൾസ് ഡാർവിൻ ഈ പ്രത്യേകതരം ജീവികളെക്കുറിച്ച് ആധികാരികമായി പഠിച്ചിട്ടുണ്ട്. 5000 വർഷങ്ങൾക്കുമുമ്പ് രൂപപ്പെട്ടതെന്നുകരുതുന്ന പവിഴപ്പുറ്റുകളുടെ ഉത്ഭവത്തെക്കുറിച്ച് സിദ്ധാന്തങ്ങൾവരെ അദ്ദേഹം തയ്യാറാക്കിയിട്ടുണ്ട്. *The structure and distribution of coral reef* എന്ന ഗ്രന്ഥം അദ്ദേഹം രചിച്ചതാണ്.

- ഭൂമധ്യരേഖയുടെ $3^0$C വരെയാണ് ഇവയുടെ വ്യാപനം. കാരണം കടൽജല താപനില ഇവിടെ ഇവയുടെ വളർച്ചയ്ക്ക് അനുയോജ്യമാണ്. (18–$30^0$C)

- വിവിധതരം മത്സ്യങ്ങൾ, കൊഞ്ചുകൾ, നീരാളികൾ, ആമകൾ, ആൽഗകൾ എന്നീ വൈവിധ്യം നിറഞ്ഞ ജൈവകേന്ദ്രങ്ങളാണ് ഓരോ പവിഴപ്പുറ്റും. കരയിലെ കാടുപോലുള്ള അവസ്ഥ.

- കടലിലെ $CO_2$ അളവ് കൂടിയാൽ ആൽഗകളുടെ ആവാസമകന്ന് നിറം മങ്ങുന്ന പവിഴപ്പുറ്റുകളുടെ അനാരോഗ്യത്തെ കോറൽ ബ്ലീച്ചിങ് (Coral bleeching) എന്നു പറയുന്നു.

# ഒന്നാനാം കുന്നിന്റെ ഓരത്ത്

മുഹമ്മ ശശിധരപ്പണിക്കർ

ഒന്നാനാം കുന്നിന്റെ ഓരത്തൊരുമരം
കുന്നിനും മീതേ വളർന്നൊരു മാമരം
ആമരത്തുഞ്ചത്ത്, പൂമരക്കൊമ്പത്ത്
ആരും കാണാകിളിക്കൂട്ടിനുള്ളിൽ
കാണാനഴകെഴും കുഞ്ഞിച്ചിറകുമായ്
കുഞ്ഞാറ്റപ്പൈങ്കിളിക്കൊഞ്ചലുണ്ട്
സ്നേഹം പകർന്നിടും അച്ഛനുമമ്മയും
കാവലായെപ്പൊഴും കൂടെയുണ്ട്.

മൂവരും കൂടുമ്പോൾ കൂട്ടിന്നകത്തെന്നും
കാവിലെ പഞ്ചാരിമേളംപോലെ
കൂടുവിട്ടച്ഛനുമമ്മയും പോകവേ
ഭീതി, വിഷാദങ്ങളൊത്തുചേരും
തീറ്റയുമായവരെത്തുമ്പോളുത്സവം
കാറ്റിൽ പറക്കുമാശങ്കയെല്ലാം.

കൊച്ചുവിശേഷങ്ങൾ കേട്ടിരുന്നീടവേ
കൂടെപറക്കുവാൻ മോഹമേറും
‘‘കുഞ്ഞിച്ചിറകുകകൾ വേഗം വളർന്നിടും
ഞാനുമൊരുദിനം പാറിപ്പറന്നിടും
വീഴ്ചകളൊന്നും മറക്കാതെ നിത്യവും
കാഴ്ചകാണും, സ്വയം തീറ്റതേടും.’’
ഓർക്കവേ, യുള്ളിലാഹ്ലാദം നിറയവേ
കുഞ്ഞാറ്റമെല്ലെ കുണുങ്ങി നിൽക്കും
കൊക്കുവിടർത്തിയുരുമ്മി ചൊടിയോടെ
അച്ഛനുമമ്മയ്ക്കുമുമ്മ നൽകും!




വര: സചീന്ദ്രൻ കാറഡുക്ക

# ചിഞ്ചുമോന്റെ സന്തോഷങ്ങൾ

കണിയാപുരം നാസറുദ്ദീൻ



വര: ആശ ആർ

ചിഞ്ചുമോൻ വലിയ സന്തോഷത്തിലായിരുന്നു. വളരെ നാളുകളായി അവൻ കൊണ്ടുനടന്ന ആഗ്രഹം ഇതാ ഇന്ന് പൂവണിയാൻ പോവുകയാണ്. വർഷം ഒന്നായി. കോവിഡ് എന്ന മഹാമാരിയുടെ കാലമായതിനാൽ സ്കൂളിൽ പോകാനോ പഠിപ്പിക്കുന്ന അധ്യാപകരെ നേരിൽ കാണാനോ ഒന്നു സംസാരിക്കാനോ ഇതുവരെയും കഴിഞ്ഞില്ല എന്നത് അവനെ ഏറെ വിഷമിപ്പിച്ചു. ഇതാ ഇന്ന് ഈ ദിവസം അവന്റെ ടീച്ചർമാരെ നേരിൽ കാണാനും സംസാരിക്കാനും അവസരം വന്നെത്തി. അതാണ്, അതു തന്നെയാണ് അവനെ ഏറെ സന്തോഷിപ്പിക്കുന്നത്.

അതേ, ചിഞ്ചു സന്തോഷം കൊണ്ട് തുള്ളിച്ചാടുകയാണ്..

വീട്ടിൽവച്ചു ചെയ്തുപരിശീലിക്കാൻ ആവശ്യമായ സാധനങ്ങൾ അടങ്ങിയ കിറ്റ് കൊണ്ടുത്തരാൻ ഇന്ന് അവന്റെ വീട്ടിൽ പ്രിയപ്പെട്ട അധ്യാപകർ വരും. എല്ലാവരെയും കാണണം. എല്ലാം പറയണം. താൻ ചെയ്ത പ്രവർത്തനങ്ങൾ കാണിക്കണം. താൻ നട്ടുവളർത്തിയ ചെടികളെ, വിടർന്നുനിൽക്കുന്ന പൂക്കളെ, വളർത്തുന്ന കിളികളെ ഒക്കെ കാണിച്ചുകൊടുക്കണം.

അവന്റെ വീട്ടുവളപ്പിൽ കാട് പോലെ പടർന്നുപന്തലിച്ചു നിൽക്കുന്ന ഔഷധസസ്യങ്ങളെ കാണുമ്പോൾ ടീച്ചറുമാരുടെ സന്തോഷം എത്രത്തോള

മായിരിക്കും! ഇതിനെക്കാൾ വലിയ സന്തോഷം വേറെ എന്താണ്?

അവൻ ഉറക്കം ഉണർന്നത് തന്നെ ഈയൊരു സന്തോഷത്തോടെയാണ്.

അവന്റെ അച്ഛനോടും അമ്മയോടും ചേച്ചിയോടും ഒക്കെ കഴിഞ്ഞദിവസം തന്നെ ഈ വിവരം അറിയിച്ചുകഴിഞ്ഞിരുന്നു.

അവനെപ്പോലെ അവന്റെ വീട്ടിലുള്ള എല്ലാവരും വളരെയധികം സന്തോഷത്തിലായിരുന്നു.

ടീച്ചർമാർ വരുമ്പോൾ അവൻെറ പൂന്തോട്ടം ടീച്ചർക്ക് കാണിച്ചുകൊടുക്കുന്ന ജോലി ചേച്ചി ഏറ്റുകഴിഞ്ഞു.

അമ്മ ചിലതൊക്കെ തയ്യാറാക്കിവച്ചിട്ടുണ്ട്... അതും കാണിച്ചുകൊടുക്കണം...അവൻ മനസ്സിൽ ഉറച്ചു.

അവർ ഒരു ആഘോഷത്തിന്റെ പ്രതീതിയിലായിരുന്നു.

വീട് വൃത്തിയാക്കി. ടീച്ചർമാരെ കാണാനുള്ള ആകാംക്ഷയോടെ ഇരിക്കുന്ന അവന്റെ മുന്നിൽ അതാ രേഖടീച്ചർ ഇറങ്ങിവരുന്നു.

അവൻ ഓടിച്ചെന്ന് അമ്മയോടു പറഞ്ഞു:

''ദാ... ടീച്ചർ വന്നു.''

അതിനു പിന്നാലെ രേഷ്മ ടീച്ചർ, പിന്നെ കണക്കു പഠിപ്പിക്കുന്ന ജോർജ് സാർ, അതാ വരുന്നു ലതിക ടീച്ചർ... അവന്റെ മലയാളം ടീച്ചർ... അങ്ങനെയങ്ങനെ എല്ലാ ടീച്ചർമാരും വീട്ടിൽ വന്നപ്പോൾ അവന് അവനെ പോലും വിശ്വാസം വന്നില്ല.

മൊബൈൽ വഴി മാത്രം പരിചയമുള്ള ടീച്ചർമാരെ നേരിൽ കണ്ടത് അവന്റെ ജീവിതത്തിൽ മറക്കാനാവാത്ത അധ്യായമായി.

എല്ലാം കഴിഞ്ഞ് അവർ മടങ്ങാൻ ഒരുങ്ങുമ്പോൾ അവന്റെ മനസ്സ് വിങ്ങുന്നുണ്ടായിരുന്നു... അവൻ ടീച്ചർമാരോടു ചോദിച്ചു... ''എന്നാണ് ടീച്ചർ സ്കൂള് തുറക്കുക? എൻെറ കൂട്ടുകാരെ ഒന്നും കണ്ടില്ലല്ലോ...''

ആ ചോദ്യം കേട്ടപ്പോൾ ഒന്നും പറയാനാകാതെ ടീച്ചർമാർ പുഞ്ചിരിച്ചു. ആ കുഞ്ഞു മനസ്സിന്റെ നൊമ്പരം അവരിലേക്കും പടർന്നു.



# ദിവ്യരാത്രി

**ശ്രീകല ചിങ്ങോലി**



വര: ബാബുരാജൻ

പാരിൽ സമാധാനദൂതുമായി
നേരിന്റെ നിത്യവെളിച്ചമായി
നന്മതൻ താര തെളികയായി
പുണ്യമാം ക്രിസ്തുമസ്സ് രാത്രിയായി
ഉണ്ണിയേശുവെന്ന ദിവ്യനാഥൻ
മണ്ണിലെ നന്മയ്ക്കായ് എത്തിയല്ലോ
പുണ്യാതിരേകത്താൽ ഭൂമിയെല്ലാം
ഒന്നിച്ചു പാടി സ്തുതിവചനം
ദീനർക്കുവേണ്ടി പിറന്ന നാഥൻ
തീരാത്ത ദുഃഖങ്ങൾ തീർക്കും ദേവൻ
എത്ര നിസ്സാരനായ് പുൽത്തൊഴുത്തിൽ
കൊച്ചു കിടാവായ് കിടന്നിടുന്നു.

# അവിവേകിയുടെ അറിവ്

**പ്രീതി എസ്**

ഗുരുകുല വിദ്യാഭ്യാസം പൂർത്തിയാക്കിയ നാലു ചെറുപ്പക്കാർ സ്വദേശത്തേക്കു മടങ്ങുകയായിരുന്നു. അതിൽ മൂന്നുപേർ വലിയ ജ്ഞാനികളായെന്ന ബോധത്താൽ ഗർവിഷ്ഠരായിരുന്നു. ഒരാൾ മാത്രം വളരെ വിനയാന്വിതനും പ്രായോഗികബുദ്ധിയുള്ളവനുമായിരുന്നു.

വഴിമധ്യേ ഒരു വനത്തിനടുത്തുകൂടി പോകുമ്പോൾ ഏതോ ഒരു മൃഗത്തിന്റെ അസ്ഥിപഞ്ജരം കിടക്കുന്നതു കണ്ടു. കൂട്ടത്തിലൊരാൾ പഠിച്ച അറിവുവച്ച് അതൊരു സിംഹത്തിന്റേതാണെന്നു കണ്ടെത്തി. ഉടനെ തന്നെ രണ്ടാമത്തെയാൾ പറഞ്ഞു:

''ഗുരു എനിക്കൊരു മഹാവിദ്യ ഉപദേശിച്ചുതന്നിട്ടുണ്ട്. ആ മന്ത്രങ്ങൾ പ്രയോഗിച്ചു ഞാൻ ഈ അസ്ഥിപഞ്ജരത്തിനു രക്തവും മാംസവും നൽകി സിംഹമാക്കും.'' ഉടനെ വിവേകിയായ മൂന്നാമത്തെയാൾ പറഞ്ഞു: ''കൂട്ടുകാരാ അരുത്. ഗുരു പഠിപ്പിച്ചുതന്ന അറിവുകൾ പരീക്ഷിക്കാനുള്ളതല്ല. യഥാസമയത്ത് ലോകത്തിന് ഉപകാരം ചെയ്യാനുള്ളതാണ്. അസ്ഥാനത്ത് വിദ്യ പ്രയോഗിക്കുന്നത് ആപത്താണെന്ന് നമ്മുടെ ഗുരു ഉപദേശിച്ചിട്ടില്ലേ?''

അവന്റെ വാക്കുകളെ പുച്ഛിച്ചുതള്ളി രണ്ടാമൻ മന്ത്രം ചൊല്ലി. നിമിഷങ്ങൾക്കകം അസ്ഥിപഞ്ജരം സിംഹത്തിന്റെ ഉടലായി മാറി.

എല്ലാം കണ്ടും കേട്ടും നിന്ന നാലാമൻ ഉടനെ അഹങ്കാരത്തോടെ പറഞ്ഞു: ''നിങ്ങളെക്കൊണ്ട് ഇത്രയല്ലേ സാധിച്ചുള്ളൂ, നിങ്ങൾ കണ്ടോളൂ, ഗുരു പഠിപ്പിച്ചുതന്ന വിദ്യകൊണ്ട് ഞാൻ ഈ സിംഹത്തിനു ജീവൻ നൽകും.''

മൂന്നാമൻ തൊഴുകൈയോടെ അപേക്ഷിച്ചു, ''അയ്യോ കൂട്ടുകാരാ, അരുത്. ആപത്താണ്. നമ്മുടെ ജ്ഞാനിയായ ഗുരു പകർന്നുതന്ന അറിവുകൾ അസ്ഥാനത്ത് പ്രയോഗിക്കരുതേ. നമുക്ക് വേഗം യാത്ര തുടരാം.''

അവന്റെ വാക്കുകൾക്ക് വില കല്പിക്കാതെ മൂന്നാമൻ മന്ത്രോം ചൊല്ലിത്തുടങ്ങി. ആപത്തു മനസ്സിലാക്കിയ വിവേകിയായ മൂന്നാമൻ പെട്ടെന്ന് അവിടെനിന്നും ഓടി രക്ഷപ്പെട്ടു.

മന്ത്രത്തിന്റെ ശക്തിയാൽ സടകുടഞ്ഞെഴുന്നേറ്റ സിംഹം മറ്റു മൂന്നുപേരുടെയും കഥ കഴിച്ചു.



വര: സന്തോഷ് വെളിയന്നൂർ

# വീട്

ചന്തിരൂർ താഹ

കുന്നിൻചരുവിലുള്ളൊരു വീട്
കല്പകവൃക്ഷത്തണലാം വീട്
പറവകൾ പാറും സുന്ദരവീട്
കാറ്റും വെയിലും എത്തും വീട്
അച്ഛനുമമ്മയുമുള്ളൊരു വീട്
ചേച്ചിയും ചേട്ടനും തണലാം വീട്
മുത്തശ്ശിക്കഥയുള്ളൊരു വീട്
മുത്തശ്ശൻ തുണയുണ്ടേ വീട്
പൂവും മണവും കിട്ടണ വീട്
കാടും കനിയും ഉള്ളൊരു വീട്
വർഷം മുഴുവൻ കുളിരാം വീട്
ഹരിതമനോഹരസുന്ദരവീട്.



വര: സുജിത് വാസുദേവൻ



വര: ടി ആർ രാജേഷ്

# മണ്ണാങ്കട്ടക്കും കരിയിലക്കും സംഭവിച്ചത്

രാവുണ്ണി

മണ്ണാങ്കട്ടയും കരിയിലയും കൂട്ടായ്
ആരോരുമില്ലാത്തോരായിരുന്നു
ആർക്കുമേ വേണ്ടാത്തോരായിരുന്നു
എല്ലാർക്കും പരിഹാസമായിരുന്നു

മണ്ണാങ്കട്ടയ്ക്കരികിൽ കിടന്നുള്ള
ചെറു പാറക്കല്ലുകൾ പരിഹസിച്ചു
താഴെക്കിടക്കുന്ന കരിയിലയെ നോക്കി
പച്ചിലക്കൂട്ടം പരിഹസിച്ചു

ഉള്ളിലപമാനത്തീയണയാതെ
നിന്നു പൊരിയുകയായിരുന്നു
അന്നേരമവർ തമ്മിൽ കാണുന്നു
തമ്മിലറിഞ്ഞങ്ങടുക്കുന്നു

മണ്ണാങ്കട്ടക്കൊരേയൊരു കൂട്ടാളി
കരിയില മാത്രമതാകുന്നു
കരിയിലക്കുള്ളൊരു ചങ്ങാതി
മണ്ണാങ്കട്ടയൊരാൾ മാത്രം

കൂട്ടായി മറ്റൊരാളെത്തുമ്പോൾ
ഉൾത്താപം താനേയണയുന്നു
സ്നേഹത്താലുള്ളം തുളുമ്പുന്നു
തമ്മിൽ കരുത്തു പകരുന്നൂ

അല്ലലില്ലാതവർ നാൾ കഴിക്കെ
മാനമിരുണ്ടു കനത്തു വന്നു
മേഘലകളൊന്നിച്ചു കൂടി നിന്നു
ഘോരമാം മാരി തൻ കാലമായി

എന്താണു ചെയ്യേണ്ടതെന്നറിയാതെ
മണ്ണാങ്കട്ട വിറച്ചു നിന്നു
മഴ പെയ്തു വീണാൽ കുതിർന്നു പോകും
കുത്തൊഴുക്കിൽ മണ്ണൊലിച്ചു പോകും

‘ഒട്ടുമേ പേടിക്കരുതെന്റെ ചങ്ങാതീ
നിന്നരികത്തു ഞാനുണ്ടല്ലോ

കുടപോലെ നിൻ മീതെ നിന്നോളാം ഞാൻ
മഴയൊക്കെ നിന്നു തടുത്തോളാം’

കുടയായി നിന്നു മഴപ്പെയ്ത്തിൽ
കരിയില രക്ഷിച്ചു ചങ്ങാതിയെ
അപ്പോളതു വഴി കാറ്റുവന്നു
കരിയില ഞെട്ടി വിറച്ചല്ലോ

‘പേടിക്ക വേണ്ടെന്റെ ചങ്ങാതീ, യെന്റെ
പ്രാണനെ രക്ഷിച്ച കൂട്ടാളേ
എന്റെയടിയിൽ കിടന്നാലും നീ’
മണ്ണാങ്കട്ടയുഷാറായി

കരിയില മീതെ മൺകട്ട കിടന്നു
ആഞ്ഞു വീശിക്കൊണ്ട് കാറ്റും പോയ്
കരിയിലക്കൊന്നുമേ പറ്റിയതില്ല
ചങ്ങാതിമാർക്കെന്തു സന്തോഷം

പിന്നേം മഴ വന്നു, കാറ്റു വീശി
തമ്മിലൊന്നായവർ രക്ഷിച്ചു
കൂട്ടുകാരെക്കാളും വലിയതായി
രക്ഷകർ ലോകത്തിൽ വേറെയുണ്ടോ?

ഈ കാഴ്ച കണ്ടിട്ടസൂയ മൂത്ത്
പച്ചിലക്കൂട്ടം പിറുപിറുത്തു
‘മണ്ണാങ്കട്ടക്ക് കൂട്ടിരിക്കാൻ
നാണമാവുന്നില്ലേ കരിയിലക്ക്?’

ഈ സ്നേഹജീവിതം കണ്ടു കണ്ട്
കണ്ണുകടി മൂത്തു പാറകൾക്ക്
‘ഇപ്പാഴിലക്കിനി കാവൽ നിൽക്കാൻ
നാണമാവുന്നില്ലേ മണ്ണാങ്കട്ടേ’

പലവട്ടമീ വാക്കു കേട്ടവാറെ
കരിയിലക്കുള്ളിൽ കിരുകിരുത്തു
തൻ ജാതി വിട്ടുകൊണ്ടാരെങ്കിലും
കൂട്ടുകൂടാമോ? സംരക്ഷിക്കാമോ?

പിന്നെയും പിന്നെയും കേട്ടു നിൽക്കെ
മൺകട്ടക്കുള്ളിൽ കുനുഷ്ടു കേറി
ഇവനെന്റെ കുലമല്ല, വംശമല്ല
എന്തിന് ഞാൻ രക്ഷ നൽകീടണം?

അപ്പോഴതാ നല്ല കാറ്റു വീശി
മണ്ണാങ്കട്ട പുറംതിരിഞ്ഞു
ഒപ്പമൊരു ഘോരമാരി പെയ്തു
കരിയില സൂത്രത്തിൽ കണ്ണടച്ചു

കരിയില പാറിപ്പറന്നേ പോയ്
മണ്ണാങ്കട്ടയലിഞ്ഞേ പോയ്
ആരും കാശിക്കു പോയില്ല, കാശികൾ
തങ്ങൾക്കുള്ളിൽത്താനാണല്ലോ





# ലൈക്കൻ

ഡോ. ടി വി സജീവ്

ഒരു പായലും ഒരു കൂണും ഒരുമിച്ച് ജീവിക്കുമ്പോഴാണ് ലൈക്കനുണ്ടാകുന്നത്. ഭക്ഷണമുണ്ടാക്കാനറിയുന്ന പായലും അതറിയാത്ത കൂണും. നിവർന്ന് നിൽക്കാനും ജലം ശേഖരിക്കാനും കഴിയുന്ന കൂണും അതിനാവാത്ത പായലും. ഈ പാരസ്പര്യം ജീവജാലങ്ങൾ തമ്മിലുള്ള സാധാരണ കൊടുക്കൽവാങ്ങലുകളുടെ പരിധി ലംഘിച്ച് ഒരൊറ്റ ശരീരമായി മാറുകയാണ് ചെയ്യുക. പായൽ കോശങ്ങൾക്ക് ചുറ്റും കൂൺ നാരുകൾ നെയ്ത് ഒരൊറ്റ ചെടിയെപ്പോലെയാണ് ലൈക്കൻ കാണപ്പെടുക.

മറ്റു സസ്യങ്ങൾക്ക് ജീവിക്കാൻ അസാധ്യമായ സ്ഥലങ്ങളിൽ ജീവിക്കാൻ ലൈക്കനുകൾക്ക് കഴിയുന്നു എന്നതാണ് ഈ പാരസ്പര്യത്തിന്റെ സവിശേഷത. ഭൂമിയിൽ ഏറ്റവും വടക്കും ഏറ്റവും തെക്കും ജീവന്റെ സാന്നിധ്യമറിയിക്കുന്നത് ലൈക്കനുകളാണ്. ധ്രുവങ്ങളിലെ സാന്നിധ്യത്തോടൊപ്പം മറ്റു സസ്യങ്ങൾ പിൻവാങ്ങുന്ന പർവതശിഖരങ്ങളിലും ജൈവവൈവിധ്യം അതിന്റെ ഏറ്റവും വന്യഭാവമാർജിക്കുന്ന ഭൂമധ്യരേഖാപ്രദേശങ്ങളിലും ലൈക്കനുകൾ ജീവിക്കുന്നുണ്ട്. പ്രകൃതിക്ഷോഭങ്ങൾ- അഗ്നിപർവതം പുറപ്പെടുവിക്കുന്ന ലാവ, മണ്ണിടിച്ചിൽ, ഗ്ലേസിയർ എന്നിങ്ങനെയുള്ള കാരണങ്ങളാൽ സകല ജീവജാലങ്ങളും തുടച്ചുമാറ്റപ്പെട്ട ഭൂപ്രദേശങ്ങളിൽ ആദ്യം ജീവിക്കാനാരംഭിക്കുന്നത് ലൈക്കനുകളാണ്.

രണ്ട് വ്യത്യസ്ത ജീവികളുടെ സങ്കലനമാണ് ലൈക്കൻ എന്നത് നിരീക്ഷിച്ചറിഞ്ഞത് 1890ൽ ബിയാട്രിക്സ് പോട്ടർ ആണ്. പോട്ടർ റാബിറ്റ് എന്ന കഥാപാത്രസൃഷ്ടിയിലൂടെ പ്രശസ്തയായ ബിയാട്രിക്സിന് പക്ഷേ, ലണ്ടനിലെ Linnean Society യിലും ബ്രിട്ടിഷ് മ്യൂസിയത്തിലും തന്റെ കണ്ടെത്തൽ അവതരിപ്പിക്കാനായില്ല. ഈ രണ്ട് സ്ഥാപനങ്ങളിലും വനിതകൾക്ക് അംഗത്വത്തിന് അർഹതയില്ലായിരുന്നു എന്നതായിരുന്നു കാരണം. ഈ നിരാസങ്ങളാണ് ബിയാട്രിക്സിനെ ശാസ്ത്രത്തിൽനിന്ന് ബാലസാഹിത്യത്തിലെത്തിച്ചതും ശാസ്ത്രപുസ്തകങ്ങളിൽ

ആ പേര് ഇല്ലാതാക്കിയതും.

വളരുന്ന പ്രതലത്തിൽനിന്നും വായുവിൽനിന്നും കൂൺനാരുകളാൽ ശേഖരിക്കപ്പെട്ട് ശരീരത്തിലേക്ക് എത്തിച്ചേരുന്ന മൂലകങ്ങൾ പായൽ കോശങ്ങളിലേക്ക് കൈമാറപ്പെടും. സ്വശരീരത്തിലെ ഹരിതകതന്മാത്രകളുപയോഗിച്ച് പായൽ കാർബോഹൈഡ്രേറ്റ് ഉണ്ടാക്കുകയും ചെയ്യും. ഇങ്ങനെ ഭക്ഷണമുത്പാദിപ്പിക്കപ്പെട്ട പായൽ കോശങ്ങളിൽ ചിലത് തകർന്ന് ഭക്ഷണം കൂണിന്റെ കോശങ്ങൾക്കും പ്രാപ്യമായിത്തീരുന്നു. ഇങ്ങനെ സ്വാഭാവികമായി ഭക്ഷണം ലഭ്യമാകുന്ന ദ്രവിച്ച തടിയിലും മണ്ണിലുമല്ലാതെ പാറയിലും സിമന്റിട്ട പ്രതലങ്ങളിലും ജീവിക്കാൻ പായലിൽനിന്നും ഭക്ഷണം കിട്ടുന്നതിനാൽ കൂണിനു കഴിയുന്നു. പായലിനാകട്ടെ അന്തരീക്ഷത്തിൽ നിന്നും കൂൺ ജലം ശേഖരിച്ചു നൽകുന്നതിനാൽ വെള്ളമില്ലാത്ത പ്രതലങ്ങളിലും ജീവിക്കാൻ കഴിയുന്നു.

രണ്ടു ജീവികളുടെ സങ്കലനമായ ലൈക്കൻ എങ്ങനെയാണ് പ്രത്യുത്പാദനം നടത്തുക? ഒന്നിലേറെ മാർഗങ്ങളാണ് ലൈക്കനുകൾ അവലംബിക്കുന്നത്. പ്രായംകൊണ്ടോ മറ്റ് ആകസ്മികതകൾ മൂലമോ വേറിടുന്ന ശരീരഭാഗങ്ങൾ പുതിയ ലൈക്കനായി വളർച്ച തുടരും. ഇങ്ങനെ വേറിടുന്ന ഭാഗങ്ങൾ കാറ്റിലൂടെ പുതുസ്ഥലങ്ങൾ കണ്ടെത്തുകയും ചെയ്യും. മറ്റൊരു രീതി സൊറീഡിയകളിലൂടെയാണ്. ഒന്നോ അതിലധികമോ പായൽകോശങ്ങൾക്ക് ചുറ്റും കുറച്ചു കൂൺനാരുകൾ ചേർത്ത് പൊതിഞ്ഞ, ചെറിയ പൊടിപോലെ തോന്നിപ്പിക്കുന്നവയാണ് സൊറീഡിയ. ഇവ കാറ്റിലൂടെയും വെള്ളത്തിലൂടെയും സഞ്ചരിച്ച് ശരിയായ പ്രതലത്തിലെത്തിയാൽ ലൈക്കനായി വളരുന്നു.

പ്രപഞ്ചത്തിലെ മറ്റു ജീവജാ

**രണ്ടു ജീവികളുടെ സങ്കലനമായ ലൈക്കൻ എങ്ങനെയാണ് പ്രത്യുത്പാദനം നടത്തുക? ഒന്നിലേറെ മാർഗങ്ങളാണ് ലൈക്കനുകൾ അവലംബിക്കുന്നത്. പ്രായംകൊണ്ടോ മറ്റ് ആകസ്മികതകൾ മൂലമോ വേറിടുന്ന ശരീരഭാഗങ്ങൾ പുതിയ ലൈക്കനായി വളർച്ച തുടരും. ഇങ്ങനെ വേറിടുന്ന ഭാഗങ്ങൾ കാറ്റിലൂടെ പുതുസ്ഥലങ്ങൾ കണ്ടെത്തുകയും ചെയ്യും.**








ലങ്ങളടക്കം ഏതൊന്നിനോടും മനുഷ്യന്റെ ഒരു പ്രധാന ചോദ്യം നമുക്കെന്ത് കിട്ടും എന്നതാണ്. ഭക്ഷ്യശൃംഖലയിലെ ഒരു പ്രധാന കണ്ണിയാകുന്നതിനോടൊപ്പം തന്നെ മനുഷ്യർ നേരിട്ടാഹരിക്കുന്ന ലൈക്കനുകളുണ്ട്. കൃത്രിമ നിറക്കൂട്ടുകൾ ഉണ്ടാകുംമുമ്പ് ലൈക്കനുകളിലെ ഓർക്കിൻ എന്ന നീലനിറ പദാർഥം തുണികൾക്ക് നിറം ചേർക്കാൻ ഉപയോഗിച്ചിരുന്നു. അമ്ള-ക്ഷാരമാപിനിയായി വിപുലമായി ഉപയോഗിക്കുന്ന Litmus തരുന്നത് Rocella montagnei എന്ന ലൈക്കനാണ്. പാറയോട് ഒട്ടിപ്പിടിച്ച് ജീവിക്കുന്ന ലൈക്കനുകൾ തങ്ങളുടെ ശരീരസ്രവങ്ങളിലൂടെ പാറയെ പൊടിച്ച് മണ്ണാക്കി മാറ്റുകയും അതുവഴി അവിടെ മറ്റുസസ്യങ്ങൾക്ക് വന്നുചേരാൻ ഇടമൊരുക്കുകയും ചെയ്യും.

മഴ നനയുമ്പോൾ ലൈക്കനുകളിലേക്ക് ജലം മാത്രമല്ല, അതിലലിഞ്ഞിരിക്കുന്ന മൂലകങ്ങളും കയറിച്ചെല്ലും. സാധാരണയായി ഇലകളിൽ കാണുന്ന മെഴുകിന്റെ ആവരണം ലൈക്കനിൽ ഇല്ലാത്തതിനാൽ വേണ്ടതും വേണ്ടാത്തതുമായ എല്ലാ മൂലകങ്ങളും ശരീരത്തിലേക്ക് കടന്നുകയറും. മലിനീകരിക്കപ്പെട്ട അന്തരീക്ഷത്തിൽ ലൈക്കന് വളരാനാവാത്തതും തദ്വാരാ ആവാസവ്യവസ്ഥയുടെ ആരോഗ്യത്തിന്റെ ജൈവമാപിനികളാകുന്നതും ഇതുകൊണ്ടാണ്.

അന്തരീക്ഷത്തിലെ സൾഫർ ഡയോക്സൈഡ് ($SO_2$) ആണ് ലൈക്കനെ ഏറ്റവുമധികം ബാധിക്കുക. വ്യാവസായിക മാലിന്യമായ $SO_2$ മഴവെള്ളത്തിൽ ലയിച്ച് ലൈക്കനിലെത്തുമ്പോൾ അത് ഹരിതക തന്മാത്രകളെ വിഘടിപ്പിക്കുകയും അതുവഴി ലൈക്കന്റെ മരണകാരിയാവുകയും ചെയ്യുന്നു.

ലൈക്കനെന്ന ജൈവമാപിനിയുടെ സാധ്യത അത് ഒരു പ്രദേശത്തെ അന്തരീക്ഷമലിനീകരണത്തിന്റെ ചരിത്രം തന്റെ ശരീരത്തിൽ സൂക്ഷിക്കുന്നു എന്നുള്ളതാണ്. മനുഷ്യനിർമിതമാപിനികൾ ഉപയോഗിച്ച് ഇന്നത്തെ ചിത്രം മാത്രമെടുക്കാൻ കഴിയുമ്പോൾ ലൈക്കനുകളുടെ വിന്യാസം ഒരു ഭൂപ്രദേശത്തിന്റെ വലിയൊരു കാലയളവിലുള്ള മലിനീകരണചരിത്രമാണ് കെട്ടഴിക്കുക. നഗരങ്ങളിൽനിന്നും വ്യാവസായിക പ്രദേശങ്ങളിൽനിന്നും ലൈക്കനുകൾ പിൻവാങ്ങുകയും അവിടങ്ങൾ ലൈക്കൻ മരുഭൂമികളായി മാറുകയും ചെയ്യുന്നു.

ഇന്നിപ്പോൾ ഒരു പ്രദേശത്തെ വായുമലിനീകരണത്തിന്റെ തോത് കുറയുകയാണോ കൂടുകയാണോ എന്നറിയാനുള്ള എളുപ്പവഴി ലൈക്കനുകളെ ശേഖരിച്ച് അവിടെ കൊണ്ടുവന്ന് നിരീക്ഷിക്കുകയാണ്. ലൈക്കനുകൾ ജീവിക്കുന്നെങ്കിൽ മലിനീകരണം നിയന്ത്രിതമെന്നോ കുറയുന്നെന്നോ കരുതാം.

യൂറോപ്യൻ രാജ്യങ്ങളിൽ പലരും തങ്ങളുടെ ഭൂപ്രദേശത്തെ ഒന്നുമുതൽ പത്തുവരെയുള്ള ലൈക്കൻ സോണുകളാക്കി തിരിച്ചിട്ടുണ്ട്. ലൈക്കൻ വാഴാത്ത ഒന്നാം സോൺ തുടങ്ങി അവ ധാരാളമായി വളരുന്ന പത്താം സോൺ വരെയുള്ള ഈ തരംതിരിക്കലിനടിസ്ഥാനപ്പെടുത്തിയാണ് മലിനീകരണനിയന്ത്രണമാർഗങ്ങൾ നടപ്പിലാക്കുന്നതും, സമ്പത്ത് അനുവദിക്കുമെങ്കിൽ വാർധക്യകാല ജീവിതത്തിന് ഇടം തെരഞ്ഞെടുക്കുന്നതും.

പ്രകൃതിയൊരുക്കുന്ന ഏറ്റവും തീക്ഷ്ണമായ പരിസ്ഥിതിയിലും ജീവിക്കാൻ കഴിയുന്ന ലൈക്കനുകൾ, പക്ഷേ, രാസപദാർഥങ്ങൾ നിറഞ്ഞ അന്തരീക്ഷത്തിൽ തോൽക്കുകയാണ്. കേരളത്തിലെ ലൈക്കൻ മരുഭൂമിയുടെ വ്യാപ്തി ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല. അതിന്റെ തുടക്കം ഒരുപക്ഷേ വായന നിർത്തി, പുറത്തിറങ്ങി വളരെ നാളുകളായി നിലനിൽക്കുന്ന മരങ്ങളിലോ പാറകളിലോ ചുമരുകളിലോ ലൈക്കനുണ്ടോ എന്ന് നോക്കുകയാവും. മരുഭൂമികളുണ്ടാകുന്നതിന്റെ ആദ്യ ദൃഷ്ടാന്തം ലൈക്കൻ മരുഭൂമികളാണ്.

*(ഇൻസ്റ്റിറ്റ്യൂട്ട് ഉടൻ പ്രസിദ്ധീകരിക്കുന്ന 'ജൈവഘടികാരം' എന്ന പുസ്തകത്തിൽ നിന്നെടുത്തത്.)*

# കുഞ്ഞാറ്റക്കിളി

സുനി എസ് വാര്യർ



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

ആറ്റിൻ കരയിലെ
ആഞ്ഞിലിമരത്തിൽ
കുഞ്ഞാറ്റക്കിളിയൊന്നു
കൂടു വച്ചു...

ആഞ്ഞിലിമരത്തിലെ
കൂട്ടിനുള്ളിൽ
കുഞ്ഞാറ്റക്കിളി രണ്ടു
മുട്ടയിട്ടു...

തൂവെള്ള നിറമുള്ള
മുട്ടകൾ വിരിഞ്ഞിട്ടു
കിളിക്കുഞ്ഞു രണ്ടെണ്ണം
പുറത്തുവന്നു...

ചിറകു വിരിച്ചൊന്നു
പറക്കാനറിയില്ല
കണ്ണുതുറന്നൊന്നു
നോക്കാനറിയില്ല...

പക്ഷേ അമ്മ നൽകുന്ന
തീറ്റകളെല്ലാം
വായ തുറന്നങ്ങു
തിന്നാനറിയാം.

# ആനച്ചേട്ടന്റെ വിധി

**തമ്പാൻ തായിനേരി**

പനയംകാട്ടിലെ രാജാവായിരുന്നു കാലൻ സിംഹം. കാലൻ സിംഹത്തിന് ഒരു മോഹം. തന്റെ ജന്മദിനം കേമമായി ആഘോഷിക്കണം. അങ്ങനെ പനയം കാട്ടിലെ സകലമാന മൃഗങ്ങളെയും ക്ഷണിച്ചുവരുത്തി ആനച്ചേട്ടൻ. മുയലുകൾ, കുരങ്ങന്മാർ, കരടികൾ, കുറുക്കൻ, കാട്ടുപോത്തുകൾ... കാലൻ ആമുഖമായി പറഞ്ഞു: ‘‘പ്രിയപ്പെട്ട പനയംകുന്നുവാസികളേ, നമ്മുടെ ജന്മദിനം കേമമായി ആഘോഷിക്കാൻ നാം തീരുമാനിച്ചുകഴിഞ്ഞു. ആ സംഗതി അറിയിക്കാനാണ് നിങ്ങളെയൊക്കെ വിളിച്ചുവരുത്തിയത്. ഒരു സന്തോഷവാർത്ത കൂടി നിങ്ങളെ അറിയിക്കുകയാണ്. ഇനിമുതൽ പനയം കാട്ടിലെ ഒരു മൃഗത്തെയും നാം കൊന്നുതിന്നില്ല. നമ്മുടെ ശാപ്പാട് ഇനി സമീപത്തുള്ള കാടുകളിലേക്കു മാറ്റും.’’ മൃഗങ്ങൾക്ക് അതൊരു സന്തോഷവാർത്തയായിരുന്നു. അധ്യക്ഷസ്ഥാനത്തേക്കു നിയോഗിച്ച ആനച്ചേട്ടൻ പറഞ്ഞു: ‘‘കാലൻചേട്ടന്റെ ജന്മദിനാഘോഷം പൊടിപൊടിക്കണം. ആഘോഷം ഏതുവിധത്തിൽ വേണമെന്നാണ് കാലൻചേട്ടന്റെ അഭിപ്രായം?’’ കാലൻ വിശദീകരിച്ചു:

‘‘നമ്മുടെ മനസ്സിൽ തോന്നിയത് ഓട്ടമത്സരമാണ്. പുല്ലാനിപ്പുഴയോരത്താണ് മത്സരത്തിന്റെ ആരംഭം. അകലെയുള്ള യമ





വര: സന്തോഷ് വെളിയന്നൂർ

ണ്ടൻമലയുടെ മുകളിൽ ഒരു വലിയ മണി വച്ചിട്ടുണ്ട്. ആദ്യം ഓടിയെത്തി മലമുകളിലെ മണി അടിക്കുന്നതാരോ അവർക്കാണ് സമ്മാനം. എന്താണ് സമ്മാനം എന്നല്ലേ, പനയം കാട്ടിലെ കുറുക്കൻ കുന്നാണ് സമ്മാനം. അന്യർക്കു പിന്നീട് അതിൽ പ്രവേശനമുണ്ടാകുന്നതല്ല.''

കാലന്റെ പ്രഖ്യാപനം എല്ലാവരും അംഗീകരിച്ചു. അങ്ങനെ മത്സരദിവസം ജന്തുവർഗങ്ങളെല്ലാം പുല്ലാനിപ്പുഴയോരത്ത് കൂട്ടത്തോടെ എത്തി. മത്സരം നിയന്ത്രിക്കാനും വിധികർത്താവായും ചുമതലയേറ്റത് ആനച്ചേട്ടനായിരുന്നു. പലരും വെറും കാഴ്ചക്കാരായപ്പോൾ മുണ്ടൻമുയൽ, തരികടക്കുറുക്കൻ, കീരൻകരടി, ചിന്നൻ കുതിര, വാസുക്കുരങ്ങൻ എന്നിവർ മത്സരത്തിനു തയ്യാറായി.

ആനച്ചേട്ടൻ പറഞ്ഞു: ''എല്ലാവരും റെഡിയാണല്ലോ.

**കാലന്റെ പ്രഖ്യാപനം എല്ലാവരും അംഗീകരിച്ചു. അങ്ങനെ മത്സരദിവസം ജന്തുവർഗങ്ങളെല്ലാം പുല്ലാനിപ്പുഴയോരത്തു കൂട്ടത്തോടെ എത്തി മത്സരം നിയന്ത്രിക്കാനും വിധികർത്താവായും ചുമതലയേറ്റത് ആനച്ചേട്ടനായിരുന്നു. പലരും വെറും കാഴ്ചക്കാരായപ്പോൾ മുണ്ടൻമുയൽ തരികടക്കുറുക്കൻ, കീരൻകരടി, ചിന്നൻ കുതിര, വാസുക്കുരങ്ങൻ എന്നിവർ മത്സരത്തിനു തയ്യാറായി.**

മത്സരം ആരംഭിക്കുന്നു. റെഡി, വൺ... ടൂ... ത്രീ... സ്റ്റാർട്ട്.'' എല്ലാവരും ഒപ്പത്തിനൊപ്പം ഓടടാ ഓട്ടം. മുൻപിൽ എത്തിയത് ചിന്നൻ കുതിരയായിരുന്നു. വാശി വിടാതെ തരികടക്കുറുക്കനും പിന്നാലെ. കീരൻ കരടിയും വിടുന്ന മട്ടില്ല.

പെട്ടെന്നു കാലുളിക്കിപ്പോയ മുണ്ടൻമുയൽ പരവശനായി. പാവം കുഴഞ്ഞുവീണു. എന്നിട്ടുണ്ടോവിടുന്നു, ഒറ്റക്കാലിൽ ഒരുവിധം തുള്ളിയും ചാടിയും മുമ്പോട്ടുകുതിച്ചു.

കാഴ്ചകണ്ട ജന്തുവർഗങ്ങൾ മുണ്ടൻമുയലിനെ പരിഹസിച്ചു. ''മുണ്ടൻമുയൽ തോറ്റേ... മുണ്ടൻമുയൽ തോറ്റേ...''

അപ്പോഴേക്കും ചിന്നൻകുതിര യമണ്ടൻ മലയുടെ മുകളിലേക്കു കയറാൻ തുടങ്ങിയിരുന്നു. പരാജയം സമ്മതിച്ച മറ്റുള്ളവരെല്ലാം മത്സരത്തിൽ നിന്നും പിൻവാങ്ങി. ഒടുവിൽ ചിന്നൻകുതിര യമണ്ടൻ മലയുടെ മുകളിലെ മണി എടുത്ത് അടി തുടങ്ങി. എന്നിട്ടും മുണ്ടനുണ്ടോ വിടുന്നു. ഒറ്റക്കാലിൽ തുള്ളിയും കിതച്ചും യമണ്ടൻ മലയുടെ ചുവട്ടിലെത്തി. എന്നിട്ടും വിടുന്ന മട്ടില്ല. മലയുടെ മുകളിലേക്കു കിതച്ചും ഞരങ്ങിയും വലിഞ്ഞുകയറി.

ജന്തുവർഗങ്ങൾ വിളിച്ചു പറഞ്ഞു...

''മുണ്ടാ മുണ്ടാ മത്സരം കഴിഞ്ഞു. കുതിരച്ചേട്ടൻ വിജയിച്ചു.''

അതൊന്നും കേട്ട ഭാവം നടിക്കാതെ യമണ്ടൻ മലയുടെ മുകളിലെത്തിയ മുണ്ടൻ മണി എടുത്തു പട പടാ അടിച്ചു. ജന്തുവർഗങ്ങൾ ആവേശത്തോടെ ആനച്ചേട്ടന്റെ അരികിലേക്ക് ഓടിയെത്തി. ആനച്ചേട്ടൻ പറഞ്ഞു:

''പ്രിയപ്പെട്ട ചങ്ങാതികളേ...

ഓട്ടമത്സരത്തിൽ വിജയിച്ചതു മുണ്ടൻമുയൽ ആണെന്നു നാം പ്രഖ്യാപിക്കുന്നു. ചിന്നൻ കുതിരയ്ക്കു സമ്മാനം കിട്ടുക എന്ന മോഹം മാത്രമേയുള്ളൂ. പക്ഷേ നമ്മുടെ മുണ്ടൻമുയൽ മനസ്സിൽ വിചാരിച്ച ലക്ഷ്യം നിറവേറ്റി എന്നതാണു കാര്യം. നമുക്കെല്ലാം ഇതൊരു പാഠമാകേണ്ടതാണ്. കാലുളുക്കി തളർന്നിട്ടും നമ്മുടെ മുണ്ടൻ ലക്ഷ്യത്തിൽനിന്നും പിന്മാറിയില്ല. ലക്ഷ്യത്തിലേക്കുള്ള കുതിപ്പിൽ പരാജയം അവഗണിക്കുകയാണു വേണ്ടത്. മനസ്സിലായോ... ഭേഷ്... ഭേഷ്...''

കാലൻസിംഹം ആനച്ചേട്ടന്റെ പ്രഖ്യാപനത്തെ സന്തോഷത്തോടെ സ്വാഗതം ചെയ്തു. കാലൻ ഇത്രയും കൂടി കൂട്ടിച്ചേർത്തു. ''കൂട്ടുകാരേ... പരാജയത്തിൽ ആരും തളർന്നു പോകരുത്. വിചാരിച്ചാൽ നമുക്ക് ഏതു ലക്ഷ്യവും കൈവരിക്കാം.''



# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...

കൂട്ടുകാരേ,

ഇത്തവണ ലഭിച്ച പുസ്തകാസ്വാദനവും സൈബർ ജാഗ്രതയെക്കുറിച്ചുള്ള വിവരങ്ങളും തളിരമ്മാവന് ഇഷ്ടമായി.

*ഗോപിക എസ്, പ്ലസ് വൺ വിദ്യാർഥിനി*

ഗോപികയുടെ സൈബർ ജാഗ്രത എന്ന കുറിപ്പ് എല്ലാവർക്കും പ്രയോജനപ്പെടും. സൈബർ ആക്രമണത്തെക്കുറിച്ച് ആഴത്തിലുള്ള പഠനത്തിന് ഈ ലേഖനം സഹായിക്കും. എഴുത്തുകാർ സ്കൂൾ അഡ്രസ്സ് എഴുതുന്നതാണ് നല്ലത്.

*രഹാൻ ഷാജു, ക്ലാസ് 8, സെന്റ് ജോൺസ് എച്ച് എസ് എസ് എസ് മാവേലിക്കര.*

സുകുമാർ അഴീക്കോടിന്റെ 'ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ' എന്ന കൃതിയെ ആസ്പദമാക്കി എഴുതിയ പുസ്തകാസ്വാദനം നന്നായി. ഹൈസ്കൂൾ ക്ലാസ്സിലെ കൂട്ടുകാരെല്ലാം ആ പുസ്തകം വായിക്കണമെന്ന് അമ്മാവന് അഭിപ്രായമുണ്ട്.

സ്കൂൾ തുറന്നുവല്ലോ. എല്ലാവരും കഥ, കവിത, ശാസ്ത്രം, ചരിത്രം – ധാരാളം പുസ്തകങ്ങൾ വായിക്കണം. വായിച്ച പുസ്തകങ്ങളെക്കുറിച്ച് കുറിപ്പെഴുതണം. നല്ല വായനക്കാർ നല്ല എഴുത്തുകാരുമാകും.

നിങ്ങളുടെ പുതിയകാല അനുഭവങ്ങളും എഴുതി അയയ്ക്കൂ. കൂട്ടുകാരുടെ സ്വപ്നങ്ങളും ചിന്തകളും എഴുതാൻ മറക്കരുത്. ചിരിച്ച് കളിച്ച് പഠിച്ച് വളർന്നു വലുതാകാൻ കൂട്ടുകാരേ മുന്നോട്ട്.

തളിരമ്മാവൻ



# സൈബർ ജാഗ്രത

**ഗോപിക എ, ക്ലാസ്: +1,കൊളപ്ര ഹൗസ്,**
**കുരിയന്നൂർ പി ഒ, പത്തനംതിട്ട**

അടുത്തിടെയായി സൈബർ ആക്രമണങ്ങൾ സംബന്ധിച്ച വാർത്തകൾ പത്രമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയാണല്ലോ. കോവിഡ് കാലമായതിനാൽ വീടുകൾക്കുള്ളിലേക്ക് ചുരുങ്ങിയ നാമെല്ലാം സമയം ചിലവഴിക്കുന്നത് മൊബൈൽഫോണിനും ലാപ്ടോപ്പിനുമൊക്കെ മുന്നിലായതുകൊണ്ടുതന്നെ സൈബർ ഇടങ്ങളിലെ അപകടസാധ്യതയെക്കുറിച്ച് നാം ബോധവാന്മാരായിരിക്കേണ്ടത് അനിവാര്യമാണ്.

കണക്കുകൾ പ്രകാരം 2016ൽ ഓരോ 40 സെക്കന്റിലും ഒരു സൈബർ ആക്രമണം എന്ന തോതിൽ ലോകത്ത് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. എന്നാൽ 2021ൽ ഇത് ഓരോ 11 സെക്കന്റിലും ഒരു സൈബർ ആക്രമണം എന്ന തോതിലേക്ക് വളർന്നിരിക്കുന്നു. അതായത് ഒരുദിവസം ഏകദേശം 8000ത്തോളം സൈബർ കുറ്റകൃത്യങ്ങളാണ് ലോകത്ത് റിപ്പോർട്ട്

ചെയ്യപ്പെടുന്നത്. ദിവസത്തിന്റെ നല്ലപാതിയും സൈബർ ലോകത്ത് ചിലവഴിക്കുന്ന നാം ജാഗരൂകരായിരിക്കേണ്ടുന്നതിന്റെ ആവശ്യകതയിലേക്കാണ് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്.



## ഇവയോട് ജാഗ്രത

### 1. ക്രാക്കിങ്

ഏതെങ്കിലും ഒരു ദുരുദ്ദേശത്തോടെ കമ്പ്യൂട്ടറിലോ കമ്പ്യൂട്ടർ ശൃംഖലയിലോ കടന്നുകയറി അതിലെ വിവരങ്ങൾ താറുമാറാക്കുന്ന ദുഷ്പ്രവൃത്തിയാണ് ക്രാക്കിങ്.

### 2. സൈബർ ടെററിസം

രാജ്യസുരക്ഷ, രാജ്യത്തിന്റെ ഏകത, പരമാധികാരം എന്നിവയ്ക്ക് ഭീഷണി ഉയർത്തുന്ന രീതിയിൽ സൈബർ സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനമാണ് സൈബർ ടെററിസം.

### 3. സൈബർ സ്ക്വാട്ടിങ്

ഔദ്യോഗിക വെബ്സൈറ്റെന്നു തെറ്റിദ്ധരിപ്പിച്ച് വ്യാജ വെബ്സൈറ്റുകളും വിലാസങ്ങളും സൃഷ്ടിക്കുന്നതാണ് സൈബർ സ്ക്വാട്ടിങ്.

### 4. ഐ പി സ്പൂഫിംഗ്

ഇന്റർനെറ്റിൽ ഒരു ഉപകരണം, ഉപയോക്താവ് അല്ലെങ്കിൽ ക്ലയിന്റ് എന്നിവയുടെ ആൾമാറാട്ടമാണ് ഐ പി സ്പൂഫിംഗ്.

### 5. പോണോഗ്രാഫി

അശ്ലീലചിത്രങ്ങളും മറ്റും പ്രദർശിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ദുഷ്പ്രവൃത്തിയാണ് പോണോഗ്രാഫി

### 6. ഫിഷിങ്

പാസ്‌വേഡ് വിവരങ്ങൾ, ക്രെഡിറ്റ് കാർഡ് വിവരങ്ങൾ തുടങ്ങിയ വ്യക്തിഗതവിവരങ്ങൾ വ്യാജമാർഗങ്ങളിലൂടെ ചോർത്തിയെടുക്കുന്ന പ്രവർത്തനം.

സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് നാം ഏറ്റവും കൂടുതലായി കേൾക്കുന്ന പദമാണല്ലോ ഹാക്കിങ്. എന്നാൽ ഹാക്കിങ് പലപ്പോഴും നമുക്ക് ഉപകാരപ്രദമായി മാറാറുണ്ട്. എങ്ങനെ?

ഹാക്കിങ് രീതികളെ പ്രധാനമായും മൂന്നായി തിരിക്കാം. വൈറ്റ് ഹാറ്റ് ഹാക്കിങ്, ബ്ലാക്ക് ഹാറ്റ് ഹാക്കിങ്, ഗ്രേ ഹാറ്റ് ഹാക്കിങ് എന്നിവയാണവ.

### വൈറ്റ് ഹാറ്റ് ഹാക്കിങ്

കമ്പ്യൂട്ടർ ശൃംഖലകളിൽ വൈറസുകളും നുഴഞ്ഞുകയറ്റക്കാരും കടന്നുകയറുന്നത് തടയുന്നു.

### ബ്ലാക്ക് ഹാറ്റ് ഹാക്കിങ്

ഒരു കമ്പ്യൂട്ടറിൽനിന്ന് മറ്റൊന്നിലേക്ക് അനുവാദമില്ലാതെ നുഴഞ്ഞുകയറി വിവരങ്ങൾ മോഷ്ടിക്കുന്നു.

### ഗ്രേ ഹാറ്റ് ഹാക്കിങ്

വൈറ്റ് ഹാറ്റ്, ബ്ലാക്ക് ഹാറ്റ് രീതികൾ കൂടിക്കലർന്ന രീതി. നെറ്റ് വർക്കുകളെ സംരക്ഷിക്കാൻ ആക്രമണവും പ്രത്യാക്രമണവും നടത്തുന്നു.

## സൈബർ സുരക്ഷയ്ക്കായ്

വ്യക്തിഗത വിവരങ്ങൾ ആവശ്യപ്പെടുന്ന കോളുകളുടെയും മെസേജുകളുടെയും വിശ്വാസ്യത പരിശോധിക്കുക. ആധികാരിക കേന്ദ്രങ്ങളിൽനിന്നും അല്ലെങ്കിൽ മറുപടി നൽകാതിരിക്കുക.

ഓൺലൈൻ ബാങ്കിങ് നടത്തുമ്പോൾ വെബ്സൈറ്റ് സുരക്ഷിതമാണോ എന്ന് ഉറപ്പുവരുത്തുക.

ഓൺലൈൻ സമ്മാനങ്ങളോ ജോലിയോ ലഭിക്കുന്നതിന് മുൻകൂറായി പണം നൽകാതിരിക്കുക.

സ്പാം എന്ന് രേഖപ്പെടുത്തിയ മെയിലുകൾ അജ്ഞാത ഉറവിടങ്ങളിൽ നിന്നാണെങ്കിൽ ഉടനടി ഡിലീറ്റ് ചെയ്യുക. വെബ് അഡ്രസ് സ്വന്തമായി ടൈപ്പ് ചെയ്ത് സേർച്ച് ചെയ്യുക. (ലിങ്കിൽ ക്ലിക്ക് ചെയ്ത് കയറുന്നത് ഒഴിവാക്കുക)

ക്രെഡിറ്റ്/ ഡെബിറ്റ് കാർഡുകൾ നഷ്ടപ്പെട്ടാൽ ഉടനടി ബാങ്കുകളിൽ വിവരം അറിയിക്കുക.

സൈബർ ആക്രമണങ്ങൾക്ക് ഇരയാക്കപ്പെട്ടാൽ ഉടൻ തന്നെ സൈബർ സെൽ വിഭാഗത്തിന്റെ സഹായം തേടുക.

ഓൺലൈൻ വിദ്യാഭ്യാസം, ഓൺലൈൻ ബാങ്കിങ്, ഓൺലൈൻ ഗെയിമുകൾ, ഓൺലൈൻ ഷോപ്പിങ് തുടങ്ങിയവയെല്ലാം വ്യാപകമാകുന്ന ഇന്നത്തെ സാഹചര്യത്തിൽ നാം സൈബർ ഇടങ്ങളിൽ വളരെയധികം ജാഗ്രത പാലിക്കേണ്ടത് അനിവാര്യമാണ്. ചതിക്കുഴികളിലും ചിലന്തിവലകളിലും വീണുപോകേണ്ട ഇരകളല്ല നാം.

"ഉത്തിഷ്ഠത ജാഗ്രത"

# ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ

**(രഹാൻ ഷാജു ജോൺ, ക്ലാസ്: 8, സെന്റ് ജോൺസ് എച്ച് എസ് എസ്, മറ്റം, മാവേലിക്കര)**




പ്രഭാഷണകലയുടെ കുലപതിയായ സുകുമാർ അഴീക്കോടിനെക്കുറിച്ച് ഏഴാം ക്ലാസിൽ പഠിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. എം എൻ കാരശ്ശേരി മാഷിന്റെ ‘അഴീക്കോട് സംസാരിക്കുന്നു’ എന്ന പാഠഭാഗം എന്നെ വളരെയേറെ സ്വാധീനിച്ചു. അതിനാൽ, മലയാള സാഹിത്യലോകത്ത് സാഹിത്യപഠനങ്ങളിലൂടെയും സാഹിത്യ വിമർശനങ്ങളിലൂടെയും വിരാജിച്ച അദ്ദേഹത്തിന്റെ തൂലികയിൽ നിന്നുതിർന്ന ‘ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ’ എന്ന പ്രബന്ധസമാഹാരമാണ് വായനയ്ക്കായി തെരഞ്ഞെടുത്തത്. രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നങ്ങളെ മുൻനിർത്തി എഴുതപ്പെട്ട ഈ പ്രബന്ധങ്ങൾ സ്വാതന്ത്ര്യം നേടിയ ഇന്ത്യ അനുവർത്തിച്ചുവരുന്ന മാർഗങ്ങളുടെയും ലക്ഷ്യങ്ങളുടെയും അതിനിശിതമായ വിമർശനങ്ങളാണ്. മഹത്തായ ഒരു പൈതൃകത്തിന്റെയും അളവറ്റ ആത്മീയ സമ്പത്തിന്റെയും ഔന്നത്യത്തിൽനിന്ന് ധർമച്യുതിയുടെ കെട്ടുനാറുന്ന ചളിക്കുണ്ടിലേക്ക് പതിച്ചുകഴിഞ്ഞ വർത്തമാനകാല ഭാരതീയ സമൂഹജീവിതത്തിന്റെ സർവവിധ മാലിന്യങ്ങൾക്കുമെതിരെ സിംഹഗർജനം മുഴക്കുകയാണ് പ്രമുഖ സാംസ്കാരിക വിമർശകനും വാഗ്മിയുമായ പ്രൊഫ. സുകുമാർ അഴീക്കോട് ഈ പ്രബന്ധങ്ങളിലൂടെ.

ഈ പ്രബന്ധസമാഹാരത്തിൽ പതിനെട്ട് ലേഖനങ്ങളാണ് ഉള്ളത്. അവസാന ലേഖനമായ ‘ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ’ എന്ന ലേഖനമാണ് ഈ പ്രബന്ധസമാഹാരത്തിന് തലക്കെട്ടായി ഭവിച്ചത്. ഉചിതമായ തെരഞ്ഞെടുപ്പാണെന്ന് വായനയിലൂടെ മനസ്സിലായി. ആദ്യ ലേഖനമായ ‘സ്വാതന്ത്ര്യദിനത്തിൽ’ ഏറ്റവും മികവാർന്ന സ്വാതന്ത്ര്യദിന സന്ദേശമായി തോന്നി. ചാണകത്തിലെ പുഴുക്കളെപ്പോലെ ഇഴഞ്ഞു നശിക്കുന്ന ഒരു പട്ടിണി ജനതയെ നോക്കി അവർക്ക് ഏദൻതോട്ടത്തിൽ എന്ന് പോകാനാകും എന്നു ചോദിക്കുന്ന ഗാന്ധിജിയെ അഴീക്കോട് മാഷ് വരച്ചുകാട്ടിത്തരുന്നു. ‘ഇന്ത്യ മരിച്ചാൽ ആരു ജീവിക്കും’ എന്ന ജവഹർലാൽ നെഹ്റുവിന്റെ ചോദ്യം ഇപ്പോഴും കാതുകളിൽ മുഴങ്ങുകയാണ്. രണ്ടാമത്തെ ലേഖനമായ ‘ഏത് ഇന്ത്യ?’ യിൽ മറ്റൊരു തലത്തിലുള്ള വായനയിലേക്കാണ് മാഷ് നമ്മളെ

കൂട്ടിക്കൊണ്ടുപോകുന്നത്. മതേതരത്വം എന്ന സാർവജനീനമായ സങ്കൽപ്പം ഭാരതീയ സംസ്കാരത്തിന്റെ വിവേകമാണെന്ന് ലേഖകൻ വരച്ചു കാട്ടുമ്പോൾ ഈ ലേഖനം തീരുകയാണ്.

'ഗാന്ധിജിയുടെ ദുഃഖം' എന്ന ലേഖനത്തിൽ കുറച്ചുകൂടി ദാർശനികമായ ഇടപെടലുകളാണ് അദ്ദേഹം നടത്തിയിട്ടുള്ളത്. വരാൻ പോകുന്നതിനെക്കുറിച്ച് മണത്തറിഞ്ഞിട്ടാണ് ഗാന്ധിജി ദുഃഖിതനായതെന്ന് പറയുമ്പോൾ നാമും സമ്മതിച്ചു പോകുകയാണ്. 'എന്തിനയേ സ്വരാജ്യം' എന്ന നാലാമത്തെ ലേഖനത്തിലൂടെ നമ്മൾ ഇതുവരെ പരിചയിച്ചിട്ടില്ലാത്ത മഹാകവി കുമാരനാശാന്റെ കാവ്യങ്ങളുടെ അർഥതലങ്ങൾ സുകുമാർ അഴീക്കോട് മനസ്സിലാക്കിത്തരുന്നു. 'കപടവൈഭവമാർന്ന ലോകം' എന്ന വാക്ക് 1908 ലാണ് മഹാകവി കുമാരനാശാൻ പ്രയോഗിച്ചത്. മലയാള സാഹിത്യപഠനങ്ങൾ എഴുതിയ അഴീക്കോട് മാഷിന്റെ അതേ രചനാശൈലിയാണ് ഇവിടെ തെളിവാകുന്നത്. രാഷ്ട്രീയ നേതൃത്വം ഇവിടത്തെ മനുഷ്യന്റെ ഭൗതിക ക്ലേശങ്ങളെയും മാനസിക വിക്ഷോഭത്തെയും വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല എന്ന അഴീക്കോട് മാഷിന്റെ വാക്കുകൾ വായനക്കാരനും ശരി വയ്ക്കുകയാണ്.

'ഇതൊരു കാലം' എന്ന അഞ്ചാമത്തെ ലേഖനത്തിലൂടെ മാഷ് തന്റെ വിമർശന നാവിന്റെ മൂർച്ച കൂട്ടുകയാണ്.

'നരൻ ക്രമാൽ തന്റെ ശവം ചവിട്ടി–
പ്പോകുന്നൊരിപ്പോക്കുയരത്തിലേക്കോ?'

എന്ന നാലപ്പാട്ട് നാരായണ മേനോന്റെ വരികൾ ഉദ്ധരിച്ചുകൊണ്ട് നമുക്ക് മുന്നറിയിപ്പ് നൽകാനും മാഷ് മടിക്കുന്നില്ല. പരമ മലിനീകൃതമായ ചുറ്റുപാടുകളെ ശുദ്ധീകരിക്കാനുള്ള മാഷിന്റെ ആഹ്വാനം സർവാത്മനാ അംഗീകരിക്കപ്പെടുക തന്നെ ചെയ്യും. 'ഈ നാടിന്റെ മനസ്സ്' എന്ന ആറാമത്തെ ലേഖനത്തിൽ തത്കാലം വിമർശന സ്വരം മാറ്റി വയ്ക്കപ്പെടുകയാണ്. ശൂന്യതയിൽ ഉദ്ഗ്രഥനം ഉണ്ടാക്കാൻ ശ്രമിക്കുന്ന നമ്മുടെ കമ്മറ്റിക്കാരെക്കുറിച്ച് പറയുമ്പോൾ കുറിക്കു കൊള്ളുന്ന നർമം പ്രയോഗിക്കാനും മാഷ് സമർഥൻ തന്നെ എന്ന് സമ്മതിക്കേണ്ടി വരും. ഒരു ചരടിലിണക്കി കോർത്ത പുഷ്പങ്ങളെപ്പോലെ നാം ജീവിച്ച കാലഘട്ടങ്ങളെക്കുറിച്ചുള്ള ഭാവന സമ്മാനിച്ചുകൊണ്ടാണ് ലേഖനം തീരുന്നത്.

'ചെറിയ മനുഷ്യരുടെ രാഷ്ട്രീയം' എന്ന ഏഴാമത്തെ പ്രബന്ധം കാലിക പ്രസക്തമാണ്. ജീവന്റെ ലക്ഷണമാണ് പ്രതികരണ ശക്തി. അതി

**'അഴിമതി എന്ന സ്വർഗസോപാനം' എന്ന എട്ടാമത്തെ ലേഖനത്തിലൂടെ നൈതികമായ വിമർശനങ്ങളിലേക്ക് മാഷ് തിരിച്ചു വരികയാണ്. ഓരോരുത്തരും സ്വാർഥത വെടിഞ്ഞ് പ്രവർത്തിക്കുമ്പോൾ സമൂഹം പുരോഗതിയുടെ പൂർണതയിൽ എത്തുന്നു. അതിനാൽ 'അഴിമതി മതി ' എന്നു നമ്മളെക്കൊണ്ട് പറയിപ്പിക്കുന്നതിൽ മാഷ് വിജയിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും.**

നാൽ കാലത്തെയും വിധിയെയും അന്യരെയും പഴിക്കുന്ന നേരം കൊണ്ട് സ്വയം വല്ലതും പ്രവർത്തിക്കുക എന്ന മാഷിന്റെ ഉപദേശം അവസരോചിതമായി തോന്നി. 'അഴിമതി എന്ന സ്വർഗസോപാനം' എന്ന എട്ടാമത്തെ ലേഖനത്തിലൂടെ നൈതികമായ വിമർശനങ്ങളിലേക്ക് മാഷ് തിരിച്ചുവരികയാണ്. ഓരോരുത്തരും സ്വാർഥത വെടിഞ്ഞ് പ്രവർത്തിക്കുമ്പോൾ സമൂഹം പുരോഗതിയുടെ പൂർണതയിൽ എത്തുന്നു. അതിനാൽ 'അഴിമതി മതി' എന്നു നമ്മളെക്കൊണ്ട് പറയിപ്പിക്കുന്നതിൽ മാഷ് വിജയിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും.

'വർഗീയത വളർന്നതെങ്ങനെ?' എന്ന ഒമ്പതാമത്തെ ലേഖനത്തിലാണ് മാഷിന്റെ രചനാവൈഭവം ശരിക്കും പ്രകടമാകുന്നത്. തികഞ്ഞ കൈയടക്കത്തോടെ അദ്ദേഹം വള്ളത്തോളിനെയും കുമാരനാശാനെയും കൂട്ടുപിടിക്കുകയാണിവിടെ. സമൂഹ ശാസ്ത്രജ്ഞർക്കു പോലും ഇതുവരെയും പൂർണമായി മനസ്സിലാവാത്ത വർഗീയത എന്ന സവിശേഷമായ സ്വത്വത്തെ തന്റെ വാഗ്മിത്വം കൊണ്ടു പറഞ്ഞുതരുമ്പോൾ കൊച്ചുകുട്ടികൾക്കുപോലും മനസ്സിലാകുമെന്നതിൽ തർക്കമില്ല. തുടർന്ന് 'വേദത്തിൽനിന്ന് ഭേദത്തിലേക്ക്' എന്ന പത്താമത്തെ ലേഖനത്തിലേക്ക് പ്രവേശിക്കുമ്പോൾ ഒരു തുടർച്ച അനുഭവപ്പെടുകയാണ്. രാഷ്ട്രീയത്തിന് മതത്തെ ദുരുപയോഗപ്പെടുത്താനാവാത്തിടത്തേ വർഗീയത അണയൂ എന്ന് മാഷ് വ്യക്തമായി പറയുകയാണ്. പ്രബന്ധ സമാഹാരത്തിലെ ലേഖനങ്ങളെ അടുക്കിവയ്ക്കുന്നതിൽ മാഷ് ശ്രദ്ധാലുവാണെന്ന് തൊട്ടടുത്ത ലേഖനം 'രാഷ്ട്രീയത്തിന്റെ വധം' വായിക്കുമ്പോൾ തോന്നും. മഹാത്മാഗാന്ധിയുടെ വചനങ്ങളെ പരമാവധി അവസരോചിതമായി തന്നെ ഈ ലേഖനത്തിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ രാഷ്ട്രതന്ത്രത്തിന്റെ അടിസ്ഥാനമായ മുന്നണി സംവിധാനത്തെപ്പറ്റി എഴുതിയ

ലേഖനമാണ് പന്ത്രണ്ടാമത്തെ പ്രബന്ധമായ 'മുന്നണിയും പിന്നണിയും'. ലോകത്തിലുണ്ടായ ആദ്യത്തെ മുന്നണിയാണ് മണ്ണാങ്കട്ടയും കരിയിലയും ചേർന്നുള്ള കൂട്ടുകെട്ടെന്ന് പ്രതീകാത്മകമായി മാഷ് വർണിക്കുമ്പോൾ മാഷിന്റെ രചനാശൈലിക്കു മുമ്പിൽ നാം മനസ്സാ നമിച്ചു പോകും. 1996ൽ എഴുതി തയ്യാറാക്കിയ ഈ പ്രബന്ധ സമാഹാരം ഇരുപത്തിയഞ്ചു വർഷം പിന്നിടുമ്പോഴും വേറിട്ട രചനാശൈലിയാൽ ഇന്നും വായനക്കാരെ ആകർഷിക്കുന്നു. മാഷിന്റെ പരിസ്ഥിതി സ്നേഹം പ്രകടമാക്കുന്ന ലേഖനമാണ് പതിമൂന്നാമത്തെ പ്രബന്ധമായ 'നാശമടയുന്ന നാടും കാടും'. പ്രഭാഷണകലയുടെ ഈ കുലപതിയുടെ അച്ചടിച്ച പ്രസംഗങ്ങൾ ആരെയും ആകർഷിക്കും. എഴുത്തുകാരും ശാസ്ത്രജ്ഞന്മാരും സാംസ്കാരിക നായകന്മാരും നടത്തുന്ന വനരോദനം എന്ന പ്രയോഗം തീക്ഷ്ണമായ വിമർശനശരം തന്നെയാണ്.

പതിനാലാമത്തെ ലേഖനമായ 'പൊളിക്കേണ്ടത് പൊളിച്ചില്ല' എന്നത് തികഞ്ഞ കൈയടക്കം പാലിച്ചുകൊണ്ട് ശ്രദ്ധിച്ച് എഴുതിയതാണ്. മനുഷ്യമനസ്സുകളുടെ മുറിവുണക്കാൻ മാഷ് വളരെയേറെ പരിശ്രമിക്കുന്നുണ്ട്. 'ഇന്നത്തെ ദുരവസ്ഥ' എന്ന പതിനഞ്ചാമത്തെ ലേഖനത്തിലൂടെ കുമാരനാശാന്റെ ദുരവസ്ഥയെ ഇന്ത്യയെന്ന വലിയ സ്ക്രീനിലേക്ക് അഴീക്കോട് മാഷ് ആവാഹിച്ചെടുക്കുകയാണ്. മനുഷ്യത്വരേഖയ്ക്ക് താഴെ ജീവിക്കലാണ് ഇന്ത്യയുടെ ദുരവസ്ഥ എന്നു പറഞ്ഞുകൊണ്ടാണ് ഈ ലേഖനം സമാപിക്കുന്നത്. അദ്ദേഹത്തിന്റെ ധൈഷണികമായ രചനാപാടവം പ്രതിഫലിക്കുന്ന ലേഖനമാണ് 'ഇന്ത്യ ഇന്നലെയും ഇന്നും'. ലേഖനത്തിന്റെ അവസാനം നമ്മളെ ശുഭപ്രതീക്ഷകളാൽ നിറയ്ക്കുന്നുമുണ്ട്. ഇതിന്റെ തുടർച്ചയായാണ് 'മനസ്സ് വിഷമയമാകുന്നു' എന്ന പതിനേഴാമത്തെ ലേഖനം. ഭൗതികതയുടെയും സ്വാർഥപരതയുടെയും പാരതന്ത്ര്യത്തിൽനിന്ന് വിമോചനം നേടുകയാണ് ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ യഥാർഥമാക്കാൻ ചെയ്യേണ്ട പ്രഥമകാര്യമെന്ന് മാഷ് ഊന്നിപ്പറയുമ്പോൾ സമ്മതിക്കാതെ തരമില്ല. ഗാന്ധിജി സൻമതി വേണമെന്ന് പ്രാർഥിച്ചതുപോലെ നമ്മളെയുംകൊണ്ട് അഴീക്കോട് മാഷ് പ്രാർഥിപ്പിക്കുകയാണ്. സാഹിത്യ വിമർശനത്തിന്റെ മറ്റൊരു തലത്തിലേക്ക് ഈ ലേഖനത്തിലൂടെ മാഷ് നമ്മളെ കൂട്ടിക്കൊണ്ടുപോവുകയാണ്.

**പന്ത്രണ്ടാമത്തെ പ്രബന്ധമായ 'മുന്നണിയും പിന്നണിയും'. ലോകത്തിലുണ്ടായ ആദ്യത്തെ മുന്നണിയാണ് മണ്ണാങ്കട്ടയും കരിയിലയും ചേർന്നുള്ള കൂട്ടുകെട്ടെന്ന് പ്രതീകാത്മകമായി മാഷ് വർണിക്കുമ്പോൾ മാഷിന്റെ രചനാശൈലിക്കു മുമ്പിൽ നാം മനസ്സാ നമിച്ചു പോകും.**

'ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ' എന്ന ഈ പുസ്തകത്തിലെ അവസാന ലേഖനം ഇതുവരെയുള്ള ലേഖനങ്ങളുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. ഗാന്ധിയുഗത്തിൽനിന്ന് വിഭിന്നമായി സ്വാതന്ത്ര്യത്തോടുള്ള സമരമാണിന്ന് എന്ന് മാഷ് പറയുമ്പോൾ എപ്പോഴും എന്തിനോടും സമരം ചെയ്യുന്ന നമ്മെ വരച്ചുകാട്ടുകയാണ്. ആകാശം നഷ്ടപ്പെട്ട ഗരുഡന്റെ പുതിയ ദുഃഖേതിഹാസത്തിന്റെ അവസാനത്തെ പുറമാണോ നാമിപ്പോൾ വായിച്ചുകൊണ്ടിരിക്കുന്നത് എന്ന ചോദ്യം ഇപ്പോഴും കാതുകളിൽ മുഴങ്ങുകയാണ്.

ഈ പ്രബന്ധസമാഹാരം അഴീക്കോട് മാഷിന്റെ വിമർശനാത്മകമായ ബുദ്ധിയുടെ മറ്റൊരു പ്രതിഫലനം തന്നെയാണ്. രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നങ്ങളെ മുൻനിർത്തി എഴുതപ്പെട്ട ഈ ഉപന്യാസങ്ങൾ സ്വാതന്ത്ര്യം നേടിയ ഇന്ത്യ അനുവർത്തിച്ചുവരുന്ന മാർഗങ്ങളുടെയും ലക്ഷ്യങ്ങളുടെയും അതിനിശിതമായ വിമർശനങ്ങളാണ്. പതിനെട്ടു ലേഖനങ്ങളും ഒന്നിനോടൊന്ന് പിണഞ്ഞുകിടക്കുന്നു. അഴീക്കോട് മാഷിന്റെ എടുത്തു പറയത്തക്ക മറ്റൊരു കാര്യം വളരെ ലളിതമായാണ് ഗഹനമായ ചിന്തകളെ അദ്ദേഹം വരച്ചുകാട്ടുന്നതെന്നതാണ്. അതിനായി പല കവികളുടെയും ഗാന്ധിജി, നെഹ്റു തുടങ്ങിയ മഹാത്മാക്കളുടെയും ഉദ്ധരണികൾ അദ്ദേഹം ധാരാളമായി അവലംബിച്ചിട്ടുണ്ട്. ലേഖനങ്ങളുടെ താരതമ്യപഠനം സാധ്യമാണ്. രചനാശൈലി കൊണ്ടും അവതരണം കൊണ്ടും ആസ്വാദകർക്ക് മുഷിവുണ്ടാകാതെ മനസ്സിനുള്ളിൽ സ്വയം വിമർശനത്തിനുള്ള അവസരം ഒരുക്കിക്കൊടുക്കാൻ അഴീക്കോട് മാഷിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം ചേർന്നുകൊണ്ട് വർത്തമാനകാല ഭാരതീയ സമൂഹജീവിതത്തിന്റെ സർവവിധ മാലിന്യങ്ങൾക്കുമെതിരെ നമുക്കും പടപൊരുതാം.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

## മലയാളഭാഷയുടെ യശസ്സ് ഉയർത്തേണ്ടത് ഓരോ മലയാളിയുടെയും കർത്തവ്യം - പെരുമ്പടവം ശ്രീധരൻ



മലയാളഭാഷയുടെ യശസ്സ് ഉയർത്തേണ്ടത് ഓരോ മലയാളിയുടെയും കർത്തവ്യമാണെന്ന് മലയാളത്തിന്റെ പ്രിയ കഥാകാരൻ ശ്രീ. പെരുമ്പടവം ശ്രീധരൻ. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വഞ്ചിയൂർ ഗവ. എച്ച്. എസ്സിൽ സംഘടിപ്പിച്ച കേരളപ്പിറവി ദിനാഘോഷവും പ്രവേശനോത്സവവും ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മലയാളഭാഷയുടെ മാഹാത്മ്യത്തെപ്പറ്റിയും ഭാഷയിലൂടെ വ്യക്തിയുടെ സംസ്കാരം രൂപപ്പെടുന്നതിനെപ്പറ്റിയും അദ്ദേഹം കുട്ടികളോട് സംവദിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ. പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്തു. വഞ്ചിയൂർ ഗവ. എച്ച്. എസ്സിലെ പ്രധാന അധ്യാപിക ശ്രീമതി. ബിന്ദു പത്മകുമാർ, പി ടി എ പ്രസിഡന്റ് ശ്രീ. അശോക് കുമാർ, സ്റ്റാഫ് സെക്രട്ടറി ശ്രീ. സുരേഷ് ബാബു തുടങ്ങിയവർ സംസാരിച്ചു.



## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ശിശുദിനത്തോടനുബന്ധിച്ചു നടത്തിയ ചിത്രരചനാമത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു



ദേവിക എൽ നായർ (ജൂനിയർ വിഭാഗം)



അലീന എ പി (സീനിയർ വിഭാഗം)

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ശിശുദിനത്തോടനുബന്ധിച്ചു നടത്തിയ ചിത്രരചനാമത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ തിരുവനന്തപുരം നിർമലഭവൻ ഹൈസ്കൂളിലെ ആറാംക്ലാസ് വിദ്യാർഥിനി ദേവിക എൽ നായരും സീനിയർ വിഭാഗത്തിൽ കാർമൽ ഗേൾസ് എച്ച് എസ് എസ്സിലെ അലീന എ പിയും ഒന്നാം സ്ഥാനത്തിനർഹരായി. ഭാഗ്യ രാധാകൃഷ്ണൻ (കേംബ്രിഡ്ജ് സ്കൂൾ) ജൂനിയർ വിഭാഗത്തിലും ജഗത്ദേവ് ജി പി സീനിയർ വിഭാഗത്തിലും രണ്ടാംസ്ഥാനം നേടി.

ജൂനിയർ വിഭാഗം മൂന്നാംസ്ഥാനത്തിന് ശിവാനി ആർ നായർ (കാർമൽ സ്കൂൾ, വിട്ടിയം) വിന്നി വിൽസൺ (നിർമലഭവൻ ഹൈസ്കൂൾ) എന്നിവർ അർഹരായി. വെള്ളനാട് വി എച്ച് എസ് എസിലെ അനുഷ് സീനിയർ വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടി. വിജയികൾക്ക് യഥാക്രമം 3000, 2000, 1000 രൂപയുടെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുമാണ് സമ്മാനം.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 December 2021
Regd KL/TV (N)/399/2021-2023 Published on 29-11-2021 Vol:28, Issue:12, ₹20

